
ISSUE: 6 ■ 2024 JANUARY

# കെജിഒയു ബുള്ളറ്റിൻ

കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ മുഖപത്രം

ഉമ്മൻചാണ്ടി പതിപ്പ്

# നിലച്ചത് അശരണരുടെ കണ്ണീരൊപ്പിയ കരങ്ങൾ



**ആധുനിക കേരളത്തിന്റെ വികസന നായകൻ**

**ഉമ്മൻചാണ്ടിക്ക് സമം ഉമ്മൻചാണ്ടി മാത്രം**

കെ. സുധാകരൻ | വി.ഡി. സതീശൻ | രമേശ് ചെന്നിത്തല | എം.എം. ഹസൻ
കെ.സി. ജോസഫ് | ബെന്നി ബെഹനാൻ | രമ്യ ഹരിദാസ് | ഷാഫി പറമ്പിൽ
അഡ്വ. ജി. സുബോധൻ | ആര്യാടൻ ഷൗക്കത്ത്



2024 ഡയറി പ്രകാശനം ബഹു. പ്രതിപക്ഷ നേതാവ് ശ്രീ. വി.ഡി. സതീശൻ



KGOU സംസ്ഥാന സമ്മേളന ഗാനങ്ങളുടെ സിഡി പ്രകാശനം മുൻ എംഎൽഎയും ആലപ്പുഴ ഡിസിസി പ്രസിഡന്റുമായിരുന്ന ശ്രീ. ഷുക്കൂർ നിർവ്വഹിക്കുന്നു.



2024 കലണ്ടർ പ്രകാശനം



മലപ്പുറത്ത് നടന്ന ആര്യാടൻ മുഹമ്മദ് അനുസ്മരണം



കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടേഴ്സ് & ആഡിറ്റേഴ്സ് അസോസിയേഷൻ വജ്രജൂബിലി ആഘോഷത്തിൽ സംസ്ഥാന പ്രസിഡന്റ് കെ.സി. സുബ്രഹ്മണ്യൻ സംസാരിക്കുന്നു.



KGOU സംസ്ഥാന സമ്മേളന വെബ്സൈറ്റ് മുൻ എംഎൽഎ ശ്രീ. ഡി. സുഗതൻ ഉദ്ഘാടനം ചെയ്യുന്നു



2023 മാർച്ച് എട്ടിന് വനിതാ ദിനത്തിൽ തിരുവനന്തപുരത്തു നടന്ന വനിതാ സദസ്



തിരുവനന്തപുരം ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് നടന്ന വനിതാ സമ്മേളനം സംസ്ഥാന വൈ. പ്രസി ബീന പൂവത്തിൽ ഉദ്ഘാടനം ചെയ്തു



38-ാം സംസ്ഥാന സമ്മേളനം സ്വാഗതസംഘ രൂപീകരണയോഗം അഡ്വ. ജി. സുബോധൻ ഉദ്ഘാടനം ചെയ്യുന്നു



2024 ജനുവരി 24-ലെ പണിമുടക്ക്: സെക്രട്ടറിയേറ്റ് മാർച്ച് ഡോ. ശശി തരൂർ എം.പി. ഉദ്ഘാടനം ചെയ്യുന്നു.

KGOU BULLETIN
2024 January - Issue 06

# ആമുഖം



കേരളത്തിന്റെ ആരോഗ്യ, വിദ്യാഭ്യാസ, ടൂറിസം മേഖലകളിൽ ഉൾപ്പെടെ വലിയ മുന്നേറ്റം ഉണ്ടാക്കുന്നതിൽ കേരളത്തിലെ സർക്കാർ ജീവനക്കാർ വഹിച്ച പങ്ക് വളരെ വലുതാണ്. എന്നാൽ ഇത് വിസ്മരിച്ച് ദീർഘവീക്ഷണത്തോടും ഉൾക്കാഴ്ചയോടും പദ്ധതികൾ ആവിഷ്കരിക്കുന്നതിലും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിലും ഉണ്ടായ പിഴവുകളെ മറച്ചുവെക്കുന്നതിന് ഭരണാധികാരികൾ പൊതു സമൂഹത്തിൽ ബോധപൂർവ്വമായ ചിന്തകൾ സൃഷ്ടിച്ചെടുത്തിട്ടുണ്ട്. റവന്യൂ വരുമാനത്തിന്റെ സിംഹഭാഗവും  സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളത്തിനും പെൻഷനും ഉപയോഗിക്കുന്നു എന്നത് ഉത്തരമൊരു ചിന്തയാണ്. കാലാനുസൃതമായി വരുമാന വർദ്ധവിന്  ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ജനപക്ഷ നയങ്ങൾ എന്ന പേരിൽ വരവും ചെലവും നോക്കാതെ സൗജന്യങ്ങൾ പ്രഖ്യാപിക്കുമ്പോൾ സേവനമൊരുക്കുന്ന ഉദ്യോഗസ്ഥർക്ക് നൽകുന്ന വേതനം സംസ്ഥാനത്തിന്റെ വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ ഉയർന്ന ശതമാനം ആകുന്നത്  സ്വാഭാവികമാണ്. വഴിവിട്ടു നൽകുന്ന വമ്പൻ ഇളവുകളിലൂടെ ഖജനാവിലെ പണം ചെലവഴിക്കപ്പെടുന്നത് അംഗീകരിക്കുവാൻ കഴിയുകയില്ല. പിൻവാതിൽ നിയമനം വഴി കയറിക്കൂടിയ രണ്ടര ലക്ഷത്തോളം ജീവനക്കാരുടെ ശമ്പള ഇനത്തിൽ നൽകുന്ന ചെലവ് കൂടി വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ, മത്സര പരീക്ഷകളിലൂടെ തെരഞ്ഞെടുത്തു വരുന്ന സർക്കാർ ജീവനക്കാരുടെ ശമ്പള ചെലവിനോടൊപ്പം ചേർത്ത് അവതരിപ്പിക്കുന്നതിലൂടെ സർക്കാർ ജീവനക്കാർ ഖജനാവിന്റെ മൃഗീയഭാഗവും കൈക്കലാക്കുന്നവർ എന്ന പൊതു ധാരണ സൃഷ്ടിക്കുവാൻ ഭരണവർഗ്ഗം ശ്രമിക്കുന്നു. യഥാർത്ഥത്തിൽ സംസ്ഥാന റവന്യൂ വരുമാനത്തിന്റെ 50 ശതമാനത്തിൽ താഴെ തുക മാത്രമാണ് ശമ്പളയിനത്തിലും പെൻഷനുമായി നൽകുന്നത്. സർക്കാർ എടുത്ത പൊതുക്കടത്തിന്റെ തിരിച്ചടവിനാണ് റവന്യൂ വരുമാനത്തിന്റെ 20 ശതമാനത്തോളം തുക ചിലവഴിക്കുന്നത്. ഇത് മറച്ചുവെക്കുന്നതിന് വേണ്ടിയാണ് ജീവനക്കാരെ പ്രതിസ്ഥാനത്ത് നിർത്തി ഭരണാധികാരികൾ രക്ഷപ്പെടുന്നത്.

ശ്രീ ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായ യുഡിഎഫ് മന്ത്രിസഭയുടെ കാലത്ത് നടപ്പിലാക്കിയ പത്താം ശമ്പള പരിഷ്കരണത്തിലൂടെ ലഭിച്ച എണ്ണമറ്റ ആനുകൂല്യങ്ങൾ ഒന്നൊന്നായി നഷ്ടപ്പെടുന്ന അവസ്ഥയിലാണ് ജീവനക്കാർ. സാധാരണ ജീവനക്കാർക്ക് ആഗ്രഹമായിരുന്ന ഭവന നിർമ്മാണ സഹായ പദ്ധതി( എച്ച് ബി എ ), പൂർണ്ണമായും ഇല്ലാതാക്കിയ അവസ്ഥയിലാണ്. ഈ പദ്ധതിയുടെ നടത്തിപ്പ് ബാങ്കുകളെ ഏൽപ്പിച്ചതോടെ പൂർണമായും ജീവനക്കാർക്ക് ലഭിച്ചിരുന്ന ആശ്വാസ പദ്ധതിയാണ് ഇല്ലാതായത്. അതോടൊപ്പം സാധാരണ ജീവനക്കാരുടെ മക്കളുടെ വിദ്യാഭ്യാസം വിവാഹം ആവശ്യങ്ങൾക്കും വീട് അറ്റകുറ്റപ്പണികൾക്കും ചെലവേറിയ ചികിത്സ ഉൾപ്പെടെയുള്ളവക്കും, മറ്റ് അത്യാവശ്യ ചെലവുകൾക്കും ഒരു പരിധിവരെ സഹായമായിരുന്ന ലീവ് സറണ്ടർ കഴിഞ്ഞ നാലുവർഷമായി കേരളത്തിലെ ജീവനക്കാർക്ക് നിഷേധിച്ചിരിക്കുകയാണ്.

വില സൂചികക്ക് അനുസൃതമായി ഉയർന്ന വിലവർധനവ് മറികടക്കാൻ ജീവനക്കാർക്ക് ആറുമാസം കൂടുമ്പോൾ ലഭ്യമാക്കേണ്ട ക്ഷാമബത്ത കേരളത്തിലെ ജീവനക്കാർക്ക് ലഭിച്ചിട്ട് മൂന്നു വർഷമാകുന്നു. ഉയർന്ന ശമ്പളവും മറ്റ് അലവൻസുകളും വാങ്ങുന്ന കേന്ദ്ര സർവീസിൽ ഉള്ള സിവിൽ സർവീസ് ഉദ്യോഗസ്ഥർക്കും ജുഡീഷ്യൽ ഓഫീസർമാർക്കും കുടിശ്ശികയില്ലാതെ ക്ഷാമബത്ത നൽകുമ്പോൾ മുണ്ടു മുറുക്കിയുടുത്ത് ജീവിക്കുന്ന സാധാരണ സർക്കാർ ജീവനക്കാർക്ക് നിഷേധിക്കുന്നത് ക്രൂരമായ നടപടിയാണ്. കഴിഞ്ഞ മൂന്നുവർഷക്കാലമായി ശമ്പളത്തിലോ വരുമാനത്തിലോ ഒരു രൂപയുടെ പോലും വർദ്ധനവ് ലഭിക്കാത്ത ഏക വിഭാഗമാണ്  കേരളത്തിലെ സർക്കാർ ജീവനക്കാരും അധ്യാപകരും. സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കാനുള്ള ചാലകശക്തിയായി പ്രവർത്തിക്കുന്ന ജീവനക്കാരന്റെ തസ്തിക മാറ്റങ്ങൾ അനുസരിച്ച് 3500 രൂപ മുതൽ 22000രൂപ വരെയാണ് പ്രതിമാസം നഷ്ടം. പങ്കാളിത്ത പെൻഷൻ പിൻവലിക്കും എന്ന വാഗ്ദാനം നൽകി 2016ൽ അധികാരത്തിൽ എത്തിയ ഇടതുപക്ഷ സർക്കാർ ജീവനക്കാരുടെ നിരന്തര പ്രക്ഷോഭങ്ങൾക്കൊടുവിൽ ഇത് പുനഃ പരിശോധിക്കുവാൻ നിയമിച്ച കമ്മറ്റി റിപ്പോർട്ട് സമർപ്പിച്ചു. രണ്ടുവർഷം കഴിഞ്ഞിട്ടും റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി കൈക്കൊള്ളുകയോ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിട്ടില്ല. എൻ പി എസിൽ ഉള്ള ജീവനക്കാരൻ മരണപ്പെട്ടാൽ ആശ്രിത നിയമനം ലഭിക്കുന്നത് വരെ ജീവനക്കാരൻ അവസാനം വാങ്ങിയ ശമ്പളം ആ കുടുംബത്തിന് നൽകുമെന്ന മുൻ സർക്കാർ തീരുമാനത്തെ അട്ടിമറിച്ചുകൊണ്ട് അത് 30 ശതമാനമാക്കി കുറച്ചു ഉത്തരവിറക്കിയത് തോമസ് ഐസക് ധനകാര്യ മന്ത്രിയായ കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്താണ്. ഫാമിലി പെൻഷൻ, മിനിമം പെൻഷൻ, ഡിസിആർജി എന്നിവ അനുവദിക്കുന്നതിലും പങ്കാളിത്ത പെൻഷൻകാരെ അവഗണിക്കുന്ന സമീപനമാണ് സർക്കാർ കൈകൊള്ളുന്നത്. എൻപിഎസിലെ സർക്കാർ വിഹിതം മറ്റുപല സംസ്ഥാനങ്ങളും 14ശതമാനം ആക്കിയിട്ടും കേരളത്തിൽ ഇപ്പോഴും അത് 10 ആയി തുടരുകയാണ്. കൂടാതെ ഇവർക്ക് ലഭിക്കേണ്ട ഡി എ കുടിശ്ശിക കാരണം ആകെ ലഭിക്കേണ്ട ശമ്പളത്തിൽ കുറവ് വരികയും അത് ഗവൺമെന്റ് വിഹിതം കുറയുന്നതിനും കാരണമാകുന്നു. പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശിക പി.എഫി ലയിപ്പിക്കും എന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും സർക്കാർ ഉത്തരവിലൂടെ അതും അനിശ്ചിതമായി നീട്ടി വെച്ചിരിക്കുകയാണ്. അർഹതപ്പെട്ട ശമ്പള കുടിശ്ശികയും ക്ഷാമബത്ത കുടിശികയും ലഭിക്കാതെ മരണപ്പെട്ടുപോയത് 80,000 ത്തോളം പെൻഷൻകാരാണ്.

ആനുകൂല്യങ്ങൾ കവർന്നെടുക്കുന്ന ഇടതുപക്ഷ സർക്കാരിന്റെ ജനദ്രോഹ നടപടികൾക്കെതിരെ കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ശക്തമായ പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

**കെ.സി. സുബ്രഹ്മണ്യൻ**
സംസ്ഥാന പ്രസിഡന്റ്

# KGOU BULLETIN

2024 January
Issue 6
For Private Circulation Only






**Chief Editor**
K.C. Subrahmanian

**Managing Editor**
V.M. Shine

**Editor**
Dr. Babu Varghese

**Members**
Beena Poovathil
Dr. R. Rajesh
M. Muhammed Salim
Ganga Prasad

**Circulation Manager**
Brijesh C.



**Printed & Published by**
K.C. Subrahmanian
President
Kerala Gazetted Officers' Union KGOU Bhavan,
Thiruvananthapuram
Email: kgoubulletin@gmail.com

**Layout :**
yasirdezign@gmail.com
**Printed at:**
Speed Offset Printers
Areekode


## Content


**04** **നിലച്ചത് അശരണരുടെ കണ്ണീരൊപ്പിയ കരങ്ങൾ**
കെ. സുധാകരൻ എംപി (കെപിസിസി പ്രസിഡന്റ്)

**07** **ആധുനിക കേരളത്തിന്റെ വികസന നായകൻ**
വി.ഡി. സതീശൻ (പ്രതിപക്ഷ നേതാവ്)

**09** **എനിക്ക് നഷ്ടപ്പെട്ടത് സഹോദരൻ**
രമേശ് ചെന്നിത്തല (മുൻ കെപിസിസി പ്രസിഡന്റ്)

**11** **ഇല്ലാ ഇല്ലാ മരിച്ചിട്ടില്ല; ഉമ്മൻചാണ്ടി മരിച്ചിട്ടില്ല**
എം.എം. ഹസൻ

**13** **ഉമ്മൻചാണ്ടിക്ക് സമം ഉമ്മൻചാണ്ടി മാത്രം**
കെ സി സുബ്രഹ്മണ്യൻ (സംസ്ഥാന പ്രസിഡന്റ്)

**15** **നിറ മിഴികളോടെ**
വി.എം. ഷൈൻ (ജനറൽ സെക്രട്ടറി)

**17** **ഉമ്മൻ ചാണ്ടി പൂത്തുലഞ്ഞ ഒരു നന്മമരം**
കെസി ജോസഫ് (മുൻമന്ത്രി)

**19** **ഉമ്മൻ ചാണ്ടി എന്ന മനുഷ്യൻ**
ബെന്നി ബഹനാൻ എം പി (ചാലക്കുടി)

**21** **ഉമ്മൻ ചാണ്ടി... തലമുറകളെ പ്രചോദിപ്പിച്ച മഹാരഥൻ**
രമ്യ ഹരിദാസ് എം പി

**24** **കേരളം കണ്ട ഏറ്റവും വലിയ മാനവികൻ**
ഷാഫി പറമ്പിൽ എം.എൽ.എ.

**26** **ഉമ്മൻചാണ്ടി കേരള രാഷ്ട്രീയത്തിലെ ഋഷിവര്യൻ**
അഡ്വ. ജി. സുബോധൻ (കെപിസിസി ജന. സെക്രട്ടറി)

**29** **അന്നത്തെ 25 രൂപ**
ആര്യാടൻ ഷൗക്കത്ത് (കെപിസിസി ജന. സെക്രട്ടറി)

**32** **അയാത്ത വിളക്കാണ് ഉമ്മൻചാണ്ടി**
ബീന പൂവത്തിൽ

**35** **കൊറിയൻ രാജ്ഞിക്ക് ഇന്ത്യയിൽ തപാൽ സ്റ്റാമ്പ്**
സി. ബ്രിജേഷ് (സംസ്ഥാന വൈസ് പ്രസിഡന്റ്)

**38** **ഉമ്മൻചാണ്ടി കരുതലിന്റെ കാരുണ്യ സ്പർശം**
ഡോ ടി പി അഷറഫ് വൈസ് പ്രിൻസിപ്പൽ മഞ്ചേരി മെഡിക്കൽ കോളേജ്

**42** **എന്റെ വായനയാണ് എന്റെ തിരക്ക്: വി ഡി സതീശൻ**
കേട്ടെഴുത്ത്: യു. ഷൈജു

**50** **പ്രവർത്തന വീഥിയിൽ കരുത്തോടെ**
വി.എം. ഷൈൻ ജനറൽ സെക്രട്ടറി


### കവിത


**34** **ഒരു യാത്രാ മൊഴി**
ഡോ. പി. എസ്. കേദാർ നാഥ്

**41** **ചില്ല്കൂട്ടിലെ അച്ഛൻ**
ഷീല ഷിലേഷ്

**47** **ആത്മപ്രയാണം**
ആനന്ദ് കെ മനോജ്

**31** **കാഴ്ചപ്പാട്**
ഗോപകുമാർ ബി

**49** **ഞാനും ഹോംപോസ്റ്റ് നഗരവും**
ഷിബു വി

KGOU BULLETIN
2024 January - Issue 06

EDITORIAL



# ജനസാഗരത്തിൽ അലിഞ്ഞുചേർന്ന നേതാവ്



കേരളത്തിന്റെ രാഷ്ട്രീയ ഭൂമികയിൽ നിന്നും സമാനതകളില്ലാതെ വിടപറഞ്ഞ നേതാവാണ് ശ്രീ ഉമ്മൻചാണ്ടി. ഒരേസമയം രാഷ്ട്രീയക്കാരനും, മികച്ച ഭരണാധികാരിയും, സർവ്വോപരി മനുഷ്യസ്നേഹിയുമായിരുന്നു അദ്ദേഹം. ജനാധിപത്യത്തിന്റെ അടിത്തറയിൽ നിന്നും സാധാരണക്കാരിൽ സാധാരണക്കാരായ ജനങ്ങളുടെ സ്വപ്നങ്ങൾക്ക് നിറം പകർന്ന കർമ്മയോഗി. പൊതുസമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട, പ്രയാസം അനുഭവിക്കുന്ന അനേകായിരങ്ങൾക്ക് അത്താണിയായിരുന്നു അദ്ദേഹം. എന്നും ജനങ്ങൾക്കൊപ്പം നിലകൊള്ളാനായിരുന്നു അദ്ദേഹം ആഗ്രഹിച്ചിരുന്നത്. എടുത്തുപറയേണ്ട മറ്റൊരു പ്രത്യേകത അദ്ദേഹത്തിന്റെ ഭരണപരമായ തീരുമാനങ്ങളിൽ എല്ലാം ജനാഭിലാഷത്തിന്റെ പ്രതിഫലനം പ്രകടമായിരുന്നു എന്നതാണ്. പ്രതിസന്ധികളെ പുഞ്ചിരിയോടെ നേരിടുന്ന പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. ഏതൊരാൾക്കും എപ്പോഴും പ്രാപ്യനായിരുന്ന നേതാവായിരുന്നു ശ്രീ ഉമ്മൻ ചാണ്ടി. ദേശീയ പ്രസ്ഥാനത്തെ ഈ മണ്ണിൽ ജനകീയമാക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് വളരെ വലുതാണ്.

ജനാധിപത്യ ഭരണക്രമത്തിൽ ജനങ്ങളുടെ സ്ഥാനം പിന്നിലല്ല മുന്നിലാണെന്ന് ലോകത്തിന് കാണിച്ചു കൊടുത്ത നേതാവ്. ഒരു നാടിനു മുഴുവൻ തണലായി വളർന്നുവന്ന വട വൃക്ഷം. വികസന രംഗത്ത് കേരളത്തെ അതിവേഗം ബഹുദൂരം മുൻപോട്ട് നയിച്ച ഭരണാധികാരിയായിരുന്നു ശ്രീ. ഉമ്മൻ ചാണ്ടി. കേരളത്തിന്റെ വികസന രംഗത്ത് ഏറെ ശ്രദ്ധിക്കപ്പെട്ട നാഴികക്കല്ലുകളായ കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, സ്മാർട്ട് സിറ്റി, വല്ലാർപാടം തുറമുഖം തുടങ്ങിയവയെല്ലാം അദ്ദേഹത്തിന് ഭരണ മികവിന്റെ അടയാളപ്പെടുത്തലുകളാണ്. തന്റെ മുമ്പിൽ എത്തുന്ന ഓരോ ഫയലും ഒരോ ജീവിതങ്ങൾ ആണെന്ന് തിരിച്ചറിഞ്ഞ നേതാവും അത് നിരന്തരം തന്റെ സഹപ്രവർത്തകരെ ഓർമിപ്പിച്ച ഭരണാധികാരിയുമായിരുന്നു അദ്ദേഹം.

കേരള ചരിത്രത്തിൽ ഇത്രമാത്രം വേട്ടയാടപ്പെട്ട ഒരു മുഖ്യമന്ത്രി വേറെ ഉണ്ടായിട്ടില്ല. ജനകീയ കോടതിയിൽ ഇത്രമാത്രം ആത്മവിശ്വാസത്തോടെ വിചാരണ നേരിട്ട നേതാവും അപൂർവ്വമാണ്. ആരോപണങ്ങളെല്ലാം കാലം അവജ്ഞയോടെ തള്ളിക്കളഞ്ഞപ്പോൾ ആദരവോടെ അദ്ദേഹത്തെ യാത്രയാക്കിയത് ജനസഹസ്രങ്ങളാണ്. ജനങ്ങളുടെ ഇടയിൽ ജീവിച്ച് ജനങ്ങളിൽ ഒരാളായി മാറിയ ജനകീയ നേതാവ് ആ ജനസാഗരത്തിൽ അലിഞ്ഞു ചേരുകയായിരുന്നു.

പ്രണാമം....

**ഡോ. ബാബു വർഗീസ്**
എഡിറ്റർ

കെ. സുധാകരൻ എംപി
കെപിസിസി പ്രസിഡന്റ്

# നിലച്ചത് അശരണരുടെ കണ്ണീരൊപ്പിയ കരങ്ങൾ



സ്നേഹം കൊണ്ട് ജനഹൃദയങ്ങളിൽ ഇടം നേടിയ പൊതുപ്രവർത്തകനായിരുന്നു ഉമ്മൻചാണ്ടി.

ആൾക്കൂട്ടത്തിൽ അവരിൽ ഒരാളായി അലിഞ്ഞ് ചേർന്ന ജനകീയ നേതാവിനെയാണ് ഉമ്മൻചാണ്ടിയുടെ വേർപാടോടെ നമുക്ക് നഷ്ടമായത്. ജനക്കൂട്ടം കേരളത്തിൽ മറ്റേതെങ്കിലും ഒരു നേതാവിനെ ഇത്തരത്തിൽ പിന്തുടർന്നിട്ടുണ്ടോയെന്ന് തന്നെ സംശയമാണ്.

ജനങ്ങൾക്കും പാർട്ടിക്കും വേണ്ടി ഇത്രയും കഠിനാധ്വാനിയായ ഒരു പൊതുപ്രവർത്തകനെ ഞാൻ കണ്ടിട്ടില്ല എന്നു തന്നെ പറയും. ആളുകൾ തിരമാല പോലെ ഉമ്മൻചാണ്ടിയുടെ അടുത്തുവരുകയും അവരെ അദ്ദേഹം ചേർത്തുപിടിക്കുകയും സാധ്യമായവ അതിവേഗം ചെയ്തു കൊടുക്കുകയും ചെയ്യുന്ന കാഴ്ച കേരളത്തിനു സുപരിചിതമാണ്. ആൾകൂട്ടമില്ലെങ്കിൽ ഉമ്മൻചാണ്ടിയില്ല. ആളുകളെ കൈകാര്യം ചെയ്യുന്ന അദ്ദേഹത്തിന്റെ അത്ഭുത സിദ്ധി പൊതുപ്രവർത്തകരെല്ലാം കണ്ടുപഠിക്കേണ്ടതാണ്. കേരളത്തിന്റെ മുക്കിലും മൂലയിലും ഉമ്മൻചാണ്ടി ആയിരംവട്ടമെങ്കിലും എത്തിയിട്ടുണ്ട്. ആളുകളെ തന്നിലേക്ക് വലിച്ചടുപ്പിക്കാൻ കഴിയുന്ന കാന്തശക്തി അദ്ദേഹം കളങ്കരഹിതമായ പ്രവർത്തന ശൈലിയിലൂടെ സ്വായത്തമാക്കിയതാണ്. എല്ലാവരോടും സമഭാവനയോടെ പെരുമാറാനുള്ള ആർജവം. ആളുകളെ ഓർത്തിരിക്കാനുള്ള അപാരമായ കഴിവ്, മറ്റുള്ളവരുടെ സുഖദുഃഖങ്ങളിൽ അലിഞ്ഞുചേരാനും അവരോട് അനുകമ്പയോടെ പെരുമാറാനുള്ള മനഃസ്ഥിതി തുടങ്ങിയവ ഉമ്മൻചാണ്ടിയെന്ന നേതാവിനെ കൂടുതൽ ജനകീയനാക്കി.

കെ.എസ്.യു. എന്ന വിദ്യാർത്ഥി പ്രസ്ഥാനത്തിന് കേരളാ രാഷ്ട്രീയത്തിൽ മേൽവിലാസം നൽകിയ

**വികസനവും കരുതലും കൈകോർത്ത ഭരണമാണ് ഉമ്മൻചാണ്ടി കാഴ്ചവെച്ചത്.**

ഒരണ സമരത്തിലൂടെ കോൺഗ്രസ് രാഷ്ട്രീയത്തിലേക്ക് നടന്നുകയറിയ കാലം മുതലിന്നു വരെ എല്ലാവർക്കും എപ്പോഴും പ്രാപ്യമായ അകലത്ത് ഉമ്മൻചാണ്ടി ഉണ്ടായിരുന്നു. അധികാര രാഷ്ട്രീയത്തിന്റെ ഭാഗമായിരുന്നപ്പോഴും രാഷ്ട്രീയ പ്രതിസന്ധികൾ നേരിട്ടപ്പോഴും ആശ്രയം ചോദിച്ചെത്തുന്ന സാധാരണക്കാരെ ഉമ്മൻചാണ്ടി നിരാശരാക്കിയില്ല. അവരുടെ ആവലാതികൾക്കും സങ്കടങ്ങൾക്കുമൊപ്പം അദ്ദേഹം നിന്നു. പ്രതിസന്ധികളിൽ തങ്ങളെ നെഞ്ചോട് ചേർത്തുനിർത്തുന്ന ആശ്വാസത്തെ പുതുപ്പള്ളിയിലെ ജനങ്ങൾ മനസ്സോട് ചേർത്തുപിടിച്ചു. ഇതെല്ലാമാണ് എല്ലാ വെല്ലുവിളികളെയും അനായാസം അതിജീവിക്കാൻ എക്കാലത്തും ഉമ്മൻചാണ്ടിക്ക് കരുത്തായത്. എല്ലാ പ്രതിസന്ധികളെയും മറികടക്കാനും അസാധ്യമെന്ന് മറ്റെല്ലാവരും വിധിയെഴുതുന്ന പലതിനെയും സാധ്യമാക്കാനുമുള്ള അനിതരസാധാരണമായ നിശ്ചയദാർഢ്യമാണ്. അദ്ദേഹത്തെ എന്നും മുന്നോട്ടുനയിക്കുന്നത്.

അസാധ്യമെന്ന വാക്ക് ഉമ്മൻചാണ്ടിയുടെ നിഘണ്ടുവിലില്ല. അശരണരുടെ കണ്ണീരൊപ്പാൻ ഏതറ്റം വരെയും പോകാൻ അദ്ദേഹത്തിന് മടിയില്ല. കേരളം കണ്ട മികച്ച ഭരണാധികാരികളുടെ പട്ടികയിൽ എന്നും പ്രമുഖ സ്ഥാനീയനാണ് ഉമ്മൻചാണ്ടി. സെക്രട്ടറിയേറ്റിന്റെ കവാടങ്ങൾ ജനങ്ങൾക്കായി തുറന്നിട്ട ഭരണാധികാരിയാണ്. ഇന്നത്തെപോലെ പഴുതടച്ച സുരക്ഷാ ക്രമീകരണങ്ങൾക്ക് അപവാദമായിരുന്നു ഉമ്മൻചാണ്ടിയുടെ ഭരണകാലത്തെ സെക്രട്ടേറിയറ്റും പരിസരവും. 2004ൽ രണ്ടുവർഷത്തിൽ താഴെയും 2013ൽ 5 വർഷവും മുഖ്യമന്ത്രിയായ ഉമ്മൻചാണ്ടി കേരള ചരിത്രത്തിൽ മായാതെ നിൽക്കാൻ പോകുന്നത് അദ്ദേഹം കൈവരിച്ച ഭരണനേട്ടങ്ങളുടെ പേരിലായിരിക്കും. കേരളത്തിന് വൻകിട പദ്ധതികളെന്നു പറയാൻ ഉണ്ടായിരുന്നത്. ഇടുക്കി ഡാമും നെടുമ്പാശ്ശേരി വിമാനത്താവളവും



**കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, കാരുണ്യ ചികിത്സാ പദ്ധതി, ശ്രുതിതരംഗം ഉൾപ്പെടെ നിരവധി ജനക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലും ഉമ്മൻചാണ്ടിയിലെ ഭരണാധികാരി ഉണർന്നു പ്രവർത്തിച്ചു.**

> ജില്ലാ ആസ്ഥാനങ്ങളിൽ പതിനായിരക്കണക്കിന് പാവപ്പെട്ടവരെയും നിസഹായരേയും സഹായിക്കാൻ പതിനെട്ടു മണിക്കൂറൊക്കെയാണ് നിന്ന നിൽപ്പിൽ ജലപാനം പോലും മാറ്റിവെച്ച് അദ്ദേഹം ചെലവഴിച്ചത്. ലക്ഷക്കണക്കിന് ആളുകളുടെ ആവലാതികളും പ്രശ്നങ്ങളുമാണ് ഉമ്മൻചാണ്ടിയുടെ കയ്യൊപ്പിലൂടെ പരിഹരിക്കപ്പെട്ടത്.



മാത്രമായിരുന്നെങ്കിൽ ഉമ്മൻചാണ്ടി കേരളത്തിന് നൽകിയത്. കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം തുടങ്ങിയ വികസന സ്തംഭങ്ങളാണ്.

വികസനവും കരുതലും കൈകോർത്ത ഭരണമാണ് ഉമ്മൻചാണ്ടി കാഴ്ചവെച്ചത്. ഉമ്മൻചാണ്ടി രണ്ടു തവണ മുഖ്യമന്ത്രിയായപ്പോൾ 4 തവണ നടത്തിയ ജനസമ്പർക്ക പരിപാടി ആഗോളതലത്തിൽ ശ്രദ്ധ പിടിച്ചുപറ്റിയതാണ്. അദ്ദേഹം നടത്തിയ ജനസമ്പർക്ക പരിപാടിയിൽ 11.45 ലക്ഷം പേരെയാണ് മുഖാമുഖം കണ്ടത്. 242.87 കോടി രൂപയുടെ ധനസഹായം നൽകി. ജില്ലാ ആസ്ഥാനങ്ങളിൽ പതിനായിരക്കണക്കിന് പാവപ്പെട്ടവരെയും നിസഹായരേയും സഹായിക്കാൻ പതിനെട്ടു മണിക്കൂറൊക്കെയാണ് നിന്ന നിൽപ്പിൽ ജലപാനം പോലും മാറ്റിവെച്ച് അദ്ദേഹം ചെലവഴിച്ചത്. ലക്ഷക്കണക്കിന് ആളുകളുടെ ആവലാതികളും പ്രശ്നങ്ങളുമാണ് ഉമ്മൻചാണ്ടിയുടെ കയ്യൊപ്പിലൂടെ പരിഹരിക്കപ്പെട്ടത്. അദ്ദേഹം മാത്രമല്ല കോൺഗ്രസും അവരുടെയെല്ലാം ഹൃദയത്തിലേക്കാണ് ഓടിക്കയറിത്.

ജനസമ്പർക്ക പരിപാടിയിലൂടെ അദ്ദേഹം ജനങ്ങൾക്ക് നൽകിയ കരുതലിന് ലഭിച്ച അംഗീകാരം കൂടിയായിരുന്നു ഐക്യരാഷ്ട്ര സഭയുടെ പുരസ്കാരത്തിലൂടെ അദ്ദേഹത്തിന് ലഭിച്ചത്. കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, കാരുണ്യ ചികിത്സാ പദ്ധതി, ശ്രുതിതരംഗം ഉൾപ്പെടെ നിരവധി ജനക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലും ഉമ്മൻചാണ്ടിയിലെ ഭരണാധികാരി ഉണർന്നു പ്രവർത്തിച്ചു. മുന്നണി രാഷ്ട്രീയം പ്രതിസന്ധികളിൽ ആടിയുലയുന്ന സന്ദർഭങ്ങളിൽപോലും സംയമനത്തിന്റെയും സമവായത്തിന്റെയും വഴികൾ ചെന്നെത്തുന്നത് ഉമ്മൻചാണ്ടിയിലാണ്. ആരെയും മുഷിപ്പിക്കാതെ ഐക്യത്തിന്റെ ദിശയിലേക്ക് പ്രശ്നങ്ങളെ വഴിനടത്തുന്നതിൽ ഉമ്മൻചാണ്ടിക്കുള്ള സാമർഥ്യം അദ്ദേഹം മുന്നണിയെ നയിക്കുമ്പോഴും അല്ലാത്തപ്പോഴും നമ്മൾ കണ്ടു.

വലിപ്പച്ചെറുപ്പങ്ങൾക്കുപരിയായി ആരുടെയും അഭിപ്രായങ്ങൾ കേൾക്കാനും ഉൾക്കൊള്ളേണ്ടതൊക്കെ സ്വീകരിക്കാനും ഒരിക്കലും ഉമ്മൻചാണ്ടി മടിച്ചിട്ടില്ല.

കേരളത്തിന്റെ ചരിത്രത്തിൽ എല്ലാ കോൺഗ്രസ് മുഖ്യമന്ത്രിമാരെയും സിപിഎം വേട്ടയാടിയിട്ടുണ്ട്. എന്നാൽ ഉമ്മൻചാണ്ടിയോളം ക്രൂശിക്കപ്പെട്ടവർ വേറെ കാണില്ല. ഇല്ലാത്ത കഥകൾ മെനഞ്ഞെടുത്ത് പാർട്ടിക്കാരെ തെരുവിലിറക്കി. ജനജീവിതം സ്തംഭിപ്പിച്ച് അവർ നടത്തിയ പേക്കൂത്തുകൾക്ക് എത്രയോ തവണ കേരളം സാക്ഷ്യംവഹിച്ചു. ഭരണരംഗത്ത് വലിയ നേട്ടം കൈവരിക്കുകയും യുഎൻ പുരസ്കാരം ലഭിക്കുകയും ചെയ്തതോടെ തുടർഭരണം ഉണ്ടാകുമെന്ന ഭീതിയിൽ ഉമ്മൻചാണ്ടിയെ സിപിഎം കിരാതമായ രീതിയിൽ വേട്ടയാടിയത്. കല്ലെറിഞ്ഞും കായികമായും അദ്ദേഹത്തെ അപകടപ്പെടുത്തി. എന്നാൽ അന്ന് അദ്ദേഹത്തിന് എതിരെ ഉയർത്തിയ ദുഷ്പ്രചരണങ്ങളെല്ലാം കള്ളമാണെന്ന് കാലം തെളിയിച്ചു. ഒരു ശക്തിക്കും ഒരു വ്യാജപ്രചരണങ്ങൾക്കും തകർക്കാൻ കഴിയാത്ത വ്യക്തിത്വമായാണ് അദ്ദേഹം തന്റെ ജീവിതത്തിന്റെ ഇന്നിംഗ്സിന് വിരാമം ഇട്ടത്.

പൊതുപ്രവർത്തന രംഗത്ത് ഓരോ പടവും നടന്ന് കയറുമ്പോഴും സാധാരണക്കാരനോട് ഒപ്പം നിൽക്കാനും അവരെ തിരിച്ചറിയാനുള്ള ഉമ്മൻചാണ്ടിയുടെ കഴിവാണ് അദ്ദേഹത്തെ കൂടുതൽ ജനകീയനാക്കിമാറ്റിയത്. എന്നും അത്ഭുതത്തോടെയാണ് ഞാൻ അദ്ദേഹത്തെ നോക്കിനിന്നിട്ടുള്ളത്. ആ വ്യക്തിപ്രഭാവത്തിന്റെ വിടവ് കോൺഗ്രസിന് നികത്താവുന്നതിന് അപ്പുറമാണ്. ●

വി.ഡി. സതീശൻ
പ്രതിപക്ഷ നേതാവ്



# ആധുനിക കേരളത്തിന്റെ വികസന നായകൻ



ലോകത്തിന്റെ ഏത് കോണിലുള്ള മലയാളിക്കും ആശ്വാസമായിരുന്നു ആ പേര്. സാന്ത്വനവും പ്രതീക്ഷയുമായിരുന്നു. എല്ലാവർക്കും പ്രാപ്യനായിരുന്നു. ഉമ്മൻ ചാണ്ടി പോകാത്ത സ്ഥലവും കാണാത്ത ജനവുമുണ്ടാകില്ല. കണാനെത്തുന്നവർക്ക് ഒരു സങ്കടവും നെഞ്ചിലൊതുക്കി നിരാശയോടെ മടങ്ങേണ്ടിയും വന്നിട്ടില്ല. സ്നേഹ സ്പർശത്തോടെയുള്ള പരിഹാര നിർദ്ദേശങ്ങൾ അപ്പപ്പോഴുണ്ടാകും. വലിപ്പച്ചെറുപ്പമില്ലാതെ ജനങ്ങൾക്കൊപ്പം അവരുടെ ശബ്ദമായി കേരള രാഷ്ട്രീയത്തിൽ നിറഞ്ഞു നിന്നു. നോക്കിലും വാക്കിലും അതിസാധാരണം, രാഷ്ട്രീയ നീക്കങ്ങളിൽ തീർത്തും അസാധാരണം. അതായിരുന്നു ഉമ്മൻ ചാണ്ടിയെന്ന ജനനായകൻ.

കീറൽ വീണ ഖദർ ഷർട്ടിന്റെ ആർഭാടരാഹിത്യമാണ് ഉമ്മൻ ചാണ്ടിയെ വ്യത്യസ്തനാക്കുന്നത്. കയറിപ്പോകാനുള്ള ഏണിപ്പടികളായി ഉമ്മൻ ചാണ്ടി ഒരിക്കലും ജനത്തെ കണ്ടില്ല. അധികാരത്തിന്റെ ഉയരങ്ങളിൽ ഒറ്റയ്ക്കിരിക്കാൻ ആഗ്രഹിച്ചതുമില്ല. അക്ഷരാർത്ഥത്തിൽ ഉമ്മൻ ചാണ്ടി ജനങ്ങൾക്ക് സ്വന്തമായിരുന്നു. ഏത് ആൾക്കൂട്ടത്തിനിടയിലും തന്നെ കാണാനെത്തുന്നവരുടെ നൊമ്പരങ്ങൾ തിരിച്ചറിയാനാകുന്നൊരു സവിശേഷമാപിനിയാണ് ആ മനുഷ്യനെ അസാധാരണനാക്കുന്നത്. ഓരോരുത്തരെയും കേൾക്കാൻ കുടുംബാംഗത്തെ പോലെ അവരിലേക്ക് അലിഞ്ഞു ചേരുന്നതാണ് ഉമ്മൻ ചാണ്ടിയെ ആൾക്കൂട്ടത്തിന്റെ ആരാധനാപാത്രമാക്കുന്നത്.

> **കീറൽ വീണ ഖദർ ഷർട്ടിന്റെ ആർഭാടരാഹിത്യമാണ് ഉമ്മൻ ചാണ്ടിയെ ആൾക്കൂട്ടത്തിന്റെ ആരാധനാപാത്രമാക്കിയത്. കയറിപ്പോകാനുള്ള ഏണിപ്പടികളായി ഉമ്മൻ ചാണ്ടി ഒരിക്കലും ജനത്തെ കണ്ടില്ല.**

> സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം, കാരുണ്യ ചികിത്സാ പദ്ധതി, ശ്രുതിതരംഗം, വയോമിത്രം, ആരോഗ്യകിരണം പദ്ധതികൾ, ഒരു രൂപയ്ക്ക് അരി, ഭൂരഹിതർക്ക് 3 സെന്റ് ഭൂമി, എല്ലാ മണ്ഡലങ്ങളിലും സർക്കാർ കോളജുകൾ, ദിവസം 19 മണിക്കൂർ വരെ നീളുന്ന ജനസമ്പർക്ക പരിപാടി, മികച്ച ഭരണനിർവഹണത്തിനുള്ള ഐക്യരാഷ്ട്ര സഭയുടെ പുരസ്കാരം... ആൾക്കൂട്ടത്തിന്റെ നേതാവ് എന്നതിനപ്പുറം ആധുനിക കേരളത്തിന്റെ വികസന നായകൻ കൂടിയായിരുന്നു ഉമ്മൻ ചാണ്ടി.

വീടിനെ നിയോജകമണ്ഡലമാക്കുകയും നിയോജക മണ്ഡലത്തെ വീടാക്കുകയും ചെയ്ത ജനപ്രതിനിധി. ഉമ്മൻ ചാണ്ടിയിലെ സ്നേഹത്തിന്റെ ആർദ്രത പുതുപ്പള്ളിക്കാർ തിരിച്ചറിഞ്ഞു. പുതുപ്പള്ളിയിൽ തുടങ്ങി തിരുവനന്തപുരത്തെത്തി കേരളം മുഴവൻ ഓടി രാത്രി വൈകിയും പുതിപ്പള്ളിയിലേക്ക് മടങ്ങിയെത്തുന്നതാണ് ഉമ്മൻ ചാണ്ടിയും പുതുപ്പള്ളിയുമായുള്ള ഇഴയടുപ്പം. ആ സ്നേഹ വാത്സല്യത്തിന് ജാതിമത രാഷ്ട്രീയ ഭേദമില്ല. അതിനുള്ള പുതുപ്പള്ളിയുടെ മറുപടിയാണ് 53 വർഷത്തെ നിയമസഭാ ജീവിതം. അങ്ങനെ പുതുപ്പള്ളിയെന്ന സ്ഥലനാമത്തിന് ഉമ്മൻ ചാണ്ടിയെന്നത് പര്യായമാകുന്നു. രാഷ്ട്രീയ കാലാവസ്ഥ എത്ര പ്രതികൂലമെങ്കിലും എതിരാളി എത്ര ശക്തനെങ്കിലും തെരഞ്ഞെടുപ്പ് പ്രചരണ വാഹനത്തിൽ ഉമ്മൻ ചാണ്ടി എത്തിയില്ലെങ്കിലും പുതുപ്പള്ളിക്കാർ മാറ്റി ചിന്തിച്ചതേയില്ല.

സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം, കാരുണ്യ ചികിത്സാ പദ്ധതി, ശ്രുതിതരംഗം, വയോമിത്രം, ആരോഗ്യകിരണം പദ്ധതികൾ, ഒരു രൂപയ്ക്ക് അരി, ഭൂരഹിതർക്ക് 3 സെന്റ് ഭൂമി, എല്ലാ മണ്ഡലങ്ങളിലും സർക്കാർ കോളജുകൾ, ദിവസം 19 മണിക്കൂർ വരെ നീളുന്ന ജനസമ്പർക്ക പരിപാടി, മികച്ച ഭരണനിർവഹണത്തിനുള്ള ഐക്യരാഷ്ട്ര സഭയുടെ പുരസ്കാരം... ആൾക്കൂട്ടത്തിന്റെ നേതാവ് എന്നതിനപ്പുറം ആധുനിക കേരളത്തിന്റെ വികസന നായകൻ കൂടിയായിരുന്നു ഉമ്മൻ ചാണ്ടി.

തെളിഞ്ഞ പ്രായോഗികതയാണ് ഉമ്മൻ ചാണ്ടിയുടെ രാഷ്ട്രീയം. പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളിൽ നിന്നും വലിച്ചെടുത്തതാണത്. ആ കരുത്താണ് തീഷ്ണമായ രാഷ്ട്രീയ പരീക്ഷണങ്ങളിൽ അടിപതറാതെ അഗ്നിശുദ്ധി വരുത്താൻ ഉമ്മൻ ചാണ്ടിയെ പ്രപ്തനാക്കിയതും. എതിരാളികൾ കെണിവച്ചു പിടിക്കാൻ നോക്കിയപ്പോഴൊക്കെ ഉമ്മൻ ചാണ്ടി പുഞ്ചിരിയോടെ നിന്നു. മനസാക്ഷിയുടെ മുന്നിൽ താൻ തെറ്റുകാരനല്ലെന്ന ബോധ്യത്തിൽ ഉമ്മൻ ചാണ്ടി അചഞ്ചലനായി. ഒടുവിൽ ഉമ്മൻ ചാണ്ടി ജയിക്കുമ്പോൾ അത് സത്യത്തിന്റെ ജയമാണ്. വേട്ടയാടിയവർക്ക് ഇനിയെങ്കിലും പ്രായശ്ചിത്തമാകാം.

നിയമസഭാംഗമെന്ന നിലയിൽ വി.ഡി സതീശൻ എന്തെങ്കിലും അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ നേരവകാശി ഉമ്മൻ ചാണ്ടിയാണ്. 2006-11 കാലഘട്ടത്തിൽ പ്രതിപക്ഷ നേതാവായിരിക്കെ എനിക്ക് കൈനിറയെ അവസരങ്ങൾ തന്നു, എന്നിൽ വിശ്വാസമർപ്പിച്ചു. ഉമ്മൻ ചാണ്ടിയെ പോലെ മറ്റൊരാളില്ല. ആ ശൈലി ആർക്കും അനുകരിക്കാനുമാകില്ല.

ജീവിച്ചിരുന്നപ്പോഴുള്ള ഉമ്മൻ ചാണ്ടിയേക്കാൾ ശക്തനാണ് മരണശേഷമുള്ള ഉമ്മൻ ചാണ്ടിയെന്ന് തെളിയിക്കുന്നതായിരുന്നു പുതുപ്പള്ളിയിലെ ഉപ തെരഞ്ഞെടുപ്പ് ഫലം. ഉമ്മൻ ചാണ്ടി എത്രത്തോളം ഹൃദയം തുറന്ന് പുതുപ്പള്ളിയെ സ്നേഹിച്ചിരുന്നുവോ അതിനേക്കാൾ ഇരട്ടിയായാണ് പുതുപ്പള്ളിക്കാർ അവരുടെ കുഞ്ഞൂഞ്ഞിന് ആ സ്നേഹം മടക്കി നൽകുന്നത്. ഉമ്മൻ ചാണ്ടി ജനങ്ങളോടും ഈ നാടിനോടും കാട്ടിയ സ്നേഹവും കരുണയും കരുതലും പൊതുപ്രവർത്തകർക്കാകെ മാതൃകയാണ്.






രമേശ് ചെന്നിത്തല
കെപിസിസി
മുൻ പ്രസിഡന്റ്



# എനിക്ക് നഷ്ടപ്പെട്ടത് സഹോദരൻ

പ്രിയപ്പെട്ട ഉമ്മൻചാണ്ടിയുടെ വിയോഗത്തോടെ എനിക്ക് നഷ്ടപ്പെട്ടത് സ്വന്തം സഹോദരനെയാണ്. ദീർഘകാലത്തെ പൊതുജീവിതത്തിൽ ഞങ്ങൾ ഒന്നിച്ചാണ് പ്രവർത്തിച്ചിരുന്നത്. മാനസികമായി ആഴത്തിലുള്ള അടുപ്പമാണ് ഞങ്ങൾ തമ്മിലുണ്ടായിരുന്നത്. നാല് തവണ കോട്ടയം ലോക്സഭാ മണ്ഡലത്തിൽ നിന്ന് മത്സരിച്ച് മൂന്ന് തവണയും വിജയിച്ചപ്പോൾ അതിന്റെ പിന്നിൽ എനിക്ക് തുണയായത് ഉമ്മൻചാണ്ടി എന്ന കരുത്തനായ നേതാവിന്റെ അളവില്ലാത്ത പിൻബലമായിരുന്നു. ആ കാലത്തെ ബന്ധവും അതിന് മുൻപ് കെ.എസ്.യു കാലം മുതലുള്ള ബന്ധവും ചേരുന്ന ഒന്നാം ഘട്ടം. പിന്നീട് ഞാൻ കെ.പി.സി.സി പ്രസിഡന്റായി കേരളത്തിലെത്തുമ്പോൾ അദ്ദേഹം പാർലമെന്ററി പാർട്ടി ലീഡറാണ്. അവിടുന്ന് തുടങ്ങുന്ന 20 വർഷക്കാലത്തെ ആത്മബന്ധം. ഇതു രണ്ടുംകൂടി ചേർത്തു വയ്ക്കുമ്പോൾ എന്റെ ജീവിതത്തിന്റെ നല്ലൊരു ഭാഗവും അദ്ദേഹവുമായി ബന്ധപ്പെട്ടാണ് പ്രവർത്തിച്ചിരുന്നത്. ഇടയ്ക്ക് അദ്ദേഹത്തോടൊപ്പം മന്ത്രിസഭയിൽ ആഭ്യന്തര മന്ത്രിയായി പ്രവർത്തിച്ച കാലം. ഇതെല്ലം കൂടി ഒത്തിരി ഓർമ്മകൾ എന്റെ മനസിലൂടെ കടന്നുപോവുകയാണ്. മനസിനെ തൊടുന്ന ഓർമ്മകൾ.

ഉമ്മൻചാണ്ടിയെക്കുറിച്ചോർക്കുമ്പോൾ ഒരു കാര്യം നിസംശയം പറയാൻ കഴിയും. കേരളത്തിലെ കോൺഗ്രസിന് ഇത്രമാത്രം സംഭാവനകൾ നൽകിയ മറ്റൊരു നേതാവ് വേറെയുണ്ടാകില്ല. എവിടെ ചെന്നാലും ഉമ്മൻ ചാണ്ടിയുടെ സാന്നിദ്ധ്യമറിയാനാവും. ഏതൊരു മരണ വീട്ടിലും കല്യാണ വീട്ടിലും ഉമ്മൻ ചാണ്ടിയുടെ സാന്നിദ്ധ്യമുണ്ടാകാറുണ്ടായിരുന്നു. ഒരു പക്ഷെ കേരളത്തിൽ ഇത്രയധികം വിവാഹ ചടങ്ങുകളിലും മരണാനന്തര ചടങ്ങുകളിലും സാന്നിദ്ധ്യമറിയിച്ച വേറൊരു നേതാവുണ്ടാകില്ല. എവിടെ ഒരു അപകടമുണ്ടായാലും സന്തോഷമുണ്ടയാലു ഉമ്മൻ ചാണ്ടിയുണ്ടാകും. അത്രയും ജനകീയനായിരുന്നു അദ്ദേഹം. കാസർകോഡ് മുതൽ തിരുവനന്തപുരം വരെ ജനങ്ങൾക്കിയടിലൂടെ ഇത്രമാത്രം യാത്ര ചെയ്ത ഒരു നേതാവ് വേറെയുണ്ടാകില്ല. ആർക്കും ഏതു സമയത്തും അദ്ദേഹത്തിന്റെ വീട്ടിൽ ചെല്ലാം, അദ്ദേഹത്തോട് സംസാരിക്കാം. അതിന് ഒരു രാഷ്ട്രീയനേതാവിന്റെ സഹായവും വേണ്ടിയിരുന്നില്ല. മാത്രമല്ല ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവർക്കും അദ്ദേഹത്തെ കാണാമായിരുന്നു. മുഖ്യമന്ത്രിയായിരിക്കുമ്പോൾ രാഷ്ട്രീയം നോക്കാതെ ന്യായമായ കാര്യങ്ങൾ അദ്ദേഹം എല്ലാവർക്കും

> **ഏതൊരു രാഷ്ട്രീയ പ്രശ്നത്തിനും പ്രതിസന്ധിയ്ക്കും ഉമ്മൻ ചാണ്ടിക്ക് പരിഹാര നിർദേശമുണ്ടായിരുന്നു.**





വേദനാജനകം തന്നെയായിരുന്നു. വിട്ട് പോകരുത് എന്ന് ഞങ്ങൾ എല്ലാവരും ആഗ്രഹിച്ചു. പക്ഷെ അദ്ദേഹം ഒരു ഘട്ടത്തിൽ കോൺഗ്രസ് വിട്ട് പോകുന്ന സാഹചര്യമുണ്ടായി. കുറച്ച് പ്രശ്നങ്ങൾ ഉണ്ടായിരുന്നു. പക്ഷെ ഒരു ഘട്ടം കഴിഞ്ഞപ്പോൾ ലീഡർ തിരിച്ചു വരണം എന്ന് ഞങ്ങൾ തിരിച്ചറിഞ്ഞു.

ലീഡർ കേരളത്തിലെ പാർട്ടിക്ക് നൽകിയ സംഭാവനകളെ ഒരിക്കലും നമുക്കാർക്കും വിസ്മരിക്കാൻ കഴിയില്ല എന്ന് കണ്ട് അദ്ദേഹത്തെ തിരിച്ച് കൊണ്ടുവരാനുള്ള ശ്രമങ്ങൾ ഞങ്ങൾ നടത്തി എന്നുള്ളത് വസ്തുതയാണ്. അവസാന കാലഘട്ടത്തിൽ ലീഡർക്ക് ഉമ്മൻ ചാണ്ടിയുമായി നല്ല ബന്ധം തന്നെയായിരുന്നു ഉണ്ടായിരുന്നത്.

ഉമ്മൻ ചാണ്ടിക്ക് അസുഖമായിരിക്കുമ്പോൾ അദ്ദേഹത്തെ വീട്ടിൽ ചെന്ന് കാണുമ്പോഴൊക്കെ അദ്ദേഹം ജനങ്ങളുടെ കാര്യങ്ങളാണ് പൊതുവായി സംസാരിച്ചിരുന്നത്. പാർട്ടിയുടെ കാര്യങ്ങളും സംസാരിച്ചിരുന്നു. സ്വന്തം അസുഖത്തെ പറ്റിയല്ല അദ്ദേഹം സംസാരിച്ചിരുന്നത്. ഞാൻ അടുത്തകാലത്ത് വീട്ടിൽ ചെല്ലുമ്പോൾ വിദേശത്ത് കുടുങ്ങി കിടക്കുന്ന നാല് മലയാളികളെ തിരികെ കൊണ്ടുവരുന്നതിനെപ്പറ്റിയായിരുന്നു എന്നോട് സംസാരിച്ചത്. ഞാൻ പിന്നീട് അത് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയും അവരെ തിരികെ കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തത് ഞാനോർക്കുന്നു. നെയ്യാറ്റിൻകര നിംസിൽ കിടക്കുമ്പോഴും ഇതുപോലുള്ള കാര്യങ്ങളാണ് അദ്ദേഹം സംസാരിച്ചിരുന്നത്. അല്ലാതെ അദ്ദേഹത്തിന്റെ അസുഖത്തെ പറ്റിയോ വേദനയെപറ്റിയോ ഉള്ള കാര്യങ്ങൾ അല്ലായിരുന്നു.

ചെയ്തു കൊടുത്തിരുന്നു. കേരളത്തിലെ പല നിയമങ്ങളും ജനങ്ങൾക്ക് സേവനം ചെയ്യുന്നതിനു വിഘാതമാണെന്ന് കണ്ടപ്പോൾ നിയമങ്ങൾ മാറ്റി എഴുതാൻ അദ്ദേഹം മടിച്ചില്ല എന്നത് പ്രത്യേകം ഓർക്കേണ്ടതാണ്. ഇങ്ങനെ നൂറോളം നിയമങ്ങളും ചട്ടങ്ങളും മാറ്റാനായി ഭേദഗതി കൊണ്ടു വന്ന ഭരണാധികാരിയായിരുന്നു അദ്ദേഹം. അതൊരു പുസ്തകമായി തന്നെ അദ്ദേഹം പിന്നീട് പ്രസിദ്ധീകരിച്ചു. ഉമ്മൻചാണ്ടി മന്ത്രിസഭയിൽ ഞാൻ കണ്ടത് ജനങ്ങളെ സഹായിക്കാൻ നിയമങ്ങളും ചട്ടങ്ങളും തടസ്സമാകരുത് എന്ന ശൈലിയാണ്. ഇത്തരം ശൈലി ഞാൻ വേറെ കണ്ടിട്ടുള്ളത് അർജ്ജുൻസിംഗിലാണ്.

അതിവേഗം ബഹുദൂരം എന്ന അദ്ദേഹത്തിന്റെ പ്രവർത്തന ശൈലി പോലെയായിരുന്നു ജനങ്ങളുമായിട്ടുള്ള ബന്ധവും. എപ്പോഴും ജനങ്ങളോടൊപ്പം ഇഴുകി ചേർന്നും ജനങ്ങൾക്കൊപ്പം പ്രവർത്തിച്ച അദ്ദേഹത്തിന്റേത് നിർത്താതെയുള്ള ഓട്ടമായിരുന്നു. ബാംഗ്ലൂരിലെ ആശുപത്രിയിൽ മാത്രമാണ് ആ ഓട്ടം നിലച്ചത്. അതിനല്ലാത മറ്റൊന്നിനും അദ്ദേഹത്തെ തടഞ്ഞു നിർത്താനായില്ല. അത്രമാത്രം ജനങ്ങളുടെ താൽപര്യത്തിനു വേണ്ടി നിലകൊണ്ട നേതാവായിരുന്നു അദ്ദേഹം.

ഞങ്ങൾ തമ്മിൽ ദീർഘകാലത്തെ ബന്ധമായിരുന്നതു കൊണ്ടും ഉത്തരവാദിത്തപ്പെട്ട സ്ഥാനങ്ങളിലിരുന്നതും കൊണ്ടും പല കാര്യങ്ങളിലും അഭിപ്രായ വ്യത്യാസമുണ്ടായിരുന്നുവെന്നത് സത്യമാണ്. പക്ഷെ എപ്പോഴും സ്നേഹത്തിന്റെയും പരസ്പര വിശ്വാസത്തിന്റെയും, യോജിപ്പിന്റെയും ബന്ധം ഞങ്ങൾക്കിടയിൽ ഉണ്ടായിരുന്നു. 5 മിനിറ്റ് തമ്മിൽ സംസാരിച്ചാൽ തിരാവുന്ന പ്രശ്നങ്ങളേ ഞങ്ങൾക്കിടയിൽ ഉണ്ടായിരുന്നുള്ളു. അതായിരുന്നു പ്രത്യേകത.

ഏതൊരു രാഷ്ട്രീയ പ്രശ്നത്തിനും പ്രതിസന്ധിയ്ക്കും ഉമ്മൻ ചാണ്ടിക്ക് പരിഹാര നിർദേശമുണ്ടായിരുന്നു. പ്രശ്നപരിഹാരങ്ങൾക്ക് ഫോർമുല ഉണ്ടാക്കുന്ന കാര്യത്തിൽ അദ്ദേഹം അതിവിദഗ്ദനായിരുന്നു. ലീഡറായിരുന്നു ഇത്തരം ശൈലിയുണ്ടായിരുന്ന മറ്റൊരു നേതാവ്. ഞാൻ ലീഡറുടെ മന്ത്രിസഭയിൽ ഉണ്ടായിരുന്നയാളാണ്.

ലീഡർ പാർട്ടിയിലേക്ക് തിരിച്ച് വരണമെന്ന് ഞങ്ങൾ രണ്ട് പേരും ഒരേ പോലെ ആഗ്രഹിച്ചിരുന്നു. അതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് പിന്നീട് നടത്തിയത്. ലീഡർ പാർട്ടിയിൽ നിന്ന് വിട്ട് പോകുന്നത് വളരെ

ഒരു പക്ഷെ വിദേശ രാജ്യങ്ങളിലുള്ള മലയാളികൾ ഏറ്റവും കൂടുതൽ ആശ്രയിച്ചിരുന്ന ഒരു നേതാവ് ഉമ്മൻ ചാണ്ടിയായിരിക്കും. കാരണം അവർക്ക് ആവശ്യം വന്നാൽ നേരെ വിളിച്ചാൽ കിട്ടുന്നൊരു മുഖ്യമന്ത്രിയും ഒരു രാഷ്ട്രീയ നേതാവുമായിരുന്നു അദ്ദേഹം. പലപ്പോഴും ഗൾഫ് രാജ്യങ്ങളിൽ ജയിലിൽ കുരുങ്ങിയവർക്ക് ബ്ളഡ് മണി കൊടുത്ത് സഹായിക്കാൻ അദ്ദേഹം നടത്തിയ ശ്രമങ്ങൾ എനിക്ക് നേരിട്ടറിയാം. നിരവധി ആളുകൾക്ക് വേണ്ടി ബ്ലഡ് മണി കൊടുക്കാൻ പരിശ്രമം നടത്തിയിട്ടുണ്ട്. അതിനായി ഗൾഫിൽ യൂസഫലി അടക്കമുള്ളയാളുകളെ ബന്ധപ്പെട്ട് വലിയ പരിശ്രമങ്ങളാണ് നടത്തിയിരുന്നത്. അതിൽ വിജയം കണ്ടിട്ടേ അദ്ദേഹം പിൻമാറാറുണ്ടായിരുന്നുള്ളൂ. അവസാന നാളുകളിൽ ബാംഗ്ലൂരിൽ ചെന്നപ്പോൾ എന്നോട് എന്തൊക്കെയോ സംസാരിക്കണമെന്ന് അദ്ദേഹത്തിനുണ്ടായിരുന്നെന്ന് തോന്നി. പക്ഷെ സംസാരിക്കാൻ കഴിയാത്ത ഒരു അവസ്ഥയായിരുന്നു. അത് അദ്ദേഹത്തിനും എനിക്കും വലിയ വേദന നൽകി. ആശുപത്രി കിടക്കയിൽ പോലും ജനങ്ങളുടെ കാര്യങ്ങളിൽ ഇത്ര ഉത്കണ്ഠ കാണിക്കുന്ന മറ്റൊരാളിനെ നമ്മുക്ക് കാണാൻ പ്രയാസമാണ്.

ഒരിക്കലും നമ്മുക്ക് മറക്കാൻ കഴിയാത്ത ഒത്തിരി ഒത്തിരി ഓർമ്മകളും ഒത്തിരി ഒത്തിരി സംഭാവനകളും നൽകിയ രാഷ്ട്രീയ നേതാവാണ് ശ്രീ ഉമ്മൻ ചാണ്ടി. കേരളവും മലയാളികളും അദ്ദേഹത്തെ എന്നും നന്ദിയോടെയും സ്നേഹത്തോടെയും ഓർക്കും. അദ്ദേഹം എനിക്ക് പകർന്നു നൽകിയ സ്നേഹം എന്റെ മനസിൽ കുളിർമ്മയായി എന്നും നിലനിൽക്കും.

എം.എം. ഹസൻ
യു.ഡി.എഫ്.
കൺവീനർ



# ഇല്ലാ ഇല്ലാ മരിച്ചിട്ടില്ല; ഉമ്മൻചാണ്ടി മരിച്ചിട്ടില്ല



ഉമ്മൻചാണ്ടിയുടെ വേർപാട് നമ്മുടെയെല്ലാം മനസ്സിൽ ദുഃഖവും വേദനയും മാത്രമല്ല ഒരു അനാഥത്വം സൃഷ്ടിച്ചിരിക്കുന്നു. പുതുപ്പള്ളിയുടെ കുഞ്ഞുകുഞ്ഞു മലയാളികളുടെ മനസ്സിൽ ഒരു ദുഃഖസ്മരണയായി നിൽക്കുകയാണ്. പുതുപ്പള്ളിയിലെ പള്ളിയങ്കണത്തിൽ ഉമ്മൻചാണ്ടി അന്ത്യവിശ്രമംകൊള്ളുന്ന കല്ലറയ്ക്കു മുമ്പിൽ മെഴുകുതിരികളുടെ വെളിച്ചവും പൂക്കളുടെ സുഗന്ധവും മനുഷ്യസ്നേഹികളുടെ തീർത്ഥാടനവുംകൊണ്ട് അതൊരു ജനസേവകന്റെ സ്മൃതിമണ്ഡപമായി മാറിക്കഴിഞ്ഞു. ജീവിച്ചിരുന്ന ഉമ്മൻചാണ്ടി ജനങ്ങളെ സ്നേഹിച്ചതിനെക്കാൾ പതിന്മടങ്ങ് ജീവിക്കുന്ന മനുഷ്യർ ഉമ്മൻചാണ്ടിയെ സ്നേഹിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. അരനൂറ്റാണ്ടിലേറെ എം.എൽ.എ.യായിരുന്നതുകൊണ്ടോ, മന്ത്രിയും, മുഖ്യമന്ത്രിയുമായിരുന്നതുകൊണ്ടോ മാത്രമല്ല സഹജീവികൾക്കുവേണ്ടി ത്യാഗവും സേവനവും അനുഷ്ഠിച്ച നിസ്വാർത്ഥനായ ഒരു ജനനേതാവിന്റെ സ്ഥാനമാണ് ഉമ്മൻചാണ്ടിക്കു ജനമനസ്സുകളിലുള്ളത്.

ആറു പതിറ്റാണ്ടിലേറെക്കാലം കേരളത്തിന്റെ പൊതുജീവിതത്തിൽ നിറഞ്ഞുനിന്ന അദ്ദേഹവുമായി സഹകരിച്ച് പ്രവർത്തിക്കാൻ സൗഭാഗ്യമുണ്ടായ എനിക്ക് ഉമ്മൻചാണ്ടി ഗുരുതുല്യനായ നേതാവും സ്നേഹസമ്പന്നനായ സഹോദരനുമാണ്. കെ.എസ്.യു. എന്ന വിദ്യാർത്ഥി പ്രസ്ഥാനവും അതിന്റെ നായകനായ ഉമ്മൻചാണ്ടിയും ഒരേ കാലഘട്ടത്തിലാണ് കേരളീയ



ജനമനസ്സിൽ സ്ഥാനം നേടുന്നത്. പ്രക്ഷോഭങ്ങളിലൂടെ കമ്യൂണിസ്റ്റ് ദുർഭരണത്തിനെതിരെയുള്ള പോരാട്ടങ്ങളെ വിദ്യാർത്ഥി സമൂഹം ഏറ്റെടുത്തത് ഉമ്മൻചാണ്ടി കെ.എസ്.യു പ്രസിഡന്റായിരുന്ന കാലത്ത് സമരം മാത്രമല്ല സൃഷ്ടിപരമായ പ്രവർത്തനത്തിലൂടെ വിദ്യാർത്ഥി വർഗത്തെ നാടിന്റെ വികസനത്തിന് പ്രയോജനപ്പെടുത്താമെന്നും തെളിയിച്ച പ്രസ്ഥാനം കെഎസ്.യുവും അതിന്റെ നേതാവ് ഉമ്മൻചാണ്ടിയുമായിരുന്നു.

കെ.എസ്.യു. പ്രസിഡന്റ് സ്ഥാനത്തുനിന്ന് യൂത്ത് കോൺഗ്രസ് പ്രസിഡന്റായി തീർന്ന ഉമ്മൻചാണ്ടി കേരള രാഷ്ട്രീയത്തിന്റെ ഗതിമാറ്റം വരുത്തിയ യുവശക്തിയുടെ നേതൃത്വത്തിലെത്തി. വയലാർരവി, എ.കെ. ആന്റണി, ഉമ്മൻചാണ്ടി കേരളത്തിലെ യുവജനപ്രസ്ഥാനത്തിന്റെ നായകന്മാരായിരുന്ന ഈ ത്രിമൂർത്തികളാണ് കേരള രാഷ്ട്രീയത്തിൽ വിപ്ലവം സൃഷ്ടിച്ച യുവജനമുന്നേറ്റത്തിന്റെ നായകന്മാരായി മാറിയത്. ഇതിൽ ഉമ്മൻചാണ്ടി എല്ലാ അർത്ഥത്തിലും വ്യത്യസ്തനായിരുന്നു. ഊണും ഉറക്കവുമില്ലാതെ രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ കേരളമൊട്ടുക്കു ഒരു കൊടുങ്കാറ്റുപോലെ സഞ്ചരിക്കാനും എല്ലാ ജനകീയ പ്രശ്നങ്ങളിലും ഇടപെടാനും ഓരോ വ്യക്തിയുടെയും പ്രയാസങ്ങൾ തന്റെയും പ്രശ്നമായി കണക്കാക്കി പരിഹരിക്കാനുമുള്ള ഉമ്മൻചാണ്ടിയുടെ സേവനതല്പരത അദ്ദേഹത്തെ ജനപ്രിയനായ നേതാവാക്കിതീർത്തു.

60 കൊല്ലം ഉമ്മൻചാണ്ടി ജനങ്ങൾക്കു നൽകിയ സ്നേഹം 600 ഇരട്ടിയായി ജനങ്ങൾ മടക്കി കൊടുത്ത വികാരോജ്ജ്വലമായ കാഴ്ചയാണ് അദ്ദേഹത്തിന്റെ വിലാപയാത്രയിൽ കണ്ടത്. കേരളത്തിന്റെ വികസനത്തിനും പുരോഗതിക്കും വിലപ്പെട്ട സംഭാവനകൾ നൽകിയ ഉമ്മൻചാണ്ടി എന്ന ഭരണാധികാരിയെ കേരളം ഒരിക്കലും മറക്കില്ല.

അശരണരും, ആലംബഹീനരുമായ ജനലക്ഷങ്ങളുടെ കണ്ണീരൊപ്പിയ ഈ ജനനേതാവിനെ കേരളത്തിലെ സാധാരണക്കാർ എന്നുമെന്നും ഓർമ്മിക്കും.

ജനാധിപത്യത്തിൽ ഒരു പുതിയ ജനകീയ ശൈലിയ്ക്കു തുടക്കം കുറിച്ച ഉമ്മൻചാണ്ടിയെന്ന മുഖ്യമന്ത്രിക്ക് കേരളത്തിന്റെ ഭരണചരിത്രത്തിൽ അവിസ്മരണീയമായ സ്ഥാനമുണ്ടാകും. ഗാന്ധിയൻ ജീവിതശൈലിയും, ചിന്തയുമായി കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന ഉമ്മൻചാണ്ടി എല്ലാവർക്കും ഒരു റോൾമോഡലാണ്. ആത്മാർത്ഥതയും കഠിനാദ്ധ്വാനവുംകൊണ്ട് ഏത് രംഗത്തും വിജയിക്കാമെന്നതിന്റെ ഉദാഹരണമാണ് ഉമ്മൻചാണ്ടി പൊതുപ്രവർത്തകർക്കും, രാഷ്ട്രീയനേതാക്കൾക്കും ഭരണാധികാരികൾക്കും ഉമ്മൻചാണ്ടി മാതൃകാപുരുഷനാണ്. രാഷ്ട്രീയ പ്രവർത്തനം ജനസേവനത്തിനാണ്. ധനസമ്പാദനത്തിന് അല്ലെന്ന് പുതിയ തലമുറയ്ക്ക് തന്റെ രാഷ്ട്രീയ ജീവിതത്തിലൂടെ സന്ദേശം നൽകിയ നേതാവാണ് അദ്ദേഹം.

> **ആത്മാർത്ഥതയും കഠിനാദ്ധ്വാനവുംകൊണ്ട് ഏത് രംഗത്തും വിജയിക്കാമെന്നതിന്റെ ഉദാഹരണമാണ് ഉമ്മൻചാണ്ടി പൊതുപ്രവർത്തകർക്കും, രാഷ്ട്രീയനേതാക്കൾക്കും ഭരണാധികാരികൾക്കും ഉമ്മൻചാണ്ടി മാതൃകാപുരുഷനാണ്.**

ഇല്ലാ ഇല്ല മരിച്ചിട്ടില്ല, ഉമ്മൻചാണ്ടി മരിച്ചിട്ടില്ല ജീവിക്കുന്നു ഞങ്ങളിലൂടെ എന്നു യുവാക്കൾ വിളിച്ച മുദ്രാവാക്യം അന്വർത്ഥമാവട്ടെ എന്നു ഞാനാഗ്രഹിക്കുന്നു. നമുക്കെല്ലാം ഉമ്മൻചാണ്ടിയുടെ മാതൃക പിന്തുടരാൻ ശ്രമിക്കാം. പകരം വയ്ക്കാനില്ലാത്ത ആ ജനനേതാവിന്റെ ദീപ്തമായ ഓർമ്മകൾക്കു മുൻപിൽ പ്രണാമം.

കെ സി സുബ്രഹ്മണ്യൻ
സംസ്ഥാന പ്രസിഡന്റ്



# ഉമ്മൻചാണ്ടിക്ക് സമം ഉമ്മൻചാണ്ടി മാത്രം



സ്കൂൾ വിദ്യാഭ്യാസകാലം മുതൽ കെഎസ്‌യു പ്രവർത്തകനായും പത്താം ക്ലാസിൽ ക്ലാസ് ലീഡർ ആയും തിരഞ്ഞെടുക്കപ്പെട്ട ഞാൻ എന്നും ഒരു കോൺഗ്രസ് വിശ്വാസിയായിരുന്നു. എന്റെ കുടുംബ പശ്ചാത്തലവും അതിനൊരു കാരണമായിരിക്കാം. എന്റെ ജേഷ്ഠ സഹോദരൻ കെഎസ്‌യുവിന്റെയും കോൺഗ്രസിന്റെയും നേതാവായിരുന്നു. കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയന്റെ സംസ്ഥാന സെക്രട്ടറിയും ആയിരുന്നു. എന്റെ അച്ഛനും കോൺഗ്രസ് അനുഭാവി ആയിരുന്നു.

ഇങ്ങനെയുള്ള ഒരു കുടുംബ പശ്ചാത്തലത്തിൽ വളർന്നതുകൊണ്ടാവാം ഞാനും ഒരു കോൺഗ്രസുകാരൻ ആയി. എന്റെ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ പ്രീഡിഗ്രിയും, തൃശ്ശൂർ ഗവൺമെന്റ് എൻജിനീയറിങ് കോളേജിൽനിന്ന് സിവിൽ എൻജിനീയറിങ് ബിരുദവും നേടി തൃശ്ശൂരിലെ ഒരു പ്രമുഖ നിർമ്മാണ കമ്പനിയിൽ ജോലി ചെയ്യുന്നതോടൊപ്പം മാതൃഭൂമി സ്റ്റഡി സർക്കിൾ പ്രവർത്തനവും, ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനവും തുടർന്നു പോന്നു.

**1999ൽ അസിസ്റ്റന്റ് എൻജിനീയറായി ജലസേചന വകുപ്പിൽ വയനാട് ജില്ലയിൽ എനിക്ക് നിയമനം കിട്ടി. അന്നുതന്നെ കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയനിൽ അംഗത്വം എടുക്കുകയും സംഘടനാ പ്രവർത്തനം തുടങ്ങുകയും ചെയ്തു.**

1995ൽ ആദ്യമായി രാജ്യത്ത് നടപ്പിലാക്കിയ പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ ബ്ലോക്ക് പഞ്ചായത്ത് അംഗമായി തെരഞ്ഞെ

ടുക്കപ്പെടുവാനുള്ള ഭാഗ്യം ലഭിച്ച ഒരാളായിരുന്നു ഞാൻ. തൃശൂർ ജില്ല യിലെ, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിലെ, കരിയന്നൂർ ഡിവിഷനിൽ നിന്നും ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിക്കുകയും 832 വോട്ടുകൾക്ക് വിജയിക്കുകയും ചെയ്തു. ആ കാലഘട്ടം മുതൽ തുടങ്ങിയ ബന്ധം ശ്രീ ഉമ്മൻചാണ്ടി സാറിന്റെ അവസാന നാളുകൾ വരെതുടർന്നു. 1999 ൽ സർക്കാർ ജോലി ലഭിച്ചതിനാലും, വീട്ടിലെ സാമ്പത്തിക സ്ഥിതി മോശമായതിനാലും, സർക്കാർ ഉദ്യോഗം സ്വീകരിച്ചാൽ ജീവിതം രക്ഷപ്പെടും എന്ന ചിന്ത മനസ്സിൽ ഉടലെടുക്കുകയും ചെയ്തു. ബ്ലോക്ക് മെമ്പർ സ്ഥാനം രാജിവെച്ച് ജോലിക്ക് പോകേണ്ടതിന്റെ ആവശ്യകത ജില്ലാ നേതാക്കളോട് സംസാരിച്ചപ്പോൾ അവർ ഉമ്മൻ ചാണ്ടി സാറിനെ കാണുവാനും സംസാരിക്കുവാനും പറഞ്ഞു.

അതുപ്രകാരം ഒരു ദിവസം രാത്രി കോട്ടയത്ത് താമസിച്ച് പിറ്റേന്ന് രാവിലെ ആറുമണിയോടുകൂടി ഉമ്മൻചാണ്ടി സാറിന്റെ പുതുപ്പള്ളിയിലെ വീട്ടിലെത്തി. ഒരു കൈലിയും ബനിയനും ധരിച്ച് വന്ന സാർ എന്നോട് ഇരിക്കുവാൻ പറയുകയും ചായ തരികയും ചെയ്തു.

എന്നോട് ഓരോ കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി. ഞാൻ വീട്ടിലെ സാമ്പത്തിക പ്രശ്നങ്ങളും എനിക്ക് ഒരു സർക്കാർ ജോലിയുടെ ആവശ്യകതയും സാറിനോട് സംസാരിച്ചു. എല്ലാം സശ്രദ്ധം കേട്ടതിനു ശേഷം, എന്നോട് പറഞ്ഞു:- രാഷ്ട്രീയത്തിൽ ഭാവിയിൽ എന്താകും എന്ന് പറയാൻ ആകില്ല.... ചിലപ്പോൾ വലിയ നിലയിൽ എത്താം.. ചിലപ്പോൾ ഒന്നുമല്ലാതെയും ആകാം.... രാഷ്ട്രീയത്തിൽ തുടരുകയാണെങ്കിൽ എന്നെക്കൊണ്ടാവുന്ന വിധം ഞാൻ സഹായിക്കാം...

അതെല്ലാ ജോലിക്ക് പോകണമെങ്കിൽ പോകാം... സുബ്രഹ്മണ്യൻ വീട്ടിൽ പോയി നന്നായി ആലോചിച്ചു പറഞ്ഞാൽ മതി... ഉമ്മൻചാണ്ടി സാർ എന്നോട് പറഞ്ഞു.

ഞാൻ പുതുപ്പള്ളി വീട്ടിൽ നിന്നും ഇറങ്ങി പോകുമ്പോഴേക്കും പുതുപ്പള്ളി വീട്ടിലെ മുറ്റം നിറയെആളുകൾ നിറഞ്ഞിരുന്നു... ഓരോ ആവശ്യങ്ങളുമായി സാറിനെ കാണുവാൻ വന്നവർ... വളരെ പ്രതീക്ഷകളോടെ കാത്തിരിക്കുന്നു...

ആകെ കൺഫ്യൂഷൻ ആയിട്ടാണ് ഞാൻ തൃശ്ശൂർ വീട്ടിലെത്തിയത്. ഒരു തീരുമാനവും എടുക്കുവാൻ പറ്റാത്ത അവസ്ഥ... എന്നാൽ വീട്ടിലെ അവസ്ഥയോർത്തപ്പോൾ....

രണ്ടാഴ്ചയ്ക്കുശേഷം ഞാൻ ഉമ്മൻചാണ്ടി സാറിന്റെ ഫോണിൽ വിളിക്കുകയും എനിക്ക് ജോലിക്ക് പോകണമെന്നും പറഞ്ഞു. സാർ വളരെ സന്തോഷത്തോടെ എല്ലാ നന്മകളും എനിക്ക് നേർന്ന് ജോലിക്ക് പോകുവാൻ പറഞ്ഞു...




**ഞാൻ പുതുപ്പള്ളി വീട്ടിൽ നിന്നും ഇറങ്ങി പോകുമ്പോഴേക്കും പുതുപ്പള്ളി വീട്ടിലെ മുറ്റം നിറയെ ആളുകൾ നിറഞ്ഞിരുന്നു... ഓരോ ആവശ്യങ്ങളുമായി സാറിനെ കാണുവാൻ വന്നവർ... വളരെ പ്രതീക്ഷകളോടെ കാത്തിരിക്കുന്നു...**

1999ൽ അസിസ്റ്റന്റ് എൻജിനീയറായി ജലസേചന വകുപ്പിൽ വയനാട് ജില്ലയിൽ എനിക്ക് നിയമനം കിട്ടി. അന്നുതന്നെ കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയനിൽ അംഗത്വം എടുക്കുകയും സംഘടനാ പ്രവർത്തനം തുടങ്ങുകയും ചെയ്തു. സംഘടനയുടെ സംസ്ഥാന സമ്മേളനങ്ങളിലും ക്യാമ്പുകളിലും ഉമ്മൻചാണ്ടി സാറിനെ കാണുകയും പരിചയ നിലനിർത്തുകയും ചെയ്തു. എത്ര വർഷങ്ങൾ.... പോയതറിഞ്ഞില്ല!

പാലക്കാട് ജില്ലയിൽ നടത്തിയ സംസ്ഥാന സമ്മേളനത്തിലും സ്ഥാപകദിന സമ്മേളനത്തിലും സാറിനോട് കൂടുതൽ അടുക്കുവാൻ കഴിഞ്ഞു. 2021ൽ കോട്ടയത്ത് വച്ച് നടന്ന സംസ്ഥാന സമ്മേളനം അദ്ദേഹം തന്നെയാണ് ഉദ്ഘാടനം ചെയ്തത്. അന്ന് ഞാൻ ഈ സംഘടനയുടെ സംസ്ഥാന ട്രഷറർ ആയിരുന്നു.

ഇന്ന് സംസ്ഥാന പ്രസിഡണ്ടായി ഈ സംഘടനയെ നയിക്കുമ്പോൾ ഉമ്മൻചാണ്ടി സാർ എന്ന നേതാവിനൊപ്പം ഉള്ള മറക്കാനാവാത്ത നിരവധി മുഹൂർത്തങ്ങൾ ഓർമ്മയിൽ വരികയാണ്.... സാറിന്റെ സ്വകാര്യമുറിയിൽ കയറുവാൻ വരെ അനുവാദം ഉണ്ടായിരുന്നു.... ഇങ്ങനെയൊരു നേതാവ് ഇനിയില്ല...

ഇനി ഉണ്ടാവുകയുമില്ല...


ഞങ്ങൾ സംഘടനാ പ്രവർത്തകർക്കും നേതാക്കൾക്കും എന്നും ഒരു മാർഗദർശിയായിരുന്നു.

ഉമ്മൻചാണ്ടി സാറിന് സമം ഉമ്മൻചാണ്ടി സാർ മാത്രം....

വി.എം. ഷൈൻ
ജനറൽ സെക്രട്ടറി




# നിറ മിഴികളോടെ



34-ാം സംസ്ഥാന സമ്മേളനം 2020 ജനുവരി 10,11, 12 തിയ്യതികളിൽ തൃശൂരിൽ നടക്കുമ്പോൾ ഉദ്ഘാടനം ചെയ്യുന്നത് നമ്മുടെ പ്രിയപ്പെട്ട ഉമ്മൻ ചാണ്ടിയായിരുന്നു. സമ്മേളനം ആരംഭിക്കുമ്പോൾ അദ്ദേഹം ദുബായിൽ വിവിധ പരിപാടികളിലായിരുന്നു എന്റെ സ്വന്തം ജില്ലയിൽ നടക്കുന്ന സംസ്ഥാന സമ്മേളനത്തിന് അദ്ദേഹത്തിന് എത്താൻ കഴിയില്ലായെന്ന് അറിഞ്ഞപ്പോൾ വല്ലാത്ത നിരാശയായിരുന്നു. ജീവനക്കാർ നെഞ്ചോട് ചേർത്ത് നിർത്തുന്ന ഒരു നേതാവാണ് അദ്ദേഹം അതുകൊണ്ട് തന്നെ നമ്മുടെ സമ്മേളനങ്ങളിലെ മുഖ്യ ആകർഷണം ഉമ്മൻ ചാണ്ടിയായിരുന്നു. എന്നാൽ ഉദ്ഘാടനത്തിന്റെ തലേ രാത്രിയിൽ മെസേജ് എത്തി തന്റെ ദുബായിയിലെ പരിപാടികൾ വെട്ടിചുരുക്കി നമ്മുടെ സമ്മേളനത്തിന് എത്തിചേരുമെന്ന്. അദ്ദേഹത്തിന് നമ്മളെയും നമ്മൾക്ക് ഉമ്മൻ ചാണ്ടിയെയും ഒരിക്കലും മറക്കാൻ കഴിയില്ല. അത്രയേറെ ജീവനക്കാരെ സ്നേഹിച്ച ഒരു മനുഷ്യനായിരുന്നു അദ്ദേഹം. ജീവനക്കാരെ മാത്രമല്ല സമസ്തമേഖലയിലെ ജനങ്ങളെയും.

തന്റെ പ്രിയപ്പെട്ട ജനങ്ങളെ കാണാനും അവരുടെ ആകുലതകൾ കേൾക്കാനും പകലെന്നോ പാതിരാവെന്നോ സമയം ക്ലിപ്തപ്പെടുത്താത്ത ഒരു മനുഷ്യൻ ചിലപ്പോൾ രാവും കടന്ന് തൊട്ടടുത്ത ദിവസവും അദ്ദേഹം അവിടെത്തന്നെയുണ്ടാവും. സ്വന്തം ആരോഗ്യം പോലും അവഗണിച്ചു കൊണ്ടുള്ള അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യത്തിനു മുന്നിൽ പാർട്ടി, രാഷ്ട്രീയ ഭേദമന്യേ പൊതുജനം കയ്യടിച്ചു. ജനസമ്പർക്ക പരിപാടിയിലൂടെ ജില്ലകൾ തോറും യാത്ര ചെയ്ത് അദ്ദേഹം തന്റെ ജനങ്ങളെ നേരിട്ട് കേട്ടു, അവിടെ വച്ച് തീർപ്പ് കൽപ്പിക്കാവുന്ന ആവലാതികൾക്ക് അപേക്ഷകൾക്ക് തീർപ്പ് കൽപ്പിച്ചു.നിയമം മാറ്റി എഴുതേണ്ടതാണങ്കിൽ നിയമസഭയിൽ അവതരിപ്പിച്ച് മാറ്റിയെഴുതി.ഓരോ ജനസമ്പർക്ക പരിപാടികളിലും ഒഅവസാനത്തെ ആളെയും കണ്ട് തീർപ്പ് കൽപ്പിക്കുമ്പോഴേക്കും പിറ്റേ ദിവസത്തിന്റെ തുടക്കമായി കഴിഞ്ഞിരിക്കും. അതു കൊണ്ട് തന്നെയാണ് ജനങ്ങൾക്കിടയിലെ ഈ ജനനേതാവിനെ അംഗീകരിക്കാതിരിക്കാൻ ഐക്യരാഷ്ട്ര സഭക്കും കഴിയാതിരുന്നത്. 2013ലെ UNDPയുടെ യുണൈറ്റഡ് നേഷൻസ് പബ്ലിക് സർവീസ് പുരസ്കാരം അദ്ദേഹത്തെ തേടിയെത്തിയത്.

സർക്കാർ നയങ്ങൾ സർക്കാർ തീരുമാനങ്ങൾ ജനങ്ങൾക്കിടയിൽ എത്തണമെങ്കിൽ സംതൃപ്തമായ ഒരു സിവിൽ സർവ്വീസ് ഉണ്ടാവണമെന്ന് മനസിലാക്കിയ ഒരു മുഖ്യമന്ത്രിയായിരുന്നു ഉമ്മൻ ചാണ്ടി.

അദ്ദേഹം നടപ്പാക്കിയ അവസാന ശമ്പള പരിഷ്ക്കരണമായ 10-ാം ശമ്പള കമ്മീഷൻ പരിഷ്ക്കരണ റിപ്പോർട്ട് സർക്കാരിന് നൽകിയ ശുപാർശ 10 വർഷത്തിൽ ഒരിക്കൽ ശമ്പള പരിഷ്ക്കരണമായിരുന്നു. അത് അനുസരിച്ചുള്ള ശമ്പള വർദ്ധന




വായിരുന്നു ഈ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നത്.

സാമ്പത്തിക ഞെരുക്കത്തിലൂടെ സംസ്ഥാനം മുന്നോട്ട് പോകുന്ന കാലഘട്ടമായതിനാൻ ധനകാര്യ വകുപ്പ് ശമ്പള പരിഷ്ക്കരണത്തിന് ഒരിക്കലും പച്ചക്കൊടി ഉയർത്താത്ത സമയത്തും ഈ പത്ത് വർഷത്തെ ശുപാർശ അഞ്ചാക്കി കുറച്ച് ശുപാർശ നൽകിയതിനേക്കാൾ അനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നടപ്പിലാക്കിയ ഒരു മുഖ്യമന്ത്രിയായിരുന്നു ഉമ്മൻ ചാണ്ടി. അദ്ദേഹത്തിന്റെ ഭരണകാലത്ത് നടപ്പിലാക്കിയ സ്വപ്നതുല്യമായ രണ്ട് ശമ്പള പരിഷ്ക്കരണമാണ് നമ്മുടെ ജീവിത നിലവാരം ഇത്രയേറെ ഉയർത്തിയത്. ഉയർന്ന ഇൻക്രിമെന്റ് റേറ്റ്, സി.സി എ നിലനിർത്തി കൊണ്ട് വീട് വാടക അലവൻസ് 400 ഇരട്ടി. സർവ്വീസിനനുസരിച്ച് പരിഷ്ക്കരിച്ച സ്കെയിലിൽ നാല് ഇൻക്രിമെന്റ് വെയിറ്റേജ്, റേഷ്യോ പ്രമോഷനുകൾക്ക് പ്രതേകം സ്കെയുലുകൾ അനുവദിച്ച് രണ്ട് ഇൻക്രിമെന്റ് ഉറപ്പാക്കി, DCRG, HBA ഇരട്ടിയാക്കി, കുടുംബാംഗങ്ങളോടൊപ്പം അവധിയാത്രാ ആനുകൂല്യം ആദ്യമായി തുടങ്ങി പറഞ്ഞാലും എഴുതിയാലും തീരാത്ത ആനുകൂല്യങ്ങൾ.

ഇന്ന് ക്ഷാമ ബത്തക്കും, സറണ്ടറിനും മുറവിളി കൂട്ടുമ്പോൾ കുടിശികയില്ലാതെ ക്ഷാമബത്തയും, മുടക്കമില്ലാതെ സറണ്ടറും ലഭിച്ചിരുന്ന അദ്ദേഹത്തിന്റെ ഭരണകാലഘട്ടം മറക്കുവാൻ കഴിയില്ല ഒരോ ജീവനക്കാരനും.


> **തനിക്ക് ചുറ്റുമുള്ള ഓരോ മനുഷ്യനെയും എങ്ങനെ സഹായിക്കാം എന്ന് സമൂഹത്തിന് മാതൃകയായ ഒരു മനുഷ്യനായിരുന്നു ഉമ്മൻ ചാണ്ടി.**

കാരുണ്യ ചികിത്സ പദ്ധതികൾ അടക്കം വിവിധ ക്ഷേമ പദ്ധതികളും, കൊച്ചി മെട്രോ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനതാവളം അടക്കം വൻ വികസന പദ്ധതികൾ സാമ്പത്തിക ചിലവ് നിയന്ത്രിച്ച് നടപ്പിലാക്കുമ്പോഴും പെട്രോളിയം ഉത്പനങ്ങളുടെ വില വർദ്ധിപ്പിക്കുമ്പോൾ ഉണ്ടാവുന്ന ജനങ്ങളുടെ ബുദ്ധിമുട്ട് കുറക്കാൻ സർക്കാരിന്റെ ഒരു കൈതാങ്ങായി സംസ്ഥാനത്തിന് ലഭിക്കുന്ന കൂടുതൽ നികുതി വേണ്ടായെന്ന് വച്ച ഒരു മുഖ്യമന്ത്രിയെ ഇനി കേരള നാടിന് കാണാൻ കഴിയുമോ...

തനിക്ക് ചുറ്റുമുള്ള ഓരോ മനുഷ്യനെയും എങ്ങനെ സഹായിക്കാം എന്ന് സമൂഹത്തിന് മാതൃകയായ ഒരു മനുഷ്യനായിരുന്നു ഉമ്മൻ ചാണ്ടി. അതിനുവേണ്ടിയാണ് തന്റെ ജീവിതം അദ്ദേഹം സമർപ്പിച്ചതും ഭക്ഷണം പോലും ഉപേക്ഷിച്ച് തന്റെ ചുറ്റും എത്തിചേർന്ന പാവപ്പെട്ടവരുടെ ആവലാതികൾ പരിഹരിച്ച ഐക്യ രാഷ്ട്ര സഭയുടെ അംഗീകാരം ലഭിച്ച ജനസമ്പർക്ക പരിപാടികൾ. അധികാരം എന്ന വാക്കിലുള്ള ഗർവ്വിനെയും പിടിച്ചടക്കൽ സ്വഭാവത്തെയും ഇല്ലാതാക്കി അതിനെ മനുഷ്യരുടെ വേദനകൾ പരിഹരിക്കുന്നതിനുള്ള ഉപകരണമാക്കിയെടുത്തതിന്റെ പ്രതിഫലനമാണ് ഉമ്മൻചാണ്ടിക്ക് ചുറ്റുമുണ്ടായ ഈ മനുഷ്യരുടെ മഹാസമ്മേളനങ്ങൾ.

ഒരു കാറിൽ കയറ്റാൻ കഴിയാവുന്നതിലും കൂടുതൽ ജനങ്ങളെയും കയറ്റി എന്നും തിരക്കുകളുടെ ലോകത്തിൽ ജീവിച്ച...... കൊച്ചുകുഞ്ഞിന് പോലും ഉമ്മൻ ചാണ്ടിയെന്ന് വിളിക്കാൻ കഴിയുന്ന ഒരു മുഖ്യമന്ത്രി. ജനങ്ങളോടുള്ള ഈ സ്നേഹവും കരുതലുമാണ് അനന്തപുരിയിൽ നിന്ന് പുതുപള്ളിയിലേക്കുള്ള അവസാന യാത്രയിലും പുതുപ്പള്ളിയുടെ കുഞ്ഞുകുഞ്ഞിന് ഞങ്ങളുടെ ഉമ്മൻ ചാണ്ടി സാറിന് കണ്ണീരോടെ നൽകിയ ആ യാത്രാമൊഴി മറക്കില്ലയൊരിക്കലും മറക്കാൻ കഴിയില്ല ഈ മനുഷ്യനെ.

കെസി ജോസഫ്
മുൻമന്ത്രി



# ഉമ്മൻ ചാണ്ടി പൂത്തുലഞ്ഞ ഒരു നന്മമരം



ഉമ്മൻചാണ്ടിയുമായി ആറ് പതിറ്റാണ്ട് നീണ്ട ഹൃദയബന്ധമാണ് എനിക്കുള്ളത്. ഒരേ വഴിയിലൂടെ ഒന്നിച്ച് സഞ്ചരിച്ചവർ. കെ.എസ്.യുവിലും യൂത്ത് കോൺഗ്രസ്സിലും കോൺഗ്രസ്സിലും എല്ലാം ഞങ്ങൾ ഒന്നിച്ചുണ്ടായിരുന്നു. ഉമ്മൻചാണ്ടി കെ.എസ്.യു സംസ്ഥാന പ്രസിഡന്റായപ്പോൾ ഞാൻ വൈസ് പ്രസിഡന്റായിരുന്നു. ചങ്ങനാശേരി എസ്ബി കോളേജിൽ ബിഎ എക്കണോമിക്സിന് ഞങ്ങൾ സഹപാഠികളായിരുന്നു. കാലം ചെയ്ത അഭിവന്ദ്യ പവ്വത്തിൽ പിതാവ് ഞങ്ങളുടെ പൊളിറ്റിക്കൽ സയൻസ് ലക്ചററായിരുന്നു. കർദിനാൾ ആലഞ്ചേരി പിതാവും ആർച്ച് ബിഷപ്പ് കോച്ചേരി പിതാവും ജസ്റ്റിസ് സിറിയക് ജോസഫും അന്ന് ഞങ്ങളുടെ കോളേജ് മേറ്റ്സ് ആയിരുന്നു. പിന്നീട് 2011ൽ ഉമ്മൻചാണ്ടി മന്ത്രിസഭയിൽ അംഗമാകാനും എനിക്ക് അവസരമുണ്ടായി.

> ഭരണാധികാരിയെന്ന നിലയിൽ ഒരു അത്ഭുത പ്രതിഭാസമായിരുന്നു ഉമ്മൻചാണ്ടി. 24 മണിക്കൂറും കഠിനാധ്വാനം ചെയ്യാനുള്ള നല്ല മനസ്സ് അദ്ദേഹത്തിന് ഉണ്ടായിരുന്നു.

പൂത്തുലഞ്ഞ ഒരു നന്മമരം ആയിരുന്നു ഉമ്മൻചാണ്ടി. ഏതു സാധാരണക്കാരനും ഏതവസരത്തിലും പ്രാപ്യനായ നേതാവ്. സഹായത്തിനായി സമീപിക്കുന്ന ആരെയും ഉമ്മൻചാണ്ടി നിരാശനാക്കില്ല. തന്നാലാവുന്ന എന്തു സഹായവും ആർക്കും ചെയ്യാൻ ഉമ്മൻചാണ്ടി ബദ്ധശ്രദ്ധനായിരുന്നു. നോ എന്ന വാക്ക് ഉമ്മൻചാണ്ടിയുടെ നിഘണ്ടുവിൽ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ശക്തിയും ദൗർബല്യവും അതു തന്നെയായിരുന്നു.

കാൽനൂറ്റാണ്ടിലേറെ കോൺഗ്രസിലും കേരള രാഷ്ട്രീയത്തിലും ഉണ്ടായ എല്ലാ ചലനങ്ങളിലും ഉമ്മൻചാണ്ടി കേന്ദ്രബിന്ദുവായിരുന്നു. ഏതു രാഷ്ട്രീയ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുവാനുള്ള അസാമാന്യമായ പാടവം അദ്ദേഹത്തിനുണ്ടായിരുന്നു. പ്രതിപക്ഷം ഉൾപ്പെടെയുള്ള എല്ലാ രാഷ്ട്രീയ നേതാ

ക്കളോടും സാമുദായിക നേതാക്കളോടും വ്യക്തിപരമായി വളരെ സൗഹൃദമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്.

ഭരണാധികാരിയെന്ന നിലയിൽ ഒരു അത്ഭുത പ്രതിഭാസമായിരുന്നു ഉമ്മൻചാണ്ടി. 24 മണിക്കൂറും കഠിനാധ്വാനം ചെയ്യാനുള്ള നല്ല മനസ്സ് അദ്ദേഹത്തിന് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ജനസമ്പർക്ക പരിപാടികൾ മറ്റൊരു ഭരണാധികാരിക്കും ആവർത്തിക്കാൻ കഴിയാത്ത രീതിയിൽ അത്യപൂർവമായ ഒന്നായിരുന്നു.

2011–ൽ ഉമ്മൻചാണ്ടി രണ്ടാം തവണ മുഖ്യമന്ത്രിയായപ്പോൾ അദ്ദേഹം കണ്ടെത്തിയ ഒരു പ്രശ്നം റേഷൻകാർഡ് ഇല്ലാത്തവരുടെ പ്രയാസമായിരുന്നു. രണ്ടര ലക്ഷത്തിലേറെ പേർ റേഷൻ കാർഡിനായി അപേക്ഷിച്ച് മാസങ്ങളായി കാത്തിരിക്കുകയായിരുന്നു. നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള കാലതാമസം പരിഹരിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഈ കാര്യം മുഖ്യമന്ത്രി കാബിനറ്റിൽ അവതരിപ്പിച്ചു. അദ്ദേഹം നിർദ്ദേശിച്ചത് റേഷൻ കാർഡിനുള്ള അപേക്ഷ കിട്ടിയാൽ വെരിഫിക്കേഷനായി കാത്തിരിക്കാതെ 24 മണിക്കൂറിനുള്ളിൽ താൽക്കാലിക കാർഡ് നൽകണം എന്നായിരുന്നു. ചില മന്ത്രിമാർ സംശയം പറഞ്ഞു. അങ്ങനെ പറഞ്ഞാൽ അനർഹരായ പലർക്കും കാർഡ് കിട്ടും. അത് ദുരുപയോഗം ചെയ്യപ്പെടും. അപ്പോൾ ഉമ്മൻചാണ്ടി പറഞ്ഞ മറുപടി എന്റെ ഓർമ്മയിലുണ്ട്. പത്ത് കാര്യം ചെയ്യുമ്പോൾ ഒന്നോ രണ്ടോ കേസ്സുകൾ അർഹതയില്ലാത്തവരാകാം. പക്ഷേ അതിന്റെ പേരിൽ അർഹരായവർക്ക് നീതി നിഷേധിക്കാൻ പാടില്ല. ഇനിയും അർഹതയില്ലാത്തവരാണെങ്കിലും ആകെ സംഭവിക്കുക അവർ മൂന്നോ നാലോ ആഴ്ച റേഷൻ വാങ്ങും എന്നല്ലേയുള്ളൂ. സ്വന്തമായി ഒരു സത്യവാങ്മൂലം കൂടി എഴുതി വാങ്ങി എല്ലാ അപേക്ഷകർക്കും അപേക്ഷകൾ ലഭിച്ചാൽ 24 മണിക്കൂറിനുള്ളിൽ കാർഡ് നൽകാൻ കാബനറ്റ് തീരുമാനിച്ചു. കെട്ടികിടന്ന രണ്ടരലക്ഷം അപേക്ഷകൾക്കും ഒരു മാസത്തിനുള്ളിൽ കാർഡ് നൽകാൻ സിവിൽ സപ്ലൈസ് മന്ത്രി ടിഎം ജേക്കബിനെ മന്ത്രിസഭാ ചുമതലപ്പെടുത്തി. ഊർജസ്വലനായ ടിഎം ജേക്കബ് മുഴുവൻ അപേക്ഷകൾക്കും മൂന്നാഴ്ചക്കുള്ളിൽ കാർഡ് വിതരണം ചെയ്ത് തന്റെ ദൗത്യം പൂർത്തീകരിക്കുകയും ചെയ്തു.

ഫയലുകൾ തന്റെ ഓഫീസിൽ കെട്ടിക്കിടക്കാൻ ഒരിക്കലും അദ്ദേഹം അനുവദിച്ചിരുന്നില്ല. തിരുവനന്തപുരത്ത് ഉണ്ടെങ്കിൽ രാത്രി എത്ര വൈകിയാലും അദ്ദേഹം എല്ലാ ഫയലിലും തീരുമാനമെടുക്കും. പലപ്പോഴും ഫയൽ നോക്കുന്നത് അന്നത്തെ ജോലികൾ തീർത്ത് രാത്രി പതിനൊന്നിനും പന്ത്രണ്ടിനും ശേഷമായിരുന്നു ഫയൽനോട്ടം. ചിലപ്പോൾ വെളുപ്പിന് രണ്ട് മണിവരെ നീണ്ടുപോകും. എങ്കിലും അദ്ദേഹം യാതൊരു മടിയും കാണിച്ചില്ല.



**"**

**തിരുവനന്തപുരത്ത് ഉണ്ടെങ്കിൽ രാത്രി എത്ര വൈകിയാലും അദ്ദേഹം എല്ലാ ഫയലിലും തീരുമാനമെടുക്കും. പലപ്പോഴും ഫയൽ നോക്കുന്നത് അന്നത്തെ ജോലികൾ തീർത്ത് രാത്രി പതിനൊന്നിനും പന്ത്രണ്ടിനും ശേഷമായിരുന്നു ഫയൽനോട്ടം. ചിലപ്പോൾ വെളുപ്പിന് രണ്ട് മണിവരെ നീണ്ടുപോകും. എങ്കിലും അദ്ദേഹം യാതൊരു മടിയും കാണിച്ചില്ല.**

കോവിഡ് കാലം അദ്ദേഹത്തിന് കർമ്മശേഷിയുടെ ദിനങ്ങളായിരുന്നു. സമ്പൂർണ്ണ ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ അദ്ദേഹം വീടിനോട് ചേർന്ന് ഓഫീസ് പ്രവർത്തനക്ഷമമാക്കി. വരുന്ന എല്ലാ ഫോണുകളും അദ്ദേഹം തന്നെ സംസാരിച്ചു. പരാതികൾ കുറിച്ചുവെക്കാൻ ഫോൺ സ്റ്റാഫിന് കൈമാറും. ഓരോ പരാതിയിലും തീരുമാനമുണ്ടാക്കാൻ ഉമ്മൻചാണ്ടി കാണിച്ച ആത്മാർത്ഥത പരാതിക്കാർക്ക് പോലും അത്ഭുതമായിരുന്നു. വിദേശങ്ങളിൽനിന്നും അന്യസംസ്ഥാനങ്ങളിൽനിന്നും അദ്ദേഹത്തിന്റെ ഇടപെടൽമൂലം നിരവധിപേർക്ക് സൗജന്യമായി നാട്ടിലെത്താൻ കഴിഞ്ഞു. കോവിഡ് കാലത്തെ നാലുമാസത്തിനുള്ളിൽ അദ്ദേഹം ആറായിരത്തോളം ഫോൺകോളുകൾ നേരിട്ട് സംസാരിച്ചിട്ടുണ്ടാകുമെന്നാണ് സ്റ്റാഫ് പറയുന്നത്. തൊണ്ടയുടെ അസുഖം മൂലം ഫോൺ സംസാരിക്കാൻ നിയന്ത്രണമുണ്ടായിരുന്നെങ്കിലും അതൊന്നും അദ്ദേഹം കണക്കിലെടുത്തതുമില്ല.

ഉമ്മൻചാണ്ടിയെപ്പറ്റി പറഞ്ഞാൽ അവസാനം ഉണ്ടാകില്ല. പകരം വെക്കാൻ ആളില്ലാത്തനേതാവ്. ഉമ്മൻചാണ്ടിക്ക് പകരം ഉമ്മൻചാണ്ടി മാത്രം. ●



ബെന്നി ബഹനാൻ
എം പി



# ഉമ്മൻ ചാണ്ടി എന്ന മനുഷ്യൻ



എല്ലാവരും ഉമ്മൻ ചാണ്ടിയെന്ന നേതാവിനെക്കുറിച്ച് പറയുന്നു. ആൾക്കൂട്ടം പ്രാണവായുവാക്കിയ നേതാവ്. അങ്ങനെയൊരാൾ വേറെയില്ല തന്നെ. പക്ഷേ എനിക്ക് പറയാനുള്ളത് ഉമ്മൻ ചാണ്ടി എന്ന മനുഷ്യനെകുറിച്ചാണ്...

എന്റെ മകന് കേൾവിശക്തിയില്ല. അവൻ ഒരിക്കലും താരാട്ട് പാട്ട് കേട്ടിട്ടില്ല. കിളികളുടെ പാട്ടിന്റെ മധുരം നുകർന്നിട്ടില്ല. മോനേ എന്ന വിളിയുടെ വാത്സല്യമറിഞ്ഞിട്ടില്ല. എന്നെപ്പോലയുള്ള അനേകം അച്ഛന്മാരുണ്ട്. എന്റെ ഭാര്യയെപ്പോലുള്ള അനേകം അമ്മമാരും. അവരിൽ പലരും  ഉമ്മൻ ചാണ്ടിയെ ഓർക്കുന്നു. ഒറ്റക്കാരണം കൊണ്ടുമാത്രം. അവരുടെ മക്കൾക്ക് ഈ ലോകത്തെ കേൾക്കാൻ ഉമ്മൻ ചാണ്ടി ദൈവദൂതനപ്പോലെ വന്നു.

ഞാൻ ഇന്നും വിശ്വസിക്കുന്നു. ഉമ്മൻ ചാണ്ടിയുടെ സർക്കാർ എടുത്ത മനുഷ്യപ്പറ്റുള്ള അനേകം നടപടികളുടെ മുൻ നിരയിൽ തന്നെയാണ് കേൾവിശക്തിയില്ലാത്ത കുട്ടികൾക്ക് വേണ്ടിയുള്ള കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയാ പദ്ധതിയുടെ സ്ഥാനം. ഒരിക്കൽ ഉമ്മൻ ചാണ്ടി എന്നോടു പറഞ്ഞു: അങ്ങനെയൊരു പദ്ധതിയെക്കുറിച്ച് ആലോചിക്കുമ്പോൾ എന്റെ മനസിൽ നിങ്ങളുടെ മകൻ വേണുവിന്റെ മുഖമായിരുന്നു...

അനേകം കുട്ടികൾ കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയയിലൂടെ ബധിരതയുടെ ഭാഗമായുള്ള മൂകതയെ ജയിച്ചു. അത്തരം കുട്ടികളുടെ സംഗമം ഓർമവരുന്നു. അതിൽ പ്രാർത്ഥന ചൊല്ലിയത് ചിത്രശലഭത്തെപ്പോലെയുള്ള രണ്ടു പെൺകുട്ടികളാണ്. അത്രയും കാലം അടക്കിവച്ചിരുന്ന എല്ലാ സ്വരങ്ങളെയും ഈണത്തിൽ നിറച്ചുകൊണ്ട് അവർ ഈശ്വരനോട് ചോദിച്ചു: തിരുനാമകീർത്തനം പാടുവാനല്ലെങ്കിൽ നാവെനിക്കെന്തിന് നാഥാ... നിശബ്ദതയുടെ നോവറിഞ്ഞ കുരുന്നുകളുടെ നാവിലെ ശബ്ദമാകുകയായിരുന്നു അന്ന് ഉമ്മൻ ചാണ്ടി, ഈ വരികൾ കുറിക്കുമ്പോൾ മറ്റൊരു സംഭവം കൂടി മനസിലേക്ക് വരുന്നു. ഉമ്മൻ ചാണ്ടി പങ്കെടുക്കുന്ന പൊതുപരിപാടിക്കിടെയായിരുന്നു അത്. നീലയും വെള്ളയും നിറമുള്ള കുപ്പായമായിരുന്നു ആ കൊച്ചുകൂട്ടിയുടേത്. സ്കൂൾ യൂണിഫോമായിരിക്കണം. രണ്ടാം ക്ലാസ്സിലാണ് ആ കുട്ടി പഠിക്കുന്നത്, ആൾക്കൂട്ടത്തിനിടയിൽ നീന്നുകൊണ്ട് ബാല്യത്തിന്റെ എല്ലാ നിഷ്കളങ്കതയും നിറയുന്ന ശബ്ദത്തിൽ ആ കുഞ്ഞ് 'ഉമ്മൻ ചാണ്ടീ...' എന്ന് വിളിച്ചു. ഇന്നോളം കേട്ട ഹൃദയസ്പർശിയായ വിളികളിലൊന്ന് കാരണം ആ ശബ്ദത്തിലുണ്ടായിരുന്നു വല്ലാത്തൊരു സ്വാതന്ത്ര്യം. ആ കുട്ടി പറഞ്ഞ സങ്കടം സ്കൂളിലെ കൂട്ടുകാരനെക്കുറിച്ചാണ്. അവന് വീടില്ല. അച്ഛനും അമ്മയ്ക്കും

> **വെറുമൊരു ലോട്ടറിക്കടലാസിനെ കാരുണ്യത്തിന്റെ കണ്ണാടിയാക്കി മാറ്റിയപ്പോൾ ആദ്ദേഹത്തിന്റെ സർക്കാർ ആഗ്രഹിച്ചത് അസുഖങ്ങൾ ആരെയും കരയിക്കരുതെന്നാണ്. കാരുണ്യയുൾപ്പെടെയുള്ള സർക്കാരിന്റെ ചികിത്സാസഹായ പദ്ധതികൾ കേരളത്തിലെ അനേകായിരം കുടുംബങ്ങൾക്ക് ആശ്വാസമായി.**

അസുഖമാണ്. വേറെ മൂന്നുകൂട്ടുകാരെയും കൂട്ടി പരാതി പറയാൻ വന്നതാണ്. രണ്ടാം ക്ലാസ്സുകാരിയായ ഒരു കുഞ്ഞിന് ഇമ്മൻ ചാണ്ടിയെന്ന് വിളിക്കാനുള്ള അധികാരവും അവകാശവുമുണ്ടായി എന്നതിലുണ്ട് അര നൂറ്റാണ്ടുകൊണ്ട് അദ്ദേഹം ചെയ്ത നന്മകളുടെ ആകെത്തുക. ആലോചിച്ചുനോക്കുക. കേരളത്തിൽ മറ്റേത് നേതാവിനെ ഒരു കുട്ടിക്ക് പൊതുപരിപാടിക്കിടെ ഇങ്ങനെ പേരെടുത്ത് വിളിക്കാനാകും?

ഒരു മന്ത്രിയെയും രോഗിയെയും ഒരുമിച്ച് കണ്ടാൽ ഉമ്മൻ ചാണ്ടി ആദ്യം രോഗിയുടെ അടുത്തേക്കാകും ചെല്ലുക. കാരണം ഉമ്മൻ ചാണ്ടിയെന്ന നേതാവ് മനുഷ്യൻ എന്ന പദത്തിന്റെ വിലയറിയുന്നയാളാണ്.

തിരുവനന്തപുരത്തെ അധികാരമന്ദിരത്തിലിരിക്കുന്നയാളാകരുത് മുഖ്യമന്ത്രി എന്ന ശക്തമായ ബോധ്യം ഉമ്മൻ ചാണ്ടിക്ക് എന്നുമുണ്ടായിരുന്നു. ഐക്യ രാഷ്ട്ര സഭയുടെ അംഗീകാരം തേടിയെത്തിയ ജനസമ്പർക്ക പരി പാടിയുടെ തുടക്കം അങ്ങനെയാണ്. ജനങ്ങളുടെ ഇടയിലേക്കിറങ്ങി ചെന്ന് അദ്ദേഹം പറയാൻ ശ്രമിച്ചത് ഒന്നുമാത്രം; നിങ്ങളാണ്, നിങ്ങൾ മാത്രമാണ് എന്റെ ശക്തിയും ഊർജ്ജവും.

കഴിഞ്ഞ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 42 ദിവസം നീണ്ടുനിന്ന ജനസമ്പർക്ക പരിപാടി. ആ ദിവസങ്ങളിൽ ഉമ്മൻ ചാണ്ടിയുടെ കൈകളിൽ കുന്നുകൂടിയ കടലാസുകൾ കണ്ണീര് വീണ് നനഞ്ഞതായിരുന്നു. പകലും രാത്രിയും കടന്ന്, പരാതിയുമായി വന്ന അവസാനയാളെയും സമാധാനത്തോടെ തിരിച്ചയക്കുമ്പോൾ പലപ്പോഴും പുലർച്ചെയാകുമായിരുന്നു.

വേദനിക്കുന്നവർക്ക് താങ്ങായി ഉമ്മൻ ചാണ്ടി എന്നുമുണ്ട്. വെറുമൊരു ലോട്ടറിക്കടലാസിനെ കാരുണ്യത്തിന്റെ കണ്ണാടിയാക്കി മാറ്റിയപ്പോൾ ആദ്ദേഹത്തിന്റെ സർക്കാർ ആഗ്രഹിച്ചത് അസുഖങ്ങൾ ആരെയും കരയിക്കരുതെന്നാണ്. കാരുണ്യയുൾപ്പെടെയുള്ള സർക്കാരിന്റെ ചികിത്സാസഹായ പദ്ധതികൾ കേരളത്തിലെ അനേകായിരം കുടുംബങ്ങൾക്ക് ആശ്വാസമായി. സഹായം ലഭിച്ചവരുടെ സംതൃപ്തി നിറഞ്ഞ മുഖങ്ങളും നിശ്വാസങ്ങളും സമൂഹത്തിന് സമ്മാനിച്ച ആത്മവിശ്വാസം ചെറുതല്ല. വിളിച്ചാൽ വിളികേൾക്കുന്നൊരു സർക്കാർ കേരളത്തിലുണ്ട് എന്ന തിരിച്ചറിവിൽ അവർ കൂടുതൽ പ്രതീക്ഷയുള്ളവരായി മാറുകയായിരുന്നു അന്ന്.



ഉമ്മൻ ചാണ്ടിയുടെ രാഷ്ട്രീയ പ്രവേശത്തെക്കുറിച്ചു കൂടി ഈ അവസരത്തിൽ ഓർത്തു പോകുന്നു. ആർ.എസ്.പിയുടെ മണ്ഡലത്തിലൂടെയാണ് അദ്ദേഹം തിരഞ്ഞെടുപ്പ് രാഷ്ട്രീയക്കളത്തിലേക്ക് വലതുകാൽ വച്ചത്. കോൺഗ്രസ്സിന് അത്രയൊന്നും സ്വാധീനമില്ലാത്തയിടം. എം .എൻ. ഗോവിന്ദൻ നായരാണ് പറഞ്ഞത് ആർ.എസ്.പി വേണ്ട, ഇത്തവണ അവിടെ ഉമ്മൻ ചാണ്ടി മത്സരിക്കട്ടെയെന്നും. പി.സി. ചെറിയാനെപ്പോലെ വളരെ പ്രഗത്ഭനായ സ്ഥാനാർഥിയായിരുന്നു എതിർക്കളത്തിൽ പക്ഷേ ഉമ്മൻ ചാണ്ടി മത്സരിക്കാനെത്തിയതോടെ അന്തരീക്ഷം ആകെ മാറി. മദ്രാസിലെ മകളുടെ വീട്ടിലേക്കുപോയ പി.സി. ചെറിയാൻ തിരഞ്ഞെടുപ്പിൽ നിന്ന് പിന്മാറുകയാണെന്ന് അറിയിച്ചു. പക്ഷെ ബാലറ്റ് പേപ്പറിൽ പേര് ബാക്കികിടന്നു. വോട്ടർമാർ ആ പേര് കണ്ടില്ല. അവരുടെയുള്ളിൽ ഉമ്മൻചാണ്ടി മാത്രമേയുണ്ടായിരുന്നുള്ളൂ. കോൺഗ്രസ്സിന്റേതല്ലാത്ത മണ്ഡലത്തിലേക്ക് വിരുന്നുകാരനെപ്പോലെയെത്തിയ ഉമ്മൻ ചാണ്ടി ഒടുവിൽ അവിടത്തെ വീട്ടുകാരനായി മാറി. ബാക്കിയുള്ളതെല്ലാം ചരിത്രം.

ഒരു മണ്ഡലത്തിൽ നിന്ന് അരനൂറ്റാണ്ട് തിരഞ്ഞെക്കപ്പെടുക എന്നത് നിസാര കാര്യമല്ല. വിരലിൽ മഷിപുരളുന്ന ഓരോ വട്ടവും പുതുപ്പള്ളിക്കാർ ഉമ്മൻ ചാണ്ടിയെന്ന പേരിൽ മുദ്ര ചാർത്തുന്നു. കാലം അത് കണ്ടുനിൽക്കുന്നു. മനുഷ്യൻ മനുഷ്യനെ തിരിച്ചറിയുന്ന മനോഹര മുഹൂർത്തമായി വേണം അതിനെ കാണാൻ...

രമ്യ ഹരിദാസ്
എം പി



# ഉമ്മൻ ചാണ്ടി... തലമുറകളെ പ്രചോദിപ്പിച്ച മഹാരഥൻ

കടലിലെ തിരമാലകൾ പോലെയാണ് ഉമ്മൻ ചാണ്ടി സാറിനെ കുറിച്ചുള്ള ഓർമ്മകൾക്ക്.

ഒന്ന് ഓർക്കുമ്പോൾ പത്തെന്ന പോലെ പിന്നീടത് നൂറായി മാറുന്നപോല അലയടിച്ചങ്ങനെ ഓരോന്നോരോന്നായി കടന്ന് വരികയാണ്.

എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന് ലോകത്തോട് ഉദ്ഘോഷിക്കാൻ കഴിഞ്ഞ മഹാത്മാവിന്റെ പൈതൃകത്തിന്റെ പിൻതുടർച്ചപോലെ, പലതിലും സാമ്യമുള്ള ചൈതന്യവത്തായ ജീവിതമാണ് ഉമ്മൻ ചാണ്ടിയുടെത്. ഏതൊരാൾക്കും അത്ഭുതത്തോടെ മാത്രം നോക്കിക്കാണാൻ കഴിയുന്ന, ജീവിതശൈലിക്ക് ഉടമയായി തീരുക എന്ന എല്ലാവരുടെയും സങ്കല്പത്തിലും ഉള്ള കാര്യത്തിലും അപ്പുറമാണ് ഉമ്മൻ ചാണ്ടി സാറിന്റെ ജീവിതം.

ആർദ്രത, കരുണ, സഹാനുഭൂതി, പ്രതിബദ്ധത, ഇച്ഛാശക്തി, ദീർഘവീക്ഷണം, തുടങ്ങി ഏതൊരു ഭരണാധികാരിക്കും പൊതുസേവകനും വേണ്ട എല്ലാ സ്വഭാവവൈശിഷ്ട്യങ്ങളും ഒത്ത് ചേർന്ന അസാമാന്യ വ്യക്തിപ്രഭാവത്തിന്റെ സമ്മേളനം ഉമ്മൻ ചാണ്ടിയിൽ നമുക്ക് കാണാൻ സാധിക്കും.



സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിലെ ജനസേവകന്റെ ജീവിതം പാഠപുസ്തകമായി വരും തലമുറ പഠിക്കാനും അപഗ്രഥിക്കാനും ഉപയോഗപ്പെടുത്തുമെങ്കിൽ ആദ്യം വായിക്കേണ്ടതും പഠിക്കേണ്ടതും ആയ പുസ്തകം ഉമ്മൻ ചാണ്ടിയുടെ ജീവിതത്തെ കുറിച്ചുള്ളതായിരിക്കണം എന്ന അഭിപ്രായത്തിന് മാത്രമായിരിക്കും പൊതു സ്വീകാര്യത ഉണ്ടാവുക എന്നത് തർക്കരഹിതമായ കാര്യമാണ്.

നാടിനും നാട്ടുകാർക്കും വേണ്ടി മാത്രം ഒരു ജീവിതം ഉഴിഞ്ഞുവയ്ക്കുക എന്ന അത്ഭുത പ്രതിഭാസമായി മാറിയ ജീവിതം നയിച്ച മഹാരഥന്റെ പേരാണ് ഉമ്മൻചാണ്ടി എന്ന് മലയാളക്കര ഉള്ള കാലത്തോളം ജനങ്ങൾ പറയും.ജനങ്ങൾക്ക് എന്നും പോസറ്റീവ് എനർജി നൽകുന്നതിന് ഒരു വ്യക്തിക്ക് കഴിയുക എന്നുള്ളത് എല്ലാവർക്കും

സാധിക്കുന്ന കാര്യമല്ല. ഉമ്മൻ ചാണ്ടി ആൾക്കൂട്ടത്തിൽ നില്ക്കുമ്പോൾ കൂടെ ഉള്ള ജനങ്ങളിലേക്ക്, അവരുടെ ശരീരത്തിലേക്ക് അവരുടെ മനസിലേക്ക് പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന അദൃശ്യമായ ശക്തി എന്ന പോലെ ഉമ്മൻ ചാണ്ടിയുടെ സാമീപ്യം സൂര്യശോഭയായി മാറുന്നുവെന്നത് ഏതൊരാൾക്കും അനുഭവപ്പെട്ട കാര്യങ്ങളാണ്.

ഉമ്മൻ ചാണ്ടി അവരേഷിപ്പിച്ച് കടന്ന്പോയത് മഹത്തായ ഒരു സംസ്കാരധാരയാണ് . തെളിനീർ ഉറവ പോലെ പരിശുദ്ധമായ ആ ജീവിതം കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് കരുത്തും ശക്തിയുമായി എന്നും പ്രോജ്ജ്വലിക്കും.

അക്ഷരങ്ങൾ അഗ്നിയായ് മാറുന്ന സാഹിത്യരചനകൾ ആസ്വാദകരിൽ എത്രമേൽ സ്വാധീനം ചെലുത്തുന്നുവോ അത്രമേലെന്ന് സൂചിപ്പിക്കുന്നത് ഒരളവുകോൽ ആണെങ്കിൽ അത്രമേൽ രചനാത്മകമായ സൗന്ദര്യത്തിന്റെ ജീവിതയാത്രയിലൂടെ ഒരു നാടിനെയും ജനങ്ങളെയും ഭാവിതലമുറയെയും ദീർഘവീക്ഷണത്തോടെ കൈപിടിച്ച് നടത്തിയ ഭരണാധികാരിയായിരുന്നു ഉമ്മൻ ചാണ്ടി എന്ന് നിസംശയം പറയാം. മലയാളത്തനിമയുടെ സൗന്ദര്യ ശോഭ പ്രസരിപ്പിക്കുന്ന എളിമയും ലാളിത്യവും ജീവിത ശൈലിയായി മാറ്റി ജീവിതാവസാനം വരെ മൂല്യങ്ങൾ മുറുകെപ്പിടിച്ച് ഉമ്മൻ ചാണ്ടി മുന്നേറിയത് ഒരു വിസ്മയമായി നമുക്ക് അനുഭവപ്പെടുന്നു.

സ്വാതന്ത്ര്യ സമര കാലഘട്ടത്തിന്റെ, ഐതിഹാസികമായ സമര പോരാട്ടങ്ങൾ അന്തരീക്ഷത്തെ പ്രകമ്പനം കൊള്ളിക്കുന്ന 1943 കാലഘട്ടത്തിലാണ് ഉമ്മൻ ചാണ്ടി ഭൂജാതനായതെന്ന് നമുക്കറിയാം.

ഉമ്മൻ ചാണ്ടി ശൈലിയുടെ മുഖമുദ്രയായ ആത്മസമർപ്പണവും പ്രതിബദ്ധതയും പ്രകൃതി നല്കിയതായിരിക്കുമെന്ന് വിശ്വസിക്കാനാണ് എനിക്കിഷ്ടം.

നവോത്ഥാന സന്ദേശങ്ങൾ ഉൾക്കൊണ്ട് വിദ്യാർത്ഥി നേതാവായി വളർന്ന് ത്യാഗവും സഹനവും ജീവിതസമര രീതിയാക്കി മാറ്റി യുവതയുടെ നായകനായി ജനാധിപത്യ പോരാട്ടങ്ങളിൽ വിജയിച്ച് അവിശ്വസനീയമായ ജനകീയ ബന്ധങ്ങൾ സൃഷ്ടിച്ച് മുന്നേറിയ ഉമ്മൻ ചാണ്ടി തലമുറകളെ പ്രചോദിപ്പിച്ച മഹാരഥനായിരുന്നു.


> “
> **നവോത്ഥാന സന്ദേശങ്ങൾ ഉൾക്കൊണ്ട് വിദ്യാർത്ഥി നേതാവായി വളർന്ന് ത്യാഗവും സഹനവും ജീവിതസമര രീതിയാക്കി മാറ്റി യുവതയുടെ നായകനായി ജനാധിപത്യ പോരാട്ടങ്ങളിൽ വിജയിച്ച് അവിശ്വസനീയമായ ജനകീയ ബന്ധങ്ങൾ സൃഷ്ടിച്ച് മുന്നേറിയ ഉമ്മൻ ചാണ്ടി തലമുറകളെ പ്രചോദിപ്പിച്ച മഹാരഥനായിരുന്നു.**

ഉമ്മൻ ചാണ്ടി സാർ പല ജില്ലകളിലും  പൊതു പരിപാടികൾക്ക് വരുമ്പോൾ ചിലപ്പോൾ അഞ്ചോ ആറോ പരിപാടികൾക്കായിരിക്കും സമയം അനുവദിച്ചിട്ടുണ്ടാവുക. പക്ഷേ ആദ്യ പരിപാടിക്കെത്തുന്നത് പ്രാദേശിക നേതൃത്വം ഏറ്റെടുത്ത മൂന്നാ നാലോ പരിപാടികൾ പൂർത്തിയായതിന് ശേഷമായിരിക്കും. ഉമ്മൻ ചാണ്ടി സാറിനെ അറിയിക്കാതെ ജില്ലാ നേതൃത്വം ഏറ്റെടുത്ത പരിപാടിക്ക് അദ്ദേഹം ഒരു മടിയും കാണിക്കാതെ പങ്കെടുക്കും. ഉമ്മൻ ചാണ്ടിയെ പ്രതീക്ഷിച്ച് കാത്തിരിക്കുന്ന ജനങ്ങൾ അദ്ദേഹം  എത്ര വൈകി വന്നാലും ഉമ്മൻചാണ്ടി സാറിനെ കണ്ടേ മടങ്ങാറുണ്ടായിരുന്നുള്ളു എന്നത് കുട്ടിക്കാലം മുതലേ എന്നെ പോലുള്ളവർ കണ്ട് വരുന്നതാണ്.

ഉമ്മൻ ചാണ്ടി എന്ന ദൈവതുല്യൻ ജീവിച്ചിരുന്ന കാലഘട്ടത്തിൽ ജീവിക്കാൻ കഴിഞ്ഞതിലും അദ്ദേഹത്തിൽ നിന്ന് പാഠങ്ങൾ പലതും പഠിച്ചെടുക്കാൻ കഴിഞ്ഞതിലും എന്റെ ജീവിതത്തിലെ വലിയ അനുഗ്രഹമായി കരുതുകയാണ്.

ഉമ്മൻ ചാണ്ടി സാർ പ്രതിപക്ഷ നേതാവായിരുന്ന കാലഘട്ടത്തിലും മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലും അദ്ദേഹവുമായി കൂടുതൽ അടുത്തിടപഴകിയ സമയങ്ങളിലൊക്കെ എപ്പോൾ തിരുവനന്തപുരത്ത് നിന്ന് നേരിൽ കണ്ടാലും ചോദിക്കുന്ന ഒരു ചോദ്യമുണ്ട്.ആ വാചകം ഇങ്ങനെയാണ്. വണ്ടിക്കാശുണ്ടോ തിരിച്ച് പോകോൻ. പ്രയാസമുണ്ടെങ്കിൽ മോള് പറയണം. നിറമിഴികളോടെ മാത്രമേ ഇത്തരം കാര്യങ്ങൾ ഓർമ്മിക്കാൻ കഴിയുകയുള്ളു. സാധാരണ ഇത്തരം കാര്യങ്ങൾ ചോദിക്കുന്നത് രണ്ടാളുകൾ മാത്രമായിയിരുന്നു.രണ്ടാമത്തെ മഹനീയവ്യക്തി പ്രിയപ്പെട്ട കുഞ്ഞാക്കയായിരുന്നു. കാരണം ഞാനൊന്നും സാമ്പത്തികമായി ഉയർന്ന ശേഷിയുള്ള കുടും





ബത്തിലെ അംഗമായിരുന്നില്ല. സംഘടനാ പ്രവർത്തനത്തി ന്റെ ഭാഗമായി നിൽക്കുമ്പോൾ കുടുംബ സാഹചര്യം വരെ മനസ്സിലാക്കി എന്നെപ്പോലുള്ള സാധാരണ പ്രവർത്തകരെ സഹായിച്ചത് എന്നും ഓർക്കും.. രാഷ്ട്രീയത്തിൽ ഇത്തരം കരുത ലും സ്നേഹവും കാണിക്കുന്ന ത് വളരെ അപൂർവ്വം ആളുകളെ ഉണ്ടാവാറുള്ളൂ.

ബ്ലോക്ക് പഞ്ചായത്ത് പ്രസി ഡന്റായി ഞാൻ തിരഞ്ഞെടുക്ക പ്പെട്ട് സത്യപ്രതിജ്ഞ ചെയ്യാൻ പോകുന്നതിന് മുൻപ് സാർ എന്നെ വിളിച്ചു. വിളിച്ചപ്പോൾ പറഞ്ഞ കാര്യം നമ്മുടെ മുൻ പിൽ ഏതൊരു ജനപ്രതിനിധി ആണെങ്കിലും എത്തുന്ന ഏതെ ങ്കിലും അപേക്ഷകൾ ആരെ ങ്കിലും നമ്മൾക്ക് തരുന്ന ഒരു തുണ്ട് കടലാസ് ആവാം അപേ ക്ഷയാവാം എന്തായിരുന്നാലും അവനെ സംബന്ധിച്ച് അവ ന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം ആയിരി ക്കും. നമ്മൾ ഒത്തിരി പരാതിക ളും മറ്റ് കാര്യങ്ങളും കാണുന്നു ണ്ടാകും നമ്മൾ ചിന്തിക്കേണ്ടത് ആ തുണ്ട് കടലാസുമായി വരുന്ന ആളിനെ സംബന്ധിച്ചി ടത്തോളം അവരുടെ ജീവിത ത്തിലെ ഏറ്റവും വലിയ ഒരു ആവശ്യമായിരിക്കും. എല്ലാ സ്ഥലത്തും പോയി മുട്ടി വിളിച്ചി ട്ടും തുറക്കപ്പെടാതെ രക്ഷപ്പെടാ

**“**

**ഉമ്മൻ ചാണ്ടി എന്ന ദൈവതുല്യൻ ജീവിച്ചി രുന്ന കാലഘട്ടത്തിൽ ജീവിക്കാൻ കഴിഞ്ഞ തിലും അദ്ദേഹത്തിൽ നിന്ന് പാഠങ്ങൾ പലതും പഠിച്ചെടുക്കാൻ കഴിഞ്ഞതിലും എന്റെ ജീവിതത്തിലെ വലിയ അനുഗ്രഹമായി കരുതുകയാണ്.**

തെ ഒന്നും സഹായം കിട്ടാതെ അവസാനത്തെ അത്താണിയാ യിട്ടായിരിക്കും നമ്മുടെ മുൻ പിൽ എത്തുന്നത്. അത് നമ്മൾ ആ രീതിയിൽ ചെയ്തു കൊടു ക്കാൻ പരമാവധി ശ്രദ്ധിക്കണം. നമുക്ക് കഴിയുന്നതാണെങ്കിൽ അത് എവിടെ എതറ്റം വരെ പോയിട്ടും നേടിക്കൊടുക്കാൻ പറ്റുന്നതാണ് എങ്കിൽ അതിന്റെ ശ്രമം നടത്തിക്കൊണ്ടേയിരിക്ക ണം.അത് നമ്മൾ എപ്പോഴും പാലിക്കേണ്ടതാണ്.

ഉമ്മൻ ചാണ്ടി സാർ പറ ഞ്ഞ ഈ കാര്യങ്ങൾ ഇപ്പോഴും എന്റെ മനസിൽ ഒരു പ്രതിധ്വനി പോലെ മുഴങ്ങുകയാണ്.

മഹാരഥനായ ഉമ്മൻ ചാണ്ടി സാറിന്റെ പ്രോജ്വല മായ ഓർമ്മകൾ മലയാളക്കര നിലനില്ക്കുന്ന കാലത്തോളം സൂര്യശോഭയോടെ നിലനില് ക്കും. ഭാരതം കണ്ട ഏറ്റവും ജനകീയനായ മുഖ്യമന്ത്രിയും ഭരണാധികാരിയും ജന നേ താവും എല്ലാം ഉമ്മൻചാണ്ടി യാണ്.

ചരിത്രം ഇങ്ങനെയാണ്. സ്മൃതികൾ ഓരോ രൂപത്തിൽ ഭാവി തലമുറക്ക് വഴികാ ട്ടിയായി നിലനിൽപ്പിക്കും. സഹനസമര പാതയിലൂടെ ഒരു രാജ്യത്തിന്റെ സ്വാതന്ത്ര്യ ത്തിനു വേണ്ടി സമര പോരാ ട്ടത്തെ പുതിയ വഴിത്താരക ളിലൂടെ നയിച്ച് ജനങ്ങൾക്ക് പുതിയ കാഴ്ചപ്പാടും സമര രീതിയും പറഞ്ഞ് പഠിപ്പിച്ച ലോകത്തിന്റെ രാഷ്ട്രീയ സാ മൂഹ്യ ചരിത്രത്തിൽ മറ്റെ ങ്ങും കേട്ടുകേൾവി ഇല്ലാതെ അഹിംസ ഒരു സമരായുധ മാക്കി ലോകത്തിന് പുതിയ വെളിച്ചം നൽകിയ മഹാ ത്മാവ് ഇന്ത്യയുടെ മണ്ണിൽ ഇതിഹാസങ്ങൾ രചിച്ചപ്പോൾ, ഉമ്മൻ ചാണ്ടി എന്ന വലിയ മനുഷ്യൻ ജനകീയത കൊണ്ട് ആത്മാർത്ഥത കൊണ്ട്, സഹാ നുഭൂതി കൊണ്ട്, ഭരണ മികവ് കൊണ്ട്, ജീവിതം കൊണ്ട് ഇതിഹാസതുല്യമായ ചരിത്രം രചിച്ചത് നമുക്ക് ശക്തിയും ആവേശവും ചൈതന്യവുമാ ണ്.

മലയാളക്കരയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആശയാദർശങ്ങൾ മുറുകെ പ്പിടിച്ച് ഒരു തലമുറയെയാ കെ നേരിന്റെ വഴിയിലൂടെ നടത്തിച്ച് ജനാധിപത്യ പോ രാട്ടത്തിന് ത്യാഗത്തിന്റെയും സഹനത്തിന്റെയും ആത്മസ മർപ്പണത്തിന്റെയും പുതിയ പുതിയ പാഠങ്ങൾ പഠിപ്പിച്ച് ആദർശ നിലപാടുകളും ജന കീയ ബന്ധങ്ങളും കൊണ്ട് ജനാധിപത്യ പോരാട്ടത്തിന് നവീനമായ വഴിത്താരകൾ കാട്ടിക്കൊടുത്ത് ജനകീയ ബന്ധം പുതിയ സമരായുധ മാണെന്ന് നാടിനെ ബോധ്യ പ്പെടുത്തിയ ഉമ്മൻ ചാണ്ടി അനശ്വരനാണ്.



**ഷാഫി പറമ്പിൽ**
എം.എൽ.എ.



# കേരളം കണ്ട ഏറ്റവും വലിയ മാനവികൻ




ഈ ഓർമ്മക്കുറിപ്പ് എഴുതുമ്പോൾ പുതുപ്പള്ളി നിയോജക മണ്ഡലത്തിന്റെ ജനപ്രതിനിധി ഉമ്മൻ ചാണ്ടി എന്ന പേര് മാറി ചാണ്ടി ഉമ്മൻ എന്നായിരിക്കുന്നു, രണ്ട് കാലഘട്ടമാണ് ആ രണ്ട് പേരുകളും, ഉമ്മൻ ചാണ്ടി സാറിന്റെ വിയോഗാനന്തരം വളരെ പെട്ടെന്ന് തന്നെ ഉപതിരഞ്ഞെടുപ്പ് നടക്കുകയും പുതിയ സ്ഥാനാർത്ഥിയായി യൂത്ത് കോൺഗ്രസ് നേതാവായ അദ്ദേഹത്തിന്റെ പുത്രൻ ചാണ്ടി ഉമ്മൻ സ്ഥാനാർത്ഥിയായി വരികയും ചെയ്തു, പുതുപ്പള്ളിക്കാർ സാറിനോടുള്ള ആദരവും സ്നേഹവും വോട്ടിലൂടെ ലോകത്തിന് മുന്നിൽ കാണിച്ചു, അതിന്റെ പ്രതിഫലനവും തെളിവുമാണ് പുതുപ്പള്ളി ഉപതിരഞ്ഞെടുപ്പ് .

തോരാത്ത മഴ പോലെയാണെനിക്കിപ്പോഴും ഉമ്മൻ ചാണ്ടി സാറിന്റെ വിയോഗം. അദ്ദേഹത്തെക്കുറിച്ച് എഴുതിയാലും പറഞ്ഞാലും തീരില്ല.  ഒരു ഫോൺ കോളകലെ സാറിന്റെ സാന്നിധ്യമില്ലയെന്നോർക്കുമ്പോൾ ഒരു നൊമ്പരമുണ്ട് എങ്കിലും അദ്ദേഹം പകർന്നതും വഴികാട്ടിയതുമായ ആശയങ്ങളും ആദർശങ്ങളും കൈമുതലാക്കി മുന്നോട്ട് നടക്കുന്നു. പത്രമാധ്യമങ്ങളിലൂടെ അകലെ നിന്ന് അദ്ദേഹത്തെ കാണുന്നതും അറിയുന്നതും യു ഡി.എഫ് കൺവീനറായിരുന്ന കാലത്തായിരുന്നു.

സ്കൂൾ പഠന കാലം കഴിഞ്ഞ് കോളേജിലേക്ക് കാലെടുത്ത് വെച്ചതിന് ശേഷമാണ് വിദ്യാർത്ഥി രാഷ്ട്രീയത്തിലേക്കും ആന്റണി വയലാർ ഉമ്മൻ ചാണ്ടിയെന്ന മുദ്രാവാക്യം അത്യുച്ചത്തിൽ വിളിക്കുന്നതും ഹൃദയത്തിനുള്ളിൽ അതൊരു മുഴക്കമായി മാറിയതും. കോളേജ് യൂനിയനിലേക്ക് മത്സരിക്കുമ്പോഴും കെ.എസ്‌യു രാഷ്ട്രീയ പ്രവർത്തനത്തിൽ സജീവമാകുമ്പോഴും ഒരു പക്ഷേ ഏറ്റവുമധികം വിളിച്ച മുദ്രാവാക്യം ആന്റണി വയലാർ ഉമ്മൻചാണ്ടി പടുത്തുയർത്തിയ പ്രസ്ഥാനം മുദ്രാവാക്യത്തിലവസാനം വിളിച്ച പേര് മനസ്സിൽ ചേക്കേറുന്നത് ഞാനറിഞ്ഞില്ല, എന്നാൽ കെ.എസ്.യു പാലക്കാട് ജില്ലാ സെക്രട്ടറിയായപ്പോൾ അന്നത്തെ സംസ്ഥാന അധ്യക്ഷൻ പി.സി വിഷ്ണുനാഥെന്ന വിഷ്ണുവേട്ടന്റെ നേതൃത്വത്തിൽ കണ്ണൂർ മമ്പറത്ത് നടന്ന ക്യാംപിൽ വെച്ച് അലസ മുടിയും തൂവെള്ള ഖദറും ധരിച്ച ഉമ്മൻ ചാണ്ടിയെന്ന നേതാവിനെ അടുത്തിരു



> ഈ നൂറ്റാണ്ടിൽ കേരളം കണ്ട ഏറ്റവും വലിയ മാനവികൻ എന്ന് അക്ഷരം തെറ്റാതെ വിളിക്കാവുന്ന നേതാവാണ് ഉമ്മൻ ചാണ്ടി...

ന്ന് കാണുവാൻ കഴിഞ്ഞത്, മനസ്സിൽ ഒരു ആരാധനാ പാത്രമായി ഉമ്മൻ ചാണ്ടി സാറ് വളരുന്നുണ്ടായിരുന്നു, പിന്നീട് ആ തണലിൽ പാലക്കാട് കെ.എസ്.യു ജില്ലാ അദ്ധ്യക്ഷനായി. അതിന് ശേഷമാണ് ഉമ്മൻ ചാണ്ടി സാർ എന്നെ ഷാഫീ എന്ന് എവിടെക്കാണുമ്പോഴും വിളിക്കുന്നത്, വരുന്നതും, ആൾക്കൂട്ടത്തിൽ വെച്ച് അദ്ദേഹം പതിഞ്ഞ ശബ്ദത്തിൽ ഷാഫീ എന്ന് വിളിച്ചപ്പോഴുള്ള അനുഭൂതി ഒടുവിൽ അദ്ദേഹം നമ്മെ വിട്ടു പോകുന്നതിനും അദ്ദേഹത്തിന്റെ ശബ്ദം നഷ്ടപ്പെടുന്നതിന് മുമ്പ് വിളിച്ചപ്പോഴും എനിക്കുണ്ടായിരുന്നു.

ജില്ലാ അദ്ധ്യക്ഷ സ്ഥാനമേറ്റെടുത്തതിന് ശേഷം കെ.എസ്.യു ക്യാംപിലും സമര പോരാട്ടങ്ങൾക്കിടയിലുമെല്ലാം അദ്ദേഹത്തിന്റെ സാന്നിധ്യം കൂടുതൽ ഊർജ്ജമായി മാറി, കാണുമ്പോഴൊക്കെ ചേർത്ത് നിർത്തി അദ്ദേഹം നൽകിയ മാർഗ്ഗ നിർദ്ദേശങ്ങൾ ഇന്നും അണയാത്ത വിളക്കായി മുന്നിലുണ്ട്, അതിനിടെ കെ.എസ്.യു വിന്റെ സംഘടന തിരഞ്ഞെടുപ്പിൽ സംസ്ഥാന പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിക്കുവാനും എന്നെ വിജയിപ്പിക്കുവാനും മുൻ കൈയ്യെടുത്ത നേതാവാണ് ഉമ്മൻ ചാണ്ടി.

അദ്ദേഹമെന്ന നേതാവ് ഇല്ലെങ്കിൽ ഒരു പക്ഷേ ഷാഫി പറമ്പിൽ എന്ന നിയമസഭ സാമാജികനോ വിദ്യാർത്ഥി നേതൃ സ്ഥാനം വഹിച്ച വ്യക്തിയോ ഉണ്ടാവുമായിരുന്നില്ല, കോൺഗ്രസിന്റെ നേതൃസ്ഥാനത്ത് ചെറുപ്പക്കാർ കടന്ന് വരുന്നത് കാണുമ്പോൾ ഏറ്റവുമധികം സന്തോഷിച്ചിരുന്ന നേതാവ് കൂടിയാണ് ഉമ്മൻ ചാണ്ടി.



സെക്രട്ടറിയേറ്റ് മാർച്ചിനിടയിലും സംഘർഷത്തിനിടയിലും പരിക്കേറ്റു തിരുവനന്തപുരം ജനറൽ ആശുപത്രിൽ കിടക്കുമ്പോൾ വെപ്രാളത്തോടെ ഓടി വന്ന് അടുത്തിരിക്കുന്ന സാറിന്റെ മുഖം ഞാനോർക്കുന്നു എന്റെ രക്ഷിതാവിന്റെ കരുതലായിരുന്നു, ആ കരുതൽ വിട്ടു പോയപ്പോഴാണ് അറിയാതെ ഞാൻ വിതുമ്പിപ്പോയതും.

കെ.എസ്.യു സംസ്ഥാന അദ്ധ്യക്ഷനായപ്പോൾ നടന്ന നിയമസഭ തിരഞ്ഞെടുപ്പിൽ പാലക്കാട് നിയമസഭ സീറ്റിൽ മത്സരിക്കുമ്പോൾ അണച്ച് ചേർത്ത് ഭയപ്പെടേണ്ട ജയിച്ച് വാ എന്ന് പറഞ്ഞു യാത്ര ചോദിച്ചതെല്ലാം മനസ്സിലൂടെ കടന്ന് പോകുന്നു. പാലക്കാട് നിയോജക മണ്ഡലത്തിൽ നിന്ന് ജയിച്ച് നിയമസഭയിലെത്തിയപ്പോൾ മണ്ഡലത്തിലേക്ക് ആവശ്യമുള്ള ഫണ്ട് നിർലോഭം തരുകയും ചെയ്ത മുഖ്യമന്ത്രിയായിരുന്നു ഉമ്മൻ ചാണ്ടി. പാലക്കാട് നിയോജക മണ്ഡലത്തിലെ വികസനത്തിന് ഞാൻ ഏറ്റവും കടപ്പെട്ടിരിക്കുന്നതും സാറോടാണ്. പാലക്കാടിന് ഒരു സർക്കാർ മെഡിക്കൽ കോളേജ്,എണ്ണമറ്റ വികസന പ്രവർത്തനങ്ങൾ സമ്മാനിച്ച ജനനയകനെ പാലക്കാടൻ ജനത മറക്കില്ല.

കെ.എസ് യു അദ്ധ്യക്ഷ സ്ഥാനത്ത് നിന്നും യൂത്ത് കോൺഗ്രസിലേക്ക് സംഘടന ചുമതല മാറിയപ്പോഴും ഉമ്മൻ ചാണ്ടി സാറിന്റെ കരുതലും സ്നേഹവും എന്നുമുണ്ടായിരുന്നു. എണ്ണിയാലൊടുങ്ങാത്ത കാരുണ്യത്തിന്റെ അനുഭവങ്ങൾ അദ്ദേഹത്തെക്കുറിച്ച് പറയാനുണ്ട് നിരവധി മനുഷ്യർ ആ തണലിൽ ആശ്വാസം കണ്ടെത്തിയിരുന്നു. രാഷ്ട്രീയ എതിരാളികൾ സാറെ വേട്ടയാടിയതും അതിനെയെല്ലാം സൗമ്യമായി നേരിട്ടതുമെല്ലാം രാഷ്ട്രീയ ജീവിതത്തിൽ ഞാനടക്കമുള്ളവർക്കും ഇനി വരുന്ന തലമുറക്കും ഒരു പാഠമാണ്.

വിശ്രമമില്ലാത്ത, കാലുഷ്യമില്ലാത്ത ഒരു നേതാവായിരുന്നു ഉമ്മൻ ചാണ്ടി സാർ. മരണം മുതൽ പുതുപ്പള്ളി പള്ളിയിൽ അന്ത്യ വിശ്രമത്തിനായി പോകും വരെ അണമുറിയാത്ത ജനത്തെ നാം കണ്ടതാണ്, ജീവിതത്തിലും മരണത്തിലും ഒരു പോലെ മനുഷ്യർക്ക് ആശ്വാസവും വിശ്വാസവും പകർന്ന നേതാവായ സാർ പകർത്താനോ തിരുത്താനോ കഴിയാത്ത പാഠമാണ്, ഈ നൂറ്റാണ്ടിൽ കേരളം കണ്ട ഏറ്റവും വലിയ മാനവികൻ എന്ന് അക്ഷരം തെറ്റാതെ വിളിക്കാവുന്ന നേതാവാണ് ഉമ്മൻ ചാണ്ടി...

അഡ്വ. ജി. സുബോധൻ
കെപിസിസി ജന. സെക്രട്ടറി



# ഉമ്മൻചാണ്ടി കേരള രാഷ്ട്രീയത്തിലെ ഋഷിവര്യൻ



രാഷ്ട്രീയത്തിലേക്ക് ദൈവം സംഭാവന ചെയ്ത ഒരു ഋഷിവര്യനായിട്ടേ ഉമ്മൻചാണ്ടിയെ അടുത്തറിയാവുന്നർക്കൊക്കെ കുരതാനാകൂ. എതിരാളികളെ സ്നേഹിക്കുകയും വിരോധിച്ച് വരുന്നവരെ മാന്യതയോടെ കൈകാര്യം ചെയ്യുന്നതുമൊക്കെ അദ്ദേഹത്തിന്റെ തനതുശൈലിയുടെ ഭാഗമാണ്. ഒരിക്കലും അധികാരം അഹങ്കാരമായി കാണാനും അധികാരമില്ലായ്മ ഒരു ന്യൂനതയായി കണക്കാക്കാനോ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ലയെന്നത് ഒരു നഗ്നസത്യമായിത്തന്നെ അവശേഷിക്കുന്നു. ഏറെ പ്രത്യേകതകളുള്ള ഒരു രാഷ്ട്രീയ ജീവതത്തിന്റെ ഉടമയായിരുന്നു ഉമ്മൻചാണ്ടി. ഒരേ മണ്ഡലത്തിൽനിന്ന് 40 വർഷം തുടർച്ചയായി നിയസഭാംഗമാകുക എന്നതുതന്നെ മറ്റാർക്കും അവകാശപ്പെടാനാകാത്ത നേട്ടമാണ്. ഈ കാലഘട്ടങ്ങളിലും അതിനു മുമ്പുമൊക്കെ ഉമ്മൻചാണ്ടിക്ക് തന്റെ ജീവതത്തിൽ വ്യാഖ്യാനിക്കാനാവുന്ന ഭാവവ്യത്യാസങ്ങളൊന്നും നമുക്ക് ദർശിക്കാനാവില്ല. അദ്ദേഹം 1970ൽ ആദ്യമായി നിയമസഭാഗമായി. തുടർന്ന് തൊഴിൽമന്ത്രി, ആഭ്യന്തര മന്ത്രി, യുഡിഎഫ് കൺവീനർ, ധനകാര്യ മന്ത്രി, വീണ്ടും യുഡിഎഫ് കൺവീനർ. 2004 ആഗസ്ത് 31ന് മുഖ്യമന്ത്രി. ഇത്രയേറെ സ്ഥാനങ്ങളിലിരുന്ന ശ്രീ. ഉമ്മൻചാണ്ടിയെ ഒരിക്കലും ആർക്കും വ്യത്യസ്തനായി കാണാൻ കഴിഞ്ഞിട്ടില്ലായെന്നതുതന്നെയാണ് അദ്ദേഹത്തിന്റെ പ്രത്യേകത. എക്കാലത്തും ഉമ്മൻചാണ്ടി ഒരേ ഉമ്മൻചാണ്ടി തന്നെയായിരുന്നുവെന്നതും പറയാതിരിക്കാൻ കഴിയില്ല. ഒരുപക്ഷേ കേരളത്തിനും ഇന്ത്യക്കും കോൺഗ്രസ് പാർട്ടിക്കും ലഭിച്ച അമൂല്യനിധിയാണ് അദ്ദേഹം എന്നേ കരുതാനാകൂ.



നിതാന്ത വൈരുദ്ധ്യവും വൈരാഗ്യബുദ്ധിയും ഒന്നും നേതാക്കൾക്ക് ഭൂഷണമല്ലെന്ന് സ്വന്തം ജീവിതത്തിലുടനീളം നമുക്ക് കാട്ടിത്തന്ന, നമ്മെ സ്നേഹിച്ച, ഉത്തമ മനസ്സിന്റെ ഉടമയാണ് ശ്രീ ഉമ്മൻചാണ്ടി. ഇക്കാലത്തിനിടയിൽ നാം പല മുഖ്യമന്ത്രിമാരെയും കണ്ടുവല്ലോ. അവരിൽനിന്നൊക്കെ ഒരുപിടി പ്രത്യേകത- അതും മനുഷ്യർക്ക് ഇണങ്ങിച്ചേരുവാനുള്ള സ്വഭാവശുദ്ധിയുള്ള മുഖ്യമന്ത്രിയായിത്തന്നെ അദ്ദേഹത്തെ കണക്കാക്കേണ്ടതുണ്ട്. ആരോടും പകയില്ല. പരിഭവമില്ല. വൈരാഗ്യമില്ല. ആരേയും ബുദ്ധിമുട്ടിക്കുവാൻ താൽപര്യമില്ല. ഏത് അഭ്യർത്ഥനയും സാവകാശം കേൾക്കുകയും അതിനൊക്കെ പരിഹാരം കണ്ടെത്തി അവരെ സമാശ്വസിപ്പിക്കുന്നതിൽ സന്തോഷം കണ്ടെത്തിയ ഒരു ഭരണാധികാരിയായിരുന്നു അദ്ദേഹം. കേരളത്തിലെ ഒരു കേന്ദ്രമന്ത്രിയെ നോക്കി നിന്നെ ഞാൻ ആറു മാസത്തിനുള്ളിൽ താഴെയിറക്കും എന്നും പറഞ്ഞാലും അതേ വാക്ക് നടപ്പാക്കുകയും ചെയ്ത നേതൃത്വവും കേ

> ഏത് അഭ്യർത്ഥനയും സാവകാശം കേൾക്കുകയും അതിനൊക്കെ പരിഹാരം കണ്ടെത്തി അവരെ സമാശ്വസിപ്പിക്കുന്നതിൽ സന്തോഷം കണ്ടെത്തിയ ഒരു ഭരണാധികാരിയായിരുന്നു അദ്ദേഹം.

രളത്തിലുണ്ടായിരുന്നു. ഇവിടെയാണ് ശ്രീ. ഉമ്മൻചാണ്ടിയുടെ പ്രസക്തി.

## ചില അനുഭവങ്ങൾ

വർഷങ്ങൾക്കുമുമ്പ് INTUC ദേശീയ സമ്മേളനം ബാംഗ്ലൂരിൽഡ നടന്നപ്പോൾ, കേരള മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻചാണ്ടി പതിവുപോലെ ഈ സമ്മേളനത്തിലും ഒരു സെഷന്റെ ഉദ്ഘാടകനായി ക്ഷണിക്കപ്പെട്ടിരുന്നു. 5 pm നായിരുന്നു ഉദ്ഘാടന ചടങ്ങ്. എല്ലാ സംസ്ഥാനങ്ങളിലെയും നേതാക്കന്മാർ ആകാംക്ഷയോടെ കാത്തിരുന്നു. സമയം 6.. 7.. 8.. മണിയായപ്പോൾ തൊണ്ണൂറു ശതമാനും പേരും കാത്തിരിപ്പു മതിയാക്കി പിരിഞ്ഞുപോയി. 9 മണിയായപ്പോൾ കേരളാ നേതാക്കന്മാരും ഉറങ്ങാനായി റൂമുകളിലേക്ക് മടങ്ങി. വരുമെന്ന അറിയിപ്പുകൾ തിരുവനന്തപുരത്തുനിന്നും ഇടയ്ക്കിടെ ലഭിച്ചിരുന്നെങ്കിലും ക്യാബിനറ്റ് മീറ്റിംഗിലാണെന്നും അറിയിപ്പുണ്ടായിരുന്നു. ഏതായാലും നേതൃത്വനിരയിലുള്ള ഞങ്ങൾ എട്ടുപത്തുപേർ അവിടത്തന്നെ കാത്തിരിപ്പു തുടർന്നു. 9 മണി കഴിഞ്ഞപ്പോൾ പത്തേകാലോടെ അദ്ദേഹം സമ്മേളന സ്ഥലത്തെത്തുമെന്ന് അറിയിപ്പ് കിട്ടി. ഞങ്ങൾ പെട്ടെന്ന് വിവിധ ഹോട്ടലുകളിൽ ഉറങ്ങിക്കിടന്ന കേരളാ നേതാക്കളെ വിളിച്ചുവരുത്തി. ഏകദേശം അമ്പതോളം പേർ എത്തി. മുഖ്യമന്ത്രി തിരുവനന്തപുരത്തുനിന്നും ബാംഗ്ലൂർ വഴിയുള്ള ഡൽഹി വിമാനത്തിൽ ബാംഗ്ലൂരിൽ ലാൻഡ് ചെയ്തപ്പോൾ വിമാനാധികാരികളുടെ അനുവാദത്തോടെ അവിടെനിന്നും കാറിൽ സമ്മേളന സ്ഥലത്തെത്തി. പറഞ്ഞറിയിക്കാനാവാത്ത ആവേശത്തിൽ ഞങ്ങളൊക്കെ പരിസരബോധം കൈവിട്ടവരായി മാറി എന്നുതന്നെ പറയേണ്ടതുണ്ട്. നമ്മുടെ മുഖ്യൻ വരുന്നതറിഞ്ഞ് മറ്റ് സംസ്ഥാനങ്ങളിലുള്ള കുറച്ചുപേരും ഓടിയെത്തി. അന്ന് സമ്മേളന ഡെലിഗേറ്റുകൾക്ക് റിസ്റ്റ് വാച്ചാണ് കോംപ്ലിമെന്റായി നൽകിയത്. മുഖ്യമന്ത്രി വന്നയുടൻ എല്ലാപേരും വളഞ്ഞു. ആവേശമേറിയ മുദ്രാവാക്യങ്ങളോടെ സ്വീകരിച്ചു. ആ പാതിരാത്രിയിൽ പ്രസംഗിക്കണമെന്ന ആവശ്യവും അദ്ദേഹം നിറവേറ്റി. വന്നയുടനെ ഓരോരുത്തരും അദ്ദേഹത്തിന്റെ ഇടതുകയ്യിലും വലതുകയ്യിലുമായി വാച്ചുകൾ കെട്ടിക്കൊടുത്ത് സന്തോഷം പങ്കിട്ടു. നേതാക്കൾ അങ്ങോട്ടും ഇങ്ങോട്ടും പിടിച്ചുവലിച്ചു. ഇതിന്റെ ഇടയിൽനിന്ന് സുസ്മേരവദനനായി ഇത് ആസ്വദിച്ച മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ ആർക്കാണ് മറക്കാനാകുക? ഈ ആഹ്ലാദത്തിമിർപ്പിനിടയിൽ ഷർട്ട് കീറിയപ്പോൾ അദ്ദേഹം അതേ വേഷത്തിൽ തിരിച്ച് എയർപോർട്ടിലേക്കും വന്ന വിമാനത്തിൽതന്നെ ഡൽഹിക്കും മടങ്ങി. ഈ സംഭവത്തിന് സാക്ഷിയായ ബാംഗ്ലൂർ സ്വദേശിയായ ഒരു നേതാവിന്റെ വാക്കുകൾ ഏറെ ചാരിതാർത്ഥ്യം പകരുന്നതായിരുന്നു. അദ്ദേഹം ഒരു നെടുവീർപ്പോടെ കന്നട ഭാഷയിൽ പറയുന്നുണ്ടായിരുന്നു.



> ആഹ്ലാദത്തിമിർപ്പിനിടയിൽ ഷർട്ട് കീറിയപ്പോൾ അദ്ദേഹം അതേ വേഷത്തിൽ തിരിച്ച് എയർപോർട്ടിലേക്കും വന്ന വിമാനത്തിൽതന്നെ ഡൽഹിക്കും മടങ്ങി.

അവരു ഭാരതതാ രാജകിയാദല്ലി ബെരഗു മുടിസിതാരു അദുറു ഒന്തികെ അവരുക്ലീൻ ഇമേജ് ഹൊന്തിരുപാ വ്യക്തിമത്തു യാവാഗലു ഈത്തര ജനരയോഗക്ഷേമക്ക് ആഗികെൽസ മാടുത്താരെ. ഈ നായകാത്വ കോൺഗ്രസ് പക്ഷകെ മത്തു ഭാരതകെ സദാ മതരിയാഗു. ആദരല്ലി സംശയവില്ല. കേരളത ജനരു നിവു ആദിർഷ്ടവന്തിരു (ഇദ്ദേഹം ഇന്ത്യൻ രാഷ്ട്രീയത്തിലെ ഒരു വിസ്മയമാണ്. ഒപ്പം രാഷ്ട്രീയത്തിലെ കറപുരളാത്ത കർമ്മയോഗിയും.

ഈ ഉത്തമനേതൃത്വം കോൺഗ്രസിനും ഇന്ത്യ



> ഡൽഹിയിൽ പോകുന്നതും വലിയ ബാഗേജിന്റെ അകമ്പടിയോടെ യൊന്നുമല്ല. ഒരു ദിവസത്തേയ്ക്കുള്ള അത്യാവശ്യ സാധനങ്ങളുടെ ഒരു പൊതിയോ, ബാഗോ മാത്രമേ കൂടെയുണ്ടാവൂ.

ക്കും എക്കാലത്തും മാതൃകയാകുമെന്നതിൽ സംശയമേ ഇല്ല. നിങ്ങൾ കേരളീയർ ഭാഗ്യശാലികൾ) ഇതാണ് ഉമ്മൻചാണ്ടിയെപ്പറ്റി ഭാരതം വിലയിരുത്തുന്ന വസ്തുത എന്നാണ് നാം ഉൾക്കൊള്ളേണ്ടത്.


ഒരിക്കൽ തിരുവനന്തപുരത്തുനിന്നും ഡൽഹിക്കു പോകുകയായിരുന്നു ഞാൻ. ആ വിമാനത്തിൽ വിമാനം യാത്രയാകാറായപ്പോൾ ഉമ്മൻചാണ്ടിസാർ വന്നു. അദ്ദേഹത്തിന്റെ സീറ്റ് എന്റെ തൊട്ടടുത്തായിരുന്നു. എട്ടുപത്തു ഫയലുകളും കയ്യിലുണ്ട്. അല്പസമയം സംസാരം കഴിഞ്ഞ് അദ്ദേഹം ആ ഫയലുകൾ നോക്കാൻ തുടങ്ങി. ഇൻഡിഗോ വിമാനമായിരുന്നു. 1.30 മണിയായപ്പോൾ അദ്ദേഹം എന്നോട് ചോദിച്ചു. ഈ വണ്ടിയിൽ ആഹാരം എന്തെങ്കിലും ഉണ്ടാവുമോ? ഇൻഡിഗോ വിമാനത്തിൽ ആഹാരം ലഭ്യമല്ലല്ലോ. ഞാൻ പെട്ടെന്ന് എന്റെ പക്കൽ ഉണ്ടായിരുന്ന ഒരു ആപ്പിൾ അരിഞ്ഞ് ഒരു പ്ലേറ്റിൽ വച്ചുകൊടുത്തു. ഓരോ കഷ്ണം കഴിച്ചും ഫയലുകൾ നോക്കിയും ഡൽഹിയിലെത്തി. ഞാനിതു വിവരിക്കുവാൻ കാരണം ആഹാരമൊന്നും അദ്ദേഹത്തിന് പ്രാധാന്യമുള്ള കാര്യങ്ങളല്ല എന്നു സൂചിപ്പിക്കാനാണ്. ഡൽഹിയിൽ പോകുന്നതും വലിയ ബാഗേജിന്റെ അകമ്പടിയോടെയൊന്നുമല്ല. ഒരു ദിവസത്തേയ്ക്കുള്ള അത്യാവശ്യ സാധനങ്ങളുടെ ഒരു പൊതിയോ, ബാഗോ മാത്രമേ കൂടെയുണ്ടാവൂ.




വീട്ടിലായാലും അടുക്കളവരെയുള്ള ആൾക്കൂട്ടത്തിനിടയിൽ നിന്ന് ഭക്ഷണം കഴിക്കാനും ജനങ്ങളെ എപ്പോഴും ഏതു രാത്രിയും കാണാനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും ഏതു പാതിരാത്രിയിലും ഫോൺവിളിച്ചാൽ എടുക്കാനും മടിയില്ലാത്ത ഒരു മുഖ്യമന്ത്രിയും, സാക്ഷാൽ മനുഷ്യസ്നേഹിയുമായ ഒരു നേതാവെന്നു മാത്രമല്ല, ഒരു ദൈവസ്പർശിയായ മനുഷ്യജീവിതത്തിന്റെ ഉത്തമ ഉദാഹരണം കൂടിയായിരുന്നു ശ്രീ. ഉമ്മൻചാണ്ടി.

ഇന്ന്, ഉദ്യോഗസ്ഥർക്കും, പെൻഷൻകാർക്കുമായി ഇടതുസർക്കാർ നൽകാനുള്ള കുടിശ്ശിക നാൽപ്പതിനായിരം കോടിരൂപയാണ്. വളരെ സൂക്ഷ്മതയോടെ സശ്രദ്ധം ഓരോ ഇഞ്ചും മുന്നോട്ടു പോകേണ്ട അതിപ്രധാന സാഹചര്യമാണ് നമ്മുടെ മുന്നിലുള്ളത്. ആവശ്യത്തിനും അനാവശ്യത്തിനും അവകാശസമരങ്ങൾ നടത്തിപ്പോന്നവർ കഴിഞ്ഞ ഏഴര വർഷമായി മാളങ്ങളിൽ ഒതുങ്ങിപ്പോയത് വിധിയുടെ വൈപരിത്യമെന്നേ കരുതാനാകൂ. കിട്ടേണ്ടതു വേണ്ട കിട്ടാനുള്ളതും വേണ്ട എന്ന സാഹചര്യത്തിലെത്തിയവർ അവിടെത്തന്നെ സ്വസ്ഥമായി നിൽക്കട്ടെ. ഇവിടെയാണ് ശ്രീ. ഉമ്മൻചാണ്ടിയുടെ പ്രസക്തി. അദ്ദേഹം മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയുമൊക്കെ ആയിരുന്നപ്പോൾ ഇത്തരമൊരു സാഹചര്യം അനുവദിച്ചിട്ടില്ല എന്നതും അതാണ് ഒരു ഭരണാധികാരിയുടെ കടമയും ഉത്തരവാദിത്തവും എന്നതും ഏറെ പ്രാധാന്യമർഹിക്കുന്ന വസ്തുതകളാണ്. അദ്ദേഹത്തിന്റെ ജ്വലിക്കുന്ന ഓർമ്മകൾക്കു മുന്നിൽ ഒരുപിടി പുഷ്പങ്ങൾ അർപ്പിക്കുന്നു. ●

**ആര്യാടൻ ഷൗക്കത്ത്**
കെപിസിസി
ജന. സെക്രട്ടറി



# അന്നത്തെ 25 രൂപ

പിതാവ് ആര്യാടൻ മുഹമ്മദും ഉമ്മൻചാണ്ടിയുമായുള്ള ആത്മബന്ധത്തെ ശ്രീ. ആര്യാടൻ ഷൗക്കത്ത് അനുസ്മരിക്കുന്നു.




ഒരു നിർണായകഘട്ടത്തിൽ ആര്യാടൻ മുഹമ്മദ് നൽകിയ 25 രൂപ ഉമ്മൻചാണ്ടിയുടെ മാനം കാത്ത കഥയാണിത്. ഉമ്മൻചാണ്ടി നിയമസഭാ സാമാജികത്വത്തിന്റെ സുവർണജൂബിലി ആഘോഷിക്കുന്ന സമയത്ത് അദ്ദേഹവുമായി നടത്തിയ അഭിമുഖത്തിനിടയിലാണ് ഇക്കാര്യം വെളിപ്പിടുത്തിയതെന്ന് ഞാൻ ഓർക്കുന്നു.

കെ.എസ്.യു.വിന്റെ ദശവാർഷിക സമ്മേളനം കോഴിക്കോട് നടക്കുകയാണ്. അന്ന് ഉമ്മൻചാണ്ടി കെ.എസ്.യു. പ്രസിഡന്റ്, പിതാവ് കോഴിക്കോട് ഡിസിസി ജനറൽ സെക്രട്ടറിയും സമ്മേളനം ഉദ്ഘാടനം ചെയ്യാനെത്തിയത് അന്നത്തെ യൂത്ത് കോൺഗ്രസ് അഖിലേന്ത്യാ പ്രസിഡന്റായിരുന്ന എൻ.ഡി. തിവാരിയായിരുന്നു. അദ്ദേഹം പിന്നീട് യു.പിയുടെയും ചത്തീസ്ഗഢിന്റെയും മുഖ്യമന്ത്രിയും കേന്ദ്രമന്ത്രിയുമൊക്കെയായി കോഴിക്കോട് സമ്മേളനം കഴിഞ്ഞ് തിവാരിയെ തിരിച്ച് യാത്രയാക്കേണ്ട ചുമതല ഉമ്മൻചാണ്ടിക്കായിരുന്നു. ബെംഗളൂരുവിലേക്കാണ് അദ്ദേഹത്തിനു പോകേണ്ടിയിരുന്നത്. ബസ് സ്റ്റേഷനിലേക്ക് തിവാരിയുമായി പുറപ്പെടാൻ ഒരുങ്ങിയപ്പോഴാണ് വണ്ടിക്കൂലിയില്ലെന്ന കാര്യം അദ്ദേഹം പറയുന്നത്. ഉമ്മൻചാണ്ടിയുടെ കൈയിലും പണമില്ല. 22 രൂപയാണ് ടിക്കറ്റ് നിരക്ക്. എന്തു ചെയ്യണമെന്നറിയാതെ വിഷമിച്ചുപോയി. നേരെ ഡിസിസി ഓഫീസിലേക്കുപോയി. പിതാവ് ഓഫീസിലെ അദ്ദേഹ

> **പിതാവ് ഓഫീസിലെ അദ്ദേഹത്തിന്റെ സ്വകാര്യമുറിയിൽ കുപ്പായമൊക്കെ ഊരിയിട്ട് വിശ്രമിക്കുകയാണ്. രണ്ടുംകൽപ്പിച്ച് തിവാരിയുമായി മുറക്കകത്തേക്കുകയറി കാര്യം പറഞ്ഞു. ഒന്നും മിണ്ടാതെ പിതാവ് കീശയിൽ നിന്ന് 25 രൂപയെടുത്ത് തിവാരിക്കു നൽകി. അങ്ങനെ തിവാരിയെ യാത്രായക്കി.**

ത്തിന്റെ സ്വകാര്യമുറിയിൽ കുപ്പായമൊക്കെ ഊരിയിട്ട് വിശ്രമിക്കുകയാണ്. രണ്ടും കൽപ്പിച്ച് തിവാരിയുമായി മുറക്കകത്തേക്കുകയറി കാര്യം പറഞ്ഞു. ഒന്നും മിണ്ടാതെ പിതാവ് കീശയിൽ നിന്ന് 25 രൂപയെടുത്ത് തിവാരിക്കു നൽകി. അങ്ങനെ തിവാരിയെ യാത്രായക്കി.

പിന്നീട് തിവാരി കേന്ദ്ര തൊഴിൽമന്ത്രിയായ കാലത്ത് പിതാവ് കേരളത്തിന്റെ തൊഴിൽമന്ത്രിയായിരുന്നു. തൊഴിൽമന്ത്രിമാരുടെ യോഗത്തിൽ പിതാവിനെ കണ്ട തിവാരി ആ പഴയ 25 രൂപയുടെ കഥ ഓർമിപ്പിച്ചു. അന്ന് 25 രൂപ നൽകിയത് ഉമ്മൻചാണ്ടിയെ രക്ഷിക്കാനായിരുന്നുവെന്നാണ് പിതാവ് ചിരിച്ചുകൊണ്ടു പറഞ്ഞത്.



## പായയിൽ ഉറങ്ങുന്ന നേതാവ്

ഡിസിസി പ്രസിഡന്റായിരുന്നപ്പോൾ കോഴിക്കോട്ടെ ഓഫീസിൽതന്നെയാണ് കുഞ്ഞാക്കയുടെ താമസം. പുലർച്ചെ മൂന്നരയോടെ എത്തുന്ന തീവണ്ടിയിലാണ് ഉമ്മൻചാണ്ടി കോഴിക്കോട്ടെത്തുക. ഡിസിസി ഓഫീസിലെത്തിയാൽ എല്ലാവരും കൂർക്കംവലിച്ച് ഉറങ്ങുകയായിരിക്കും. ആരെയും വിളിക്കാതെ ഓഫീസ് മൂലയിലെ പായവിരിച്ച് ഉമ്മൻചാണ്ടിയും വരാന്തയിൽ കിടന്നുറങ്ങും. ആര്യാടൻ രാവിലെ മുറിയിൽ നിന്ന് ഇറങ്ങിവരുമ്പോഴാണ് ഉമ്മൻചാണ്ടി വരാന്തയിൽ കിടന്നുറങ്ങുന്നതു കാണുക. വന്ന വിവരം അറിയിക്കാത്തതിൽ പരിഭവം പറയും. ഇനി വരുന്ന വിവരം മുൻകൂട്ടി അറിയിച്ചാൽ താമസിക്കാൻ മുറിയൊരുക്കാമെന്ന് പറഞ്ഞാലും അതൊന്നും അനുസരിക്കില്ല.

**“ഒരു സിഗരറ്റിൽനിന്ന് മറ്റൊരു സിഗരറ്റിലേക്ക് കൊളുത്തിക്കൊണ്ട് കുഞ്ഞാക്ക ചർച്ചയിൽ സജീവമാകും. അതെങ്ങനെ പറ്റും ആര്യാടാ എന്ന് ഉമ്മൻചാണ്ടി ചോദിക്കുമ്പോൾ കാര്യകാരണ സഹിതം കുഞ്ഞാക്ക വിശദീകരിക്കുന്നതിനും പുഞ്ചിരിയോടെ മടങ്ങുന്നതിനും എത്രയോ തവണ ഞാൻസാക്ഷിയായിട്ടുണ്ട്.**


## കുഞ്ഞൂഞ്ഞും കുഞ്ഞാക്കയും

രണ്ടുപേരുടെയും പേരിനുപോലും സാദൃശ്യമുണ്ട്. പിതാവിനെ നിലമ്പൂരുകാർ കുഞ്ഞാക്കയെന്നു വിളിക്കുമ്പോൾ ഉമ്മൻചാണ്ടിയെ പ്രിയപ്പെട്ടവർ കുഞ്ഞൂഞ്ഞെന്നു വിളിക്കും. ഞാൻ തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ പഠിക്കുന്ന കാലത്ത് പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ഉമ്മൻചാണ്ടി എം.എൽ.എ. ഹോസ്റ്റലിലെ ആര്യാടന്റെ മുറിയിലേക്കു വരാറുണ്ടായിരുന്നു. ഒരു സിഗരറ്റിൽനിന്ന് മറ്റൊരു സിഗരറ്റിലേക്ക് കൊളുത്തിക്കൊണ്ട് കുഞ്ഞാക്ക ചർച്ചയിൽ സജീവമാകും. അതെങ്ങനെ പറ്റും ആര്യാടാ എന്ന് ഉമ്മൻചാണ്ടി ചോദിക്കുമ്പോൾ കാര്യകാരണ സഹിതം കുഞ്ഞാക്ക വിശദീകരിക്കുന്നതിനും പുഞ്ചിരിയോടെ ഉമ്മൻചാണ്ടി മടങ്ങുന്നതിനും നിരവധി തവണ ഞാൻ സാക്ഷിയായിട്ടുണ്ട്.

പിതാവിന്റെ മരണത്തെത്തുടർന്ന് ആര്യാടൻ മുഹമ്മദ് ഫൗണ്ടേഷൻ രൂപവൽക്കരിക്കാൻ എന്നോട് പറഞ്ഞത് അദ്ദേഹമായിരുന്നു. അതിന്റെ ചെയർമാനാകണമെന്ന അപേക്ഷ അദ്ദേഹം സ്നേഹത്തോടെ സമ്മതിച്ചു. ഉമ്മൻ ചാണ്ടി അവസാനമായി മലപ്പുറത്തെത്തിയും പിതാവിന്റെ അനുസ്മരണച്ചടങ്ങിൽ പങ്കെടുക്കാനായിരുന്നു.

# കാഴ്ചപ്പാട്





**ഗോപകുമാർ ബി**
സംസ്ഥാന ട്രഷറർ

ജീവിതത്തെക്കുറിച്ച് വിശാലമായ ഒരു കാഴ്ചപ്പാട് നമുക്ക് ഉണ്ടാകണം. മനുഷ്യഗുണങ്ങളിൽ ഏറ്റവും പ്രധാനം സത്യവും സ്നേഹവുമാണ്. ജീവിതം സത്യസന്ധമായിരിക്കണം. പുഞ്ചിരിക്കുന്ന മുഖവും തുടിക്കുന്ന ഹൃദയവും നമ്മുടെ അടയാളങ്ങളാവണം. ഹൃദയതാളത്തിനൊപ്പം ഓരോ നിമിഷവും ക്രമീകരിക്കണം. മനുഷ്യജീവിതം പൂർണ്ണത തേടിയുള്ള യാത്രയാണ്. ആ യാത്രയിൽ വന്നുചേരുന്ന അവസരങ്ങളെല്ലാം ജീവിതവഴിയിലെ വിളക്കുമാടങ്ങളാണ്. അവസരങ്ങളെ നാം ഒരിക്കലും അവഗണിക്കരുത്. അവസരങ്ങളെ പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്. ഓരോ നിമിഷത്തിനും അതിന്റേതായ പ്രാധാന്യം നൽകി, ഓരോ നിമിഷവും ലഭിക്കുന്ന അവസരങ്ങളെ തിരിച്ചറിയുക. ഓരോ ദിവസവും പുതുതായി ആരംഭിക്കുക.

ബീന പൂവത്തിൽ



# അണയാത്ത വിളക്കാണ് ഉമ്മൻചാണ്ടി

സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വറ്റാത്ത നീരുറവയായിരുന്നു ഉമ്മൻ ചാണ്ടി.

രാഷ്ട്രീയ എതിരാളികളുടെ മനസ്സിൽ പോലും സ്നേഹത്തിന്റെ ചിത്രമായാണ് ഉമ്മൻ ചാണ്ടി പതിഞ്ഞത്. ഇന്ത്യയിലെ ഒരു നേതാവിന് പോലും അവകാശപ്പെടാൻ കഴിയാത്തത്രയും അചഞ്ചലമായ

ജന വിശ്വാസം സമ്പാദിക്കാൻ ഉമ്മൻ ചാണ്ടിക്ക് കഴിഞ്ഞു. അദ്ദേഹത്തിന്റെ ഏറ്റവും വലിയ ശക്തി ജനങ്ങൾ അദ്ദേഹത്തിലർപ്പിച്ച വിശ്വാസമായിരുന്നു. ഉമ്മൻ ചാണ്ടിയുടെ വേർപാടിന്റെ ആഘാതത്തിൽ നിന്നും മറ്റു പലരെ പോലെ തന്നെ എനിക്കും ഇനിയും മോചനം നേടാൻ കഴിഞ്ഞിട്ടില്ല.

കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയന്റെ എല്ലാ പരിപാടികളുടെയും ഉദ്ഘാടകൻ ഉമ്മൻ ചാണ്ടി സാറായിരുന്നു. സർ ഉദ്ഘാടനത്തിനായ് കടന്നു വരുമ്പോൾ ഹാൾ ഇളകി മറിയും, ഉച്ചത്തിലുള്ള മുദ്രാവാക്യങ്ങളുടെ അകമ്പടിയോടെയാണ് ജീവനക്കാർ അദ്ദേഹത്തെ എതിരേറ്റിരുന്നത്. അദ്ദേഹത്തിന് അത്രമാത്രം ആവേശവും ഊർജ്ജവും ജീവനക്കാരിൽ നിറക്കാൻ കഴിഞ്ഞു. ഉമ്മൻ ചാണ്ടി സർക്കാർ നടപ്പിലാക്കിയ പത്താം ശമ്പള പരിഷ്ക്കരണം കേരളത്തിലെ സർക്കാർ ജീവനക്കാരന്റെ ശമ്പള പരിഷ്ക്കരണത്തിലെ തങ്കലിപികളിൽ എഴുതപ്പെട്ട ഒരു ഏടാണ്. ഓരോ നാല് വർഷ സർവ്വീസിനും ഒര് ഇൻക്രിമെന്റ് കണക്കാക്കി പതിനാറ് വർഷം

> പാർശ്വവൽക്കരിക്കപ്പെട്ടവരുടെ അത്താണിയായിരുന്നു ഉമ്മൻ ചാണ്ടി.
> ഉമ്മൻ ചാണ്ടിയെ കാണാൻ ഒരാൾക്കും മറ്റൊരാളുടെ ശുപാർശ ആവശ്യമുണ്ടായിരുന്നില്ല.

സർവീസുള്ള ജീവനക്കാരന് നാല് ഇൻക്രിമെന്റ് അധികമായി അനുവദിച്ച ശമ്പള പരിഷ്ക്കരണം കേരളത്തിന്റെ ചരിത്രത്തിൽ ആദ്യത്തേതും അവസാനത്തേതുമാണ്. ഡി.സി.ആർ.ജി, പെൻഷൻ കമ്യൂട്ടേഷൻ പരിധി ഉയർത്തിയും ഇരുപത് ദിവസമുണ്ടായിരുന്ന സറണ്ടർ ലീവ് ആനുകൂല്യം മുപ്പത് ദിവസമാക്കി ഉയർത്തിയും, എൻ.ജി.ഒ ക്വാർട്ടേഴ്സിൽ താമസിക്കുന്ന ജീവനക്കാരുടെ വീട്ടുവാടക ഒഴിവാക്കിയും ജീവനക്കാരുടെ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് അദ്ദേഹം തുടക്കം കുറിച്ചു. പെൻഷൻ കമ്യൂട്ടേഷൻ അനുവദിച്ച മെച്ചപ്പെട്ട ശമ്പള പരിഷ്ക്കരണമായിരുന്നു അത്.





മികച്ച ശമ്പള പരിഷ്ക്കരണവും മുടങ്ങാത്ത ക്ഷാമബത്തയും നൽകി ജീവനക്കാരെ വിശ്വാസത്തിലെടുത്തു കൊണ്ട് മാത്രമാണ് ഉമ്മൻ ചാണ്ടി എന്നും മുൻപോട്ട് പോയത്. ഇന്ന് ഭരിക്കുന്ന ഭരണകൂടം അർഹതപ്പെട്ട അവകാശങ്ങളും ആനുകൂല്യങ്ങളും തടഞ്ഞുവെച്ച് ജീവനക്കാരെയും ജനങ്ങളെയും കൊള്ളയടിക്കുമ്പോൾ ഉമ്മൻ ചാണ്ടി സാർ ജനങ്ങളോടും ജീവനക്കാരോടും കാണിച്ച വിശ്വാസവും സത്യസന്ധതയും സമൂഹത്തിന് വീണ്ടും വീണ്ടും ബോധ്യമായിക്കൊണ്ടിരിക്കുകയാണ്.

കുറെ വർഷം മുൻപാണ് , കെ.ജി.ഒ.യു വിന്റെ സ്ഥാപക ദിന സമ്മേളത്തിൽ ഉദ്ഘാടകനായി എത്തിയ ഉമ്മൻ ചാണ്ടി സാറിനോടൊപ്പം ഒരു സെൽഫിയെടുക്കാൻ തിരക്കിനിടയിൽ ഞാൻ അനുവാദം ചോദിച്ചപ്പോൾ യാതൊരു തിരക്കും കാണിക്കാതെ എനിക്കു വേണ്ടി സമയം മാറ്റിവെച്ചു കൊണ്ട് ഹാളിനു താഴെ അതിനു വേണ്ടി കാത്തു നിന്ന അദ്ദേഹത്തിന്റെ രീതി എന്റെ മനസ്സിൽ എന്നും മായാതെ നിലനിൽക്കുന്നു. വലുപ്പചെറുപ്പം നോക്കാതെ അദ്ദേഹം എല്ലാവർക്കും ഒരു ഇടം നൽകി.

അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന സമയത്ത് കോഴിക്കോട് കൃസ്ത്യൻ കോളേജ് ഗ്രൗണ്ടിൽ വെച്ചു 2014 ൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ പങ്കെടുത്ത ഏഴായിരത്തോളം അപേക്ഷകർക്ക് ഉച്ചഭക്ഷണം നൽകിയത് ഞാൻ ഉൾപ്പെടെയുള്ള കെ.ജി.ഒ.യു കോഴിക്കോട് ജില്ലാ കമ്മിറ്റിയായിരുന്നു. രാവിലെ മുതൽ എല്ലാ ജനങ്ങളുടെയും അപേക്ഷ സ്വീകരിച്ചു തീരുന്നതു വരെ ഉമ്മൻ ചാണ്ടി സർ ജനത്തിരക്കിനിടയിൽ

കർമ്മനിരതനായി നിൽക്കുന്നത് അത്ഭുതത്തോടെയാണ് ഞാൻ നോക്കി കണ്ടത്. ദൈവത്തിന്റെ കൈയ്യൊപ്പ് ചാർത്തി കിട്ടിയ അതുല്യപ്രതിഭാസമായിരുന്നു ഉമ്മൻ ചാണ്ടി സർ.

അദ്ദേഹം നിയമസഭയിൽ അൻപത് വർഷം പൂർത്തിയാക്കിയപ്പോൾ കെ.ജി.ഒ.യു ഇറക്കിയ ബുള്ളറ്റിനിൽ Oommen Chandy the man of masses എന്ന പേരിൽ ഞാൻ എഴുതിയ കുറിപ്പുകൾ അദ്ദേഹത്തിന് എനിക്ക് കൊടുക്കാൻ പറ്റിയ ഏറ്റവും വലിയ ട്രൈബ്യൂട്ടായി ഞാൻ കാണുന്നു.


പാർശ്വവൽക്കരിക്കപ്പെട്ടവരുടെ അത്താണിയായിരുന്നു ഉമ്മൻ ചാണ്ടി. ഉമ്മൻ ചാണ്ടിയെ കാണാൻ ഒരാൾക്കും മറ്റൊരാളുടെ ശുപാർശ ആവശ്യമുണ്ടായിരുന്നില്ല. ഏതൊരാൾക്കും നേരിട്ട് കണ്ട് തങ്ങളുടെ ആവലാതികൾ അദ്ദേഹത്തോട് ബോധിപ്പിക്കാൻ കഴിയുമായിരുന്നു. ആരുടെയെങ്കിലും നിർദ്ദേശം ഉണ്ടോ ഇല്ലയോ എന്ന് നോക്കിയല്ല, മറിച്ച് ആവശ്യത്തിന്റെ ഗൗരവം നോക്കിക്കൊണ്ട് മതിയായ പരിഗണന തന്നെ കാണാൻ വരുന്നവർക്ക് നൽകി അദ്ദേഹം സാധാരണ ജനങ്ങളോടൊപ്പം ഇഴുകി ചേർന്നു നിന്നു.

സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾ താമസിച്ചിരുന്ന കോഴിക്കോട് വെസ്റ്റ്ഹില്ലിനടുത്ത ബംഗ്ലാദേശ് കോളനി എന്നറിയപ്പെടുന്ന കോളനിയിലെ അന്തേവാസികൾക്ക് മുഴുവൻ പുതിയ വീടും റേഷൻ കാർഡും നൽകിക്കൊണ്ട് അവരെ സമൂഹ്യമായ ഉന്നതിയിലേക്ക് കൈപിടിച്ച് കൊണ്ടുവന്നത് ഉമ്മൻ ചാണ്ടി സാറാണ്. 2011 ൽ അധികാരത്തിൽ വന്ന് കുറച്ച് കാലം കഴിഞ്ഞപ്പോൾ അന്നത്തെ ജില്ലാ കലക്ടറായിരുന്ന ഡോ.പി.ബി.സലിം മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയെ കണ്ട് ബംഗ്ലാദേശ് കോളനിയിൽ മാറ്റം വരുത്തിക്കൊണ്ട് ശാന്തിനഗർ കോളനി എന്ന് നാമകരണം ചെയ്യാനും അവിടുത്തെ അന്തേവാസികൾക്ക് മുഴുവൻ വീടു നൽകുവാനുമുള്ള സാഹചര്യമുണ്ടാക്കുവാനും മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയുണ്ടായി, കോഴിക്കോട് ജില്ലാ കലക്ടറുടെ അപേക്ഷ വായിച്ച ഉടൻ അന്നു തന്നെ ജില്ലാ കലക്ടറെ തിരുവനന്തപുരത്തേക്ക് വിളിച്ചു വരുത്തി ആവശ്യമായ പ്രപ്പോസൽ കൊടുക്കുവാൻ പറയുകയും വളരെ പെട്ടെന്ന് തന്നെ ആവശ്യമായ ഫണ്ട് അനുവദിച്ച് മറ്റു നടപടികൾ സ്വീകരിക്കുവാൻ അധികൃതരോട് ആവശ്യപ്പെട്ട പ്രകാരം ചുരുങ്ങിയ സമയം കൊണ്ടു തന്നെ ശാന്തിനഗർ കോളനി എന്ന സ്വപ്നം ഉമ്മൻ ചാണ്ടി യിലൂടെ യാഥാർത്ഥ്യമായി.

ഉമ്മൻ ചാണ്ടിയെ പോലെ പതിത വർഗ്ഗത്തെ മാറോടണച്ചുകൊണ്ട് അവരുടെ ആവലാതികളും വേവലാതികളും നേരിട്ട് കണ്ട് മനസ്സിലാക്കി അതിനു പെട്ടെന്നു തന്നെ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞ മറ്റൊരു രാഷ്ട്രീയ നേതാവും ഭരണാധികാരിയും കേരള ചരിത്രത്തിലുണ്ടായിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്.

പതിനായിരങ്ങളുടെ കണ്ഠങ്ങളിൽ നിന്നും ഒരു മിച്ചുയർന്ന മുദ്രാവാക്യങ്ങൾ ഇന്നും എന്നും മുഴങ്ങി കേൾക്കും

ഇല്ല ഇല്ല മരിച്ചിട്ടില്ല... ഉമ്മൻ ചാണ്ടി മരിച്ചിട്ടില്ല... ജീവിക്കുന്നൂ ഞങ്ങളിലൂടെ..



ഡോ. പി. എസ്. കേദാർ നാഥ്
നിലമ്പൂർ



# ഒരു യാത്രാമൊഴി

കനിവ് തൂവാലയാക്കി
മിഴിനീരൊപ്പിയാക്കരങ്ങളിനിയുയരില്ല,
അതിവേഗം ബഹുദൂരം
താണ്ടിയാപ്പാദങ്ങളിനിയൂഴിയിലൂന്നില്ല,
ഒട്ട് തപ്പിയും തടഞ്ഞും
പറഞ്ഞൊരാപ്പദങ്ങളിനിക്കാതിൽ വീഴില്ല,
ഫാലസ്ഥലത്തലസമിളകുമാ
മുടിയിഴകളിനി പ്രിയതൻകരത്തിലുടക്കില്ല,
കുഞ്ഞു കുഞ്ഞു മോഹങ്ങൾ
തീർക്കാനിനി കുഞ്ഞൂഞ്ഞില്ല,
മാറത്തടിച്ചും തല തല്ലിയും കരയുമാ
മാലോകർക്കിനിയില്ലിങ്ങനൊരാൾ...
അഹന്ത തെല്ലുമില്ലാതെല്ലാമെൻ കാര്യ
മെന്നോർത്തുരുകിയമർന്നൂ ഭവാൻ...
പുതുപ്പള്ളി,തൻ ഭവനമാക്കിയൊടുവിൽ
പുതുപ്പള്ളിയിൽ നിത്യനിദ്ര പൂകി ജിതൻ,
നൂനം, 'പരോപകാരാർത്ഥമിദം ശരീരം',
ഓം ശാന്തി.. ശാന്തി... ശാന്തി....

വര: സിന്ധു എസ് എസ്

# കൊറിയൻ രാജ്ഞിക്ക് ഇന്ത്യയിൽ തപാൽ സ്റ്റാമ്പ്



**സി. ബ്രിജേഷ്**
സംസ്ഥാന
വൈസ് പ്രസിഡന്റ്

**വർഷം തോറും നിരവധി കൊറിയക്കാർ തങ്ങളുടെ രാജ്ഞിയുടെ മാതൃഭൂമിയായ അയോധ്യ സന്ദർശിക്കാൻ ഭാരതത്തിൽ എത്താറുണ്ട്.**

രാമജന്മഭൂമിയുടെയും ബാബരി മസ്ജിദിന്റെയും പേരിൽ പ്രസിദ്ധമായ അയോധ്യയിൽ നിന്ന് 2000 വർഷങ്ങൾക്ക് മുൻപ് പതിനാറുകാരിയായ ഒരു രാജകുമാരി അനേകം മൈൽ കടൽ താണ്ടി ഇന്നത്തെ ദക്ഷിണ കൊറിയയിൽ എത്തിച്ചേർന്ന് അവിടുത്തെ ഒരു രാജാവിനെ വിവാഹം ചെയ്യുകയും ഇന്ന് ദക്ഷിണ കൊറിയയിൽ ഏകദേശം അറുപത് ലക്ഷത്തോളം ആളുകൾ അവരുടെ പിൻമുറക്കാരായുണ്ട് എന്നുള്ളതും അത്ഭുതം കലർന്ന അറിവായാണ് എനിക്ക് അനുഭവപ്പെട്ടത്.

ഭാരതത്തിന്റെ പുരാണങ്ങളിലോ ഞാൻ വായിച്ച ചരിത്രരേഖകളിലോ ഒന്നും തന്നെ അത്തൊരമൊരു പരാമർശം ഉള്ളതായി കണ്ടിട്ടില്ല.

കൊറിയയിലെ മൂന്നു രാജവംശങ്ങളുടെ ഉൽപത്തിയുമായി ബന്ധപ്പെട്ട് പതിമൂന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട samguk yusa എന്ന ചൈനീസ് ഭാഷയിലുള്ള പുരാവൃത്തത്തിലാണ് ഇന്ത്യ കൊറിയ ബന്ധത്തെ കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. AD 48 ൽ അയോധ്യയിലെ സുരിരത്ന എന്ന 16 കാരിയായ രാജകുമാരി തന്റെ പിതാവിനു ലഭിച്ച ഒരു സ്വപ്നദർശനത്തെ തുടർന്ന് പരിചാരകരോടും സഹോദരൻമാരോടുമൊത്ത് കടൽ വഴി കൊറിയയിൽ എത്തുകയും Geumgwan Gaya രാജാവായ Kim - Suro നെ വിവാഹം ചെയ്ത് Heo-Hawang Ok എന്ന പേര് സ്വീകരിച്ച് Kerak രാജവംശം സ്ഥാപിച്ചു



എന്നാണ് കൊറിയൻ ജനത യുടെ വിശ്വാസം.

Yonsei യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ Ha Tae Hung "Samguk yusa" ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

അമേരിക്കൻ പത്രപ്രവർത്തകനായ Grafon.K. mintz അഭിപ്രായപ്പെടുന്നത് Samguk yusa യിൽ പരാമർശിക്കപ്പെട്ട Ayuta എന്ന രാജ്യം ഇന്ത്യയിലെ അയോധ്യ അല്ല മറിച്ച് തായ്‌ലൻഡിലെ Ayutthaya ആണെന്നാണ്. അതിന് ആധാരമായി അദ്ദേഹം സൂചിപ്പിക്കുന്നത് അയോദ്ധ്യയിൽ നിന്ന് നേരിട്ട് കടൽ മാർഗ്ഗം കൊറിയയിൽ എത്താൻ സാധിക്കുകയില്ല എന്നാണ്. എന്നാൽ തായ്‌ലൻഡിൽ നിന്നും കൊറിയയിലേക്ക് സമുദ്രപാത ഉണ്ട് താനും. സുരി രത്ന എന്ന നാമം തായ് ഉച്ചാരണ രീതിയിൽ ഉള്ളതാണ്, തായ്‌ലൻഡ് കാരും കൊറിയക്കാരും വംശീയമായും സാമ്യം ഉണ്ട് എന്നീ വാദമുഖങ്ങളും അദ്ദേഹം നിരത്തുന്നുണ്ട്.

George Cœdes എന്ന osutheast Asian archaeology and history യെ കുറിച്ച് പഠനം നടത്തിയിട്ടുള്ള ഫ്രഞ്ച് പണ്ഡിതൻ അഭിപ്രായപ്പെടുന്നത് തായ്‌ലാൻഡിലെ Ayutthaya രൂപം കൊള്ളുന്നത് AD 1350ൽ മാത്രമാണ്. അതായത് Samguk Yusa രചിക്കപ്പെട്ടത്തിനും വർഷങ്ങൾക്ക് ശേഷം.

കൊറിയൻ രാജവംശവും കൊറിയൻ ഗവൺമെന്റും അംഗീകരിച്ചിരിക്കുന്നത് Heo Hawang ok ഭാരതത്തിലെ അയോധ്യയിൽ നിന്നാണ് കൊറിയയിൽ എത്തിച്ചേർന്നിരിക്കുന്നത് എന്നുതന്നെയാണ്.

Hanyan യൂണിവേഴ്സിറ്റിയിലെ പ്രൊഫസറും മുതിർന്ന പുരാവസ്തു ശാസ്ത്രജ്ഞനുമായ സശാ Byung-mo തന്റെ ദീർഘകാല റിസർച്ചുകൾക്ക് ശേഷം രചിച്ച Heo Hawang ok- Route from India to Gaya of Korea" എന്ന പുസ്തകത്തിൽ രണ്ടു രാജ്യങ്ങളുടെയും genetic ബന്ധത്തെ കുറിച്ച് വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സുരിരത്നയോടൊപ്പം വന്ന സഹോദരൻമാർ പിന്നീട് തിരിച്ചുപോയി അയോധ്യയുടെ ഭരണം കൈയ്യാളി എന്നാണ്.

Kim-suro രാജാവിന്റെ പിൻതലമുറയിൽ പെട്ട വ്യക്തികൂടിയാണ് പ്രൊഫസർ Kim-Byung-mo.

Kim-su-ro. രാജാവിനും Heo-Hawang-ok രാജ്ഞിക്കും പത്ത് ആൺമക്കളും രണ്ട് പെൺ മക്കളും ഉണ്ടായിരുന്നത്രെ. താൻ തന്റെ അഛനു ലഭിച്ച സ്വപ്ന ദർശനത്തെ തുടർന്ന് രാജ്യം ഉപേക്ഷിച്ച് കൊറിയയിൽ വന്നതിനാൽ തന്നോടൊപ്പം തന്റെ വംശം തന്നെ ഇല്ലാതാവുമെന്നതിൽ ദുഖിതയായിരുന്നു റാണി. ഇത് മനസ്സിലാക്കിയ രാജാവ് തന്റെ രണ്ടു മക്കളോട് രാജ്ഞിയുടെ പേരിനൊപ്പമുള്ള ഒലീ എന്നതും മറ്റുള്ളവരോട് Kim എന്നതും കുടുംബംനാമമായി സ്വീകരിക്കാൻ ആഹ്വാനം ചെയ്തു.

വിക്കിപീഡിയ ഉദ്ധരിക്കുകയാണെങ്കിൽ ഏകദേശം 2,64,000 ആളുകൾ Heo എന്ന നാമം പിന്തുടരുന്ന കൊറിയക്കാർ ഉണ്ടത്രെ. ഏകദേശം ആറ് മില്യൻ ആളുകൾ Kim Suro രാജാവിന്റെയും Heo- Hawag-ok രാജ്ഞിയുടെയും പിൻമുറക്കാരായി കൊറിയയിൽ ഉണ്ട് എന്നാണ് ഔദ്യോഗിക കണക്ക്.

ദക്ഷിണ കൊറിയയിലെ Gyeongsang പ്രവശ്യയിലെ Gimhae എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന Su-ro രാജാവിന്റെയും Heo Hwang ok രാജ്ഞി യുടെയും ശവകുടീരത്തിൽ കാണുന്ന കല്ലുകൾ ഭാരതത്തിൽ കണ്ടുവരുന്ന തരത്തിലുള്ളതാണ് എന്നതുകൊണ്ട് ആ കല്ലുകൾ സുരിരത്ന ഇന്ത്യയിൽ നിന്നും കൊണ്ടുവന്നതാണ് എന്ന് കരുതപ്പെടുന്നു.

കൊറിയയിൽ ഒരിടത്തും അത്തരത്തിലുള്ള കല്ലുകൾ ഇല്ല എന്നാണ് പറയപ്പെടുന്നത്.

അവിടെ കൊത്തിവക്കപ്പെട്ട ഇരട്ട മത്സ്യങ്ങളുടെ രൂപം തന്നെയാണത്രെ ഇന്നും അയോധ്യയിലെ പഴയ കെട്ടിടങ്ങളിലും വീടുകളിലും കാണുന്ന അയോധ്യയുടെ

> **അവിടെ കൊത്തിവക്കപ്പെട്ട ഇരട്ട മത്സ്യങ്ങളുടെ രൂപം തന്നെയാണത്രെ ഇന്നും അയോധ്യയിലെ പഴയ കെട്ടിടങ്ങളിലും വീടുകളിലും കാണുന്ന അയോധ്യയുടെ രാജമുദ്ര. ഇതും രാജ്ഞിയുടെ ഇന്ത്യാബന്ധത്തിന് ശക്തി പകരുന്നതെളിവായാണ് കണക്കാക്കുന്നത്.**









**അയോധ്യയുടെ പഴയ നാമം സാകേത എന്നായിരുന്നു. എന്നാൽ അയോധ്യ രാജ്യത്തിന്റെയും പാണ്ഡ്യ രാജവംശത്തിന്റെയും മുദ്രയായ ഇരട്ട മത്സ്യങ്ങൾക്ക് പ്രകടമായ രൂപ വ്യത്യാസമുണ്ട്. രാജ്ഞിയുടെ ഭൗതിക ശരീരം അടക്കം ചെയ്തിടത്തു ആലേഖനം ചെയ്യപെട്ടിട്ടുള്ളത് അയോധ്യയുടെ രാജമുദ്രയാണ്.**

രാജമുദ്ര. ഇതും രാജ്ഞിയുടെ ഇന്ത്യാബന്ധത്തിന് ശക്തി പകരുന്നതെളിവായാണ് കണക്കാക്കുന്നത്.

ഇരട്ട മത്സ്യങ്ങളുടെ മുദ്രണം കൊണ്ടും നേരിട്ടുള്ള സമുദ്ര പാതയും ഇന്ന് തമിഴ്നാട്ടിലുള്ളതും പഴയ പാണ്ഡ്യ രാജവംശത്തിന്റെ ഭാഗമായ ആയി എന്ന പ്രദേശത്തെ രാജകുമാരി ആയിരുന്നു സുര രത്ന എന്നും ഒരു വാദമുണ്ട്. Heo സൂചിപ്പിക്കുന്നത് ആയി എന്നതിനെയാണെന്നാണ് അക്കൂട്ടർ അവകാശപ്പെടുന്നത്.

അയോധ്യയുടെ പഴയ നാമം സാകേത എന്നായിരുന്നു. എന്നാൽ അയോധ്യ രാജ്യത്തിന്റെയും പാണ്ഡ്യ രാജവംശത്തിൻെറയും മുദ്രയായ ഇരട്ട മത്സ്യങ്ങൾക്ക് പ്രകടമായ രൂപ വ്യത്യാസമുണ്ട്. രാജ്ഞിയുടെ ഭൗതിക ശരീരം അടക്കം ചെയ്തിടത്തു ആലേഖനം ചെയ്യപെട്ടിട്ടുള്ളത് അയോധ്യയുടെ രാജമുദ്രയാണ്.

ഇരട്ട മത്സ്യങ്ങളുടെ രൂപവ്യത്യാസവും samguk yusa രചിക്കപ്പെടുന്ന കാലഘട്ടത്തിൽ അയോധ്യ എന്ന സ്ഥലനാമം നിലവിലുണ്ടായിരുന്നു എന്നുമുള്ള കാരണങ്ങളാൽ മേൽ വാദത്തിന് വലിയ പ്രചാരമില്ല.

ഭാരതത്തിൽ സുരരത്നയുടെ കൊറിയൻ യാത്രയെ പരാമർശിക്കുന്ന യാതൊരു ചരിത്ര രേഖയും ലഭ്യമല്ല എന്നാണ് വസ്തുത.

1999 മാർച്ച് മാസത്തിൽ കൊറിയൻ ഗവൺമെന്റ് ബ്രിട്ടീഷ് അധിനിവേശത്തിനുമുൻപ് ആയോധ്യ ഭരിച്ചിരുന്ന മിശ്ര രാജവംശത്തിലെ പിൻമുറക്കാരെ kim - Suro രാജാവിന്റെ ബഹുമാനാർത്ഥം ആദരിക്കുകയുണ്ടായി

Gimhae യിലെ മേയറും രാജ്ഞിയുടെ നാടായ അയോധ്യയിലെ മേയറും രണ്ടു നഗരങ്ങളും ഇരട്ടനഗരങ്ങളായി പ്രഖ്യാപിച്ചു കൊണ്ടുള്ള ഒരു ഉടമ്പടി ഒപ്പു വച്ചിട്ടുണ്ട്.

2001 ൽ രണ്ടു രാജ്യങ്ങളിലെയും നിരവധി ഗവൺമെന്റ്ഒഫിഷ്യലുകളുടെയും ചരിത്രകാരൻമാരുടെയും സാന്നിദ്ധ്യത്തിൽ അയോധ്യയിൽ Heo-Hawang Ok രാജ്ഞിയുടെ ഒരു സ്മാരകം അനാഛാദനം ചെയ്യപ്പെട്ടു.

ഇന്ത്യയും ദക്ഷിണകൊറിയയും തമ്മിലുള്ള ചരിത്രപരവും നാഗരികവും സാസംസ്കാരികപരവുമായ ബന്ധം ദൃഢമാക്കുന്നതിന്റെ ഭാഗമായി 2018 നവമ്പർ മാസം ആദ്യവാരം ദക്ഷിണകൊറിയയുടെ പ്രഥമ വനിത കിം ജുങ്ങ് സുക്ക് ഇന്ത്യ സന്ദർശനം നടത്തി. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ക്ഷണപ്രകാരമാണ് കിം ജുങ്ങ്, ഇന്ത്യ സന്ദർശിച്ചത്.

ഉത്തരപ്രദേശിലെ അയോധ്യയിൽ റാണി സുരിരത്ന അഥവാ Heo-Hawang - Ok ന്റെ സ്മാരകത്തിന്റെ നവീകരണ പ്രവർത്തനങ്ങളുടെ തറക്കല്ലിടൽ ചടങ്ങിൽ അവർ സംബന്ധിച്ചു.

2019 ഫെബ്രുവരിയിൽ ഇന്ത്യ ഗവണ്മെന്റും ദക്ഷിണ കൊറിയ ഗവണ്മെന്റും ദക്ഷിണ കൊറിയൻ രാഞ്ജിയുടെ ഓർമ്മക്കായി തപാൽ സ്റ്റാമ്പ് ഇറക്കാൻ ധാരണയായി. അതനുസരിച്ചു Heo-Hawang - Ok രാഞ്ജിയുടെ ചിത്രം ആലേഖനം ചെയ്ത അഞ്ചു രൂപയുടെയും ഇരുപത്തിയഞ്ചു രൂപയുടെയും സ്റ്റാമ്പ് ഭാരത സർക്കാർ പുറത്തിറക്കി.

വർഷം തോറും നിരവധി കൊറിയക്കാർ തങ്ങളുടെ രാജ്ഞിയുടെ മാതൃഭൂമിയായ അയോധ്യ സന്ദർശിക്കാൻ ഭാരതത്തിൽ എത്താറുണ്ട്.

**ഡോ ടി പി അഷറഫ്**
വൈസ് പ്രിൻസിപ്പൽ
മഞ്ചേരി മെഡിക്കൽ കോളേജ്



# ഉമ്മൻചാണ്ടി കരുതലിന്റെ കാരുണ്യ സ്പർശം



തിരുനാമ കീർത്തനം പാടുവാനല്ലെങ്കിൽ
നാവെനിക്കെന്തിനു നാഥാ
അപദാനമെപ്പോഴും ആലപിച്ചില്ലെങ്കിൽ
അധരങ്ങളെന്തിനു നാഥാ
ഈ ജീവിതമെന്തിനു നാഥാ

2013 ഫെബ്രുവരി ഒന്നാം തീയതി സെക്രട്ടറിയേറ്റിലെ പ്രൗഢഗംഭീരമായ ദർബാർ ഹാളിൽ കൂടിയ കോക്ലിയർ ഇംപ്ലാന്റ് സർജറിക്ക് വിധേയരായ ഇരുന്നൂറോളം കുട്ടികളുടെയും രക്ഷകർത്താക്കളുടെയും സംഗമ വേദി. കോക്ലിയർ ഇംപ്ലാന്റേഷനിലൂടെ കേൾവിശക്തിയും സംസാരശേഷിയും വീണ്ടെടുത്ത ശിഹാബുദ്ദീൻ മധുരശബ്ദത്തിൽ പാടി, തിരുനാമകീർത്തനം പാടുവാൻ അല്ലെങ്കിൽ നാവെനിക്കെന്തിന് നാഥാ... നാവുണ്ടായിട്ടും കേൾവി തകരാറുമൂലം സംസാരിക്കാൻ കഴിയാതെ പോകുമായിരുന്ന കുരുന്നുകളും അവരുടെ രക്ഷിതാക്കളും വല്ലാത്ത വികാരവായ്പ്പോട് കൂടിയാണ് ആ പ്രാർത്ഥനാഗാനം ശ്രവിച്ചത്. പിഞ്ചുകുട്ടികളുടെ സംഗമം ആയിട്ടും ദർബാർ ഹാളിൽ പൂർണ്ണ നിശബ്ദത. ശിഹാബുദ്ദീന്റെ മധുര ശബ്ദം മാത്രം അന്തരീക്ഷത്തിൽ മുഴങ്ങുന്നു. വേദിയിലെ അവസ്ഥയും വ്യത്യസ്തമായിരുന്നില്ല. അന്ന് മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടിയും മന്ത്രിമാരായ കെഎം മാണി, പി കെ കുഞ്ഞാലിക്കുട്ടി, എം കെ മുനീർ, വി എസ് ശിവകുമാർ എന്നിവരും വേദിയിലുണ്ടായിരുന്നു. എല്ലാവരുടെയും മുഖങ്ങളിലും സദസിന്റെ അതേ വികാരം തന്നെയായിരുന്നു. പ്രാർത്ഥനാ ഗീതം അവസാനിക്കുമ്പോൾ ഉമ്മൻചാണ്ടി സാറിന് കണ്ണീരടക്കാൻ കഴിഞ്ഞില്ല. വേദിയിലിരുന്ന അദ്ദേഹവും മാണി സാറും കണ്ണുനീർ തുടയ്ക്കുന്നത് കാണാമായിരുന്നു.

വർഷങ്ങൾക്കിപ്പുറം 2021 ൽ തന്റെ നിയമസഭാ പ്രവേശനത്തിന്റെ അമ്പതാം വാർഷികം ആചരിക്കുന്നതിനോടനുബന്ധിച്ച് സഭാ ടിവിക്ക് വേണ്ടി അന്നത്തെ കൃഷിവകുപ്പ് മന്ത്രി ശ്രീ വി എസ് സുനിൽകുമാർ, ഉമ്മൻചാണ്ടി സാറുമായി നടത്തിയ ഇന്റർവ്യൂ യാദൃശ്ചികമായി കാണാനിടയായി. പല ചോദ്യങ്ങൾക്കിടയിൽ സുനിൽകുമാറിന്റെ ചോദ്യം - അങ്ങ് ഇപ്പോൾ മുഖ്യമന്ത്രിയായിട്ടും എംഎൽഎ ആയിട്ടും ഒക്കെ പ്രവർത്തിക്കുമ്പോൾ നമ്മൾ ഒരുപാട് ആളുകൾക്ക് ഉപകാരവും നന്മയും ഒക്കെ ചെയ്തു. അങ്ങയുടെ മനസ്സിൽ നിൽക്കുന്ന ജീവിതത്തിൽ ചെയ്തിട്ടുള്ള ഏറ്റവും വലിയ നന്മ എന്തെന്ന് തോന്നിയിട്ടുള്ള ഒരു കാര്യം പറയാൻ പറ്റുമോ? ഒരു നിമിഷം ടിവി കണ്ടുകൊണ്ടിരിക്കുന്ന എന്റെ മനസ്സു പറഞ്ഞു ഉമ്മൻചാണ്ടി സാർ കോക്ലി

> **സ്വകാര്യ ആശുപത്രികളിൽ അഞ്ചു മുതൽ 9 ലക്ഷം രൂപ വരെ ചിലവ് വരുന്ന ഇംപ്ലാന്റ് സർജറി സാധാരണക്കാരന് സൗജന്യമായി ലഭ്യമാക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു.**




യർ ഇംപ്ലാന്റേഷൻ പദ്ധതി എന്ന് പറയുമെന്നു. എന്റെ പ്രതീക്ഷ തെറ്റിയില്ല.ഉമ്മൻ ചാണ്ടി സാർ മറുപടി പറഞ്ഞു തുടങ്ങി, എനിക്ക് ഏറ്റവും കൂടുതൽ സംതൃപ്തി ഉണ്ടായിട്ടുള്ള രണ്ട് കാര്യങ്ങൾ കോക്ലിയർ ഇമ്പ്ലാന്റേഷൻ സർജറി കേരളത്തിൽ കൊണ്ടുവരാൻ സാധിച്ചു എന്നുള്ളതാണ് അതായത് അത് ഗവൺമെന്റ് ഏറ്റെടുത്ത് നടത്തുക. പിന്നെ ആ പദ്ധതിയെ പറ്റിയും അതിന്റെ നടത്തിപ്പിനെപ്പറ്റിയും ദർബാർ ഹാളിൽ നടന്ന കുടുംബ സംഗമത്തെ പറ്റിയും അദ്ദേഹം ഇന്റർവ്യൂവിൽ ഓർത്തെടുക്കുന്നുണ്ടായിരുന്നു. ഉമ്മൻചാണ്ടി സാറിന്റെ ഹൃദയ പദ്ധതിയായിരുന്നു സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയായ ശ്രുതി തരംഗം പദ്ധതി.

ഗാനഗന്ധർവ്വൻ യേശുദാസ് ആണ് ഇത്തരം ഒരു പദ്ധതിയുടെ ആവശ്യകതയെ പ്പറ്റി പറഞ്ഞത് എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അതോടെ സ്വകാര്യ ആശുപത്രികളിൽ അഞ്ചു മുതൽ 9 ലക്ഷം രൂപ വരെ ചിലവ് വരുന്ന ഇംപ്ലാന്റ് സർജറി സാധാരണക്കാരന് സൗജന്യമായി ലഭ്യമാക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. 2011 മെയ് മാസം അവസാനമാണ് ഉമ്മൻചാണ്ടി മന്ത്രിസഭ അധികാരമേറ്റത്. ആദ്യ മന്ത്രിസഭായോഗങ്ങളിൽ ഒന്നിൽ തന്നെ സൗജന്യമായി കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചു വൈകല്യവുമായി ബന്ധപ്പെട്ട പദ്ധതി ആയതുകൊണ്ട് നിലവിൽ സർക്കാർ ആശുപത്രികളിൽ ഇംപ്ലാന്റേഷൻ സർജറി നടത്താനുള്ള സൗകര്യങ്ങൾ ലഭ്യമല്ലാത്തതുകൊണ്ട് ആയിരിക്കണം അദ്ദേഹം പദ്ധതിയുടെ ചുമതല അന്നത്തെ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ എം കെ മുനീറിനെയാണ് ഏൽപ്പിച്ചത്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാരുടെയും മറ്റ് പ്രൊഫഷണൽ കൂട്ടായ്മയുടെയും സഹകരണവും പദ്ധതി നടപ്പാക്കാൻ അത്യാവശ്യമാണെന്ന് അദ്ദേഹം തുടക്കത്തിലെ മനസ്സിലാക്കിയിരുന്നു. അത്തരം ഒരു കൂട്ടായ്മ സംഘടിപ്പിക്കുവാൻ ഒരു ഡോക്ടർ കൂടി ആയ മുനീറിന് കൂടുതൽ എളുപ്പമായിരിക്കും എന്നുള്ള ചിന്തയാണ് ആരോഗ്യവകുപ്പിന് പകരം സാമൂഹ്യനീതി വകുപ്പിനെ പദ്ധതിയുടെ ചുമതല ഏൽപ്പിക്കാൻ ഉമ്മൻചാണ്ടി സാറിനെ പ്രേരിപ്പിച്ചത് എന്നാണ് എന്റെ നിഗമനം.

സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സാമൂഹ്യ സുരക്ഷാ മിഷന് ആയിരുന്നു പദ്ധതിയുടെ നടത്തിപ്പു ചുമതല. കോഴിക്കോട് മെഡിക്കൽ കോളേജിൽ മാതൃ ശിശു സംരക്ഷണകേന്ദ്രം സൂപ്രണ്ട് ആയിരുന്ന എനിക്ക് പ്രിയ സുഹൃത്ത് ഡോ എം കെ മുനീറിന്റെ നിർബന്ധത്തിനു വഴങ്ങി സാമൂഹ്യ സുരക്ഷാ മിഷൻ ഡയറക്ടറുടെ ചുമതല ഏറ്റെടുക്കേണ്ടി വന്നത് കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി സമയബന്ധിതമായി നടപ്പാക്കണമെന്ന അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യം കൊണ്ടായിരുന്നു.

2012 ഫെബ്രുവരി ഒന്നിനാണ് ഞാൻ മിഷൻ ഡയറക്ടറുടെ ചുമതല ഏറ്റെടുത്തത്. പദ്ധതി നടപ്പിലാക്കുന്നതിന് ഒരുപാട് കടമ്പകൾ ഉണ്ടായിരുന്നു. കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക് ആവശ്യമായ പശ്ചാത്തലമോ പരിശീലനം സിദ്ധിച്ച ഡോക്ടർമാരൊ അന്ന് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ലഭ്യമായിരുന്നില്ല. സ്വകാര്യ മേഖലയിൽ തന്നെ സംസ്ഥാനത്ത് ഏഴ് ആശുപത്രികളിൽ മാത്രമാണ് ഇംപ്ലാന്റ് സർജറി നടന്നിരുന്നത്. കേൾവി തകരാറുള്ള ഒരു കുട്ടിക്ക് ഇംപ്ലാന്റ് സർജറി നടത്തിയതുകൊണ്ട് മാത്രം അവർക്ക് സംസാരശേഷി കിട്ടുകയില്ല. രണ്ടുവർഷമെങ്കിലും തുടർച്ചയായി സംസാര പ്രേരകങ്ങൾ നൽകി സംസാരശേഷി വീണ്ടെടുക്കാനുള്ള ഓഡിയോ വെർബൽ റീഹാബിലിറ്റേഷൻ തെറാപ്പി നൽകേണ്ടതുണ്ട്.

ഓഡിയോ വെർബൽ റീഹാബിലിറ്റേഷൻ തെറാ

> **കോഴിക്കോട് മെഡിക്കൽ കോളേജിൽ മാതൃ ശിശു സംരക്ഷണകേന്ദ്രം സൂപ്ര് ആയിരുന്ന എനിക്ക് പ്രിയ സുഹൃത്ത് ഡോ എം കെ മുനീറിന്റെ നിർബന്ധത്തിനു വഴങ്ങി സാമൂഹ്യ സുരക്ഷാ മിഷൻ ഡയറക്ടറുടെ ചുമതല ഏറ്റെടുക്കേണ്ടി വന്നത് കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി സമയബന്ധിതമായി നടപ്പാക്കണമെന്ന അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യം കൊണ്ടായിരുന്നു.**

പ്പിക്കുള്ള സൗകര്യങ്ങൾ അന്ന് സർക്കാർ മേഖലയിൽ ലഭ്യമായിരുന്നില്ല . മൂന്ന് കമ്പനികൾ ആയിരുന്നു അന്ന് കോക്ലിയർ ഇംപ്ലാന്റുകൾ ഇന്ത്യയിൽ വിതരണം ചെയ്തിരുന്നത്. സർക്കാർ മേഖലയിൽ ഇംപ്ലാന്റ് വിതരണം ചെയ്യാൻ കമ്പനികൾ തയ്യാറായിരുന്നില്ല. ഇംപ്ലാന്റ് സർജറിക്ക് വേണ്ടത്ര പരിചയമോ പശ്ചാത്തല സൗകര്യങ്ങളോ ഇല്ലാത്ത മെഡിക്കൽ കോളേജുകളിൽ സർജറി നടത്തിയാൽ വിജയിക്കാനുള്ള സാധ്യത കുറവാണെന്നും അത് അവരുടെ പ്രോഡക്റ്റിന്റെ മതിപ്പിനെ ദോഷകരമായി ബാധിക്കും എന്നുമായിരുന്നു കമ്പനികളുടെ പ്രധാന വാദം. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ കൂടി മാത്രമേ ഈ പദ്ധതി നടപ്പിലാക്കാൻ കഴിയൂ എന്ന് ഉമ്മൻചാണ്ടി സാറിനോട് പറഞ്ഞപ്പോൾ മുന്നോട്ടുപോകാൻ ധൈര്യം തന്നത് അദ്ദേഹമായിരുന്നു.



2012– 13 സാമ്പത്തിക വർഷത്തെ ബജറ്റിൽ പദ്ധതിക്കായി 6 കോടി രൂപ അനുവദിക്കാൻ മുൻകൈയെടുത്തത് ഉമ്മൻചാണ്ടി സാർ തന്നെയായിരുന്നു. സ്വകാര്യമേഖലയിൽ കോക്ലിയാർ ഇംപ്ലാന്റ് സർജറി നടത്തുന്നവരിൽ പ്രധാനികളായിരുന്ന ഡോ ജോൺപണിക്കർ, ഡോ മനോജ്, ഡോ നൗഷാദ്, ഡോ രവി, ഡോ കെ ജി മാത്യു എന്നിവരെ പദ്ധതിയുടെ പ്രധാന സഹകാരികൾ ആക്കുന്നതിനും അദ്ദേഹം മുൻകൈയെടുത്തു.

ഈ ഡോക്ടർമാരാണ് മെഡിക്കൽ കോളേജുകളിൽ വച്ച് സർക്കാർ ഡോക്ടർമാർക്ക് ആവശ്യമായ പരിശീലനം നൽകി അവരെ മികച്ച കോക്ലിയർ ഇംപ്ലാന്റ് സർജന്മാർ ആക്കി മാറ്റിയത്.പദ്ധതി ആരംഭിച്ച ആദ്യ സാമ്പത്തിക വർഷം തന്നെ പദ്ധതി വിഭാവനം ചെയ്തതുപോലെ 200 കുട്ടികൾക്ക് സർജറി ചെയ്യാൻ കഴിഞ്ഞു. പിന്നീട് അർഹമായ എല്ലാ കുട്ടികളുടെയും സർജറി എന്ന പ്രഖ്യാപനം ദർബാർ ഹാളിൽ അദ്ദേഹം നടത്തി. അദ്ദേഹത്തിന്റെ ഭരണകാലത്ത് തന്നെ 650 കുട്ടികളെ കൊക്ലിയർ ഇംപ്ലാന്റേഷനിലൂടെ കേൾവിയുടെയും ആശയവിനിമയത്തിന്റെയും ലോകത്തേക്ക് തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞു.

തന്റെ മുമ്പിൽ വരുന്ന ഒരു ആവശ്യക്കാരനെയും നിരാശനാക്കി മടക്കുക എന്നുള്ളത് ഉമ്മൻചാണ്ടി സാറിന് കഴിയാത്ത കാര്യമാണ് എന്ന് ഏവർക്കും അറിയാവുന്നതാണ്. കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക് കുട്ടികളെ തിരഞ്ഞെടുക്കുന്നതിന് പദ്ധതിയുടെ വിജയം മാത്രം ലക്ഷ്യം വെച്ച് തീർത്തും ശാസ്ത്രീയമായ മാനദണ്ഡങ്ങൾ വെച്ച് മാർഗരേഖ ഉണ്ടാക്കുമ്പോൾ എനിക്ക് ആശങ്കയുണ്ടായിരുന്നു. എന്നാൽ കുട്ടികളെ തിരഞ്ഞെടുക്കുന്നതിന് രൂപീകരിച്ച കമ്മിറ്റിക്ക് അദ്ദേഹം പൂർണസ്വാതന്ത്ര്യം അനുവദിച്ചിരുന്നു. ശാസ്ത്രീയമായ വിശകലനങ്ങൾക്ക് ശേഷം കമ്മിറ്റി സർജറിക്ക് ശുപാർശ ചെയ്യാത്ത കുട്ടികളുടെ രക്ഷിതാക്കൾ ഉമ്മൻചാണ്ടി സാറിനെ നേരിട്ടോ എംഎൽഎമാർ മുഖാന്തിരമോ കാണുമ്പോൾ അദ്ദേഹം കാര്യങ്ങൾ അന്വേഷിച്ച് ഫോണിൽ വിളിക്കും. എന്തുകൊണ്ട് പ്രസ്തുത കുട്ടിക്ക് ഇംപ്ലാന്റ് കൊണ്ട് ഗുണമുണ്ടാവില്ല എന്ന് അദ്ദേഹത്തോട് വിശദീകരിക്കും. ഒരു കുട്ടിയുടെ കാര്യത്തിൽ പോലും ഈ കുട്ടിയുടെ കാര്യം പ്രത്യേക കേസ് ആയി പരിഗണിക്കണം എന്ന് അദ്ദേഹം ആവശ്യപ്പെട്ടിട്ടില്ല എന്നത് എന്നെ ഏറെ അത്ഭുതപ്പെടുത്തിയ കാര്യമാണ്. എംഎൽഎ മാരോ രക്ഷിതാക്കളോ വീണ്ടും നിർബന്ധിക്കുമ്പോൾ അദ്ദേഹം എന്റെ നമ്പർ നൽകിയിട്ട് എന്നെ വിളിക്കാൻ പറയുന്ന ഒട്ടു വളരെ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.


കൊക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ വിജയമാണ് വൈകല്യ മേഖലയിൽ ജീവിതചക്ര ശൈലിയിൽ നവജാതശിശുക്കളുടെ കേൾവി പരിശോധന, ജില്ലാതല പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ(District Early Intervention Centres), ഓട്ടിസം സെന്ററുകൾ മുതലായ പദ്ധതികൾ ആരംഭിക്കുവാൻ സാമൂഹ്യ സുരക്ഷാ മിഷന് ധൈര്യം തന്നത്. വൈകല്യ മേഖലയിലെ എല്ലാ പദ്ധതികൾക്കും ശക്തമായ പിന്തുണയാണ് മുഖ്യമന്ത്രി എന്ന നിലയിൽ അദ്ദേഹം തന്നത്. എൻഡോ സൾഫാൻ ദുരിത മേഖലയിലുള്ളവർ അടക്കം വൈകല്യമുള്ള ഏതൊരാളോടും അദ്ദേഹത്തിനു പ്രത്യേക പരിഗണനയും താൽപര്യവും ഉണ്ടായിരുന്നു.

ഉമ്മൻചാണ്ടി എന്ന ഭരണാധികാരിയുടെ കരുതലും, ദയയും, കാരുണ്യവും എത്രയോ സന്ദർഭങ്ങളിൽ നേരിട്ട് കാണുവാൻ എനിക്ക് അവസരം ലഭിച്ചിരുന്നു. അച്ഛനും അമ്മയും നഷ്ടപ്പെട്ടുപോകുന്ന കുട്ടികൾക്ക് വീടുകളിൽ നിന്ന് തന്നെ തുടർപഠനം നടത്തുവാൻ സൗകര്യമൊരുക്കിയ സ്നേഹപൂർവ്വം പദ്ധതിയും നടപ്പിലാക്കാൻ കഴിഞ്ഞിരുന്നു.

കാരുണ്യം എന്ന വാക്കിന് പകരം വയ്ക്കാൻ നിഘണ്ടുവിൽ ഒരു പദം കൂടി നമുക്ക് ഉൾപ്പെടുത്തുവാൻ കഴിയും. അത് ഉമ്മൻചാണ്ടി എന്ന് തന്നെയാണ്.

ഉമ്മൻചാണ്ടിയെ ജനങ്ങൾ എത്രമാത്രം സ്നേഹിച്ചിരുന്നു എന്ന് മനസ്സിലാക്കാൻ അദ്ദേഹത്തിന്റെ മരണംവരെ കാത്തിരിക്കേണ്ടി വന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. കനിവിന്റെയും ആർദ്രതയുടെയും നേർസാക്ഷ്യമായിരുന്ന ഉമ്മൻചാണ്ടി സാർ ജനഹൃദയങ്ങളിൽ മരിക്കാതെ തന്നെ ജീവിക്കും.

# ചില്ല് കൂട്ടിലെ അച്ഛൻ



ഷീല ഷിലേഷ്

ഏതോ വിദൂരമാം  പാതയിലൂടെ
എന്നച്ഛനെതേടി ഞാൻ യാത്രയായി....
ഒരു നോക്കുകാണുവാനുള്ള യാത്രയ്ക്കിടെ
എത്രയോ കാതങ്ങൾ താണ്ടിയെന്നോ...
ആധിയും വ്യാധിയുമെല്ലാം മറന്നു ഞാൻ
യാത്ര തുടരുകയാണെന്നുമെന്നും.
അച്ഛനെ കണ്ടതായോർമ്മയേയില്ലാത്ത
കുഞ്ഞുമകളാം ഞാൻ കണ്ണീർവാർപ്പൂ..

അച്ഛന്റെ കൈവിരൽത്തുമ്പു പിടിച്ചൊന്നു
പിച്ചവെച്ചോടി കളിക്കുവാനാശിച്ചു
ആ മടിത്തട്ടിലായ് തൊട്ടിലാട്ടിട്ടെന്നെ
വാരിപ്പുണർന്നുമ്മവെക്കുന്നതും

അച്ഛന്റെ താരാട്ടുപാട്ടു കേൾക്കുന്നതും
അച്ഛന്റെ മാറിലെ ചൂടേറ്റുറങ്ങുന്നതും
കനവിലെ ചിന്തയായ് ഓമനിക്കുമ്പോഴും
ഒക്കെയും മിഥ്യയെന്നോർത്തു വിതുമ്പുന്നു..

അച്ഛനെ കാണണമെന്നിച്ഛയോടെ
എന്നമ്മയോടൊത്തിരി കലമ്പി ഞാൻ നിത്യവും..
ശാഠ്യംപിടിച്ചു  കേണിടും
നേരമെന്നമ്മ ചൊല്ലി
മടങ്ങിവരികയില്ലച്ഛനൊരുനാളും,
തമ്മിൽ കാണുവാനാകില്ലയീജന്മമെന്നറിയുക...

അച്ഛന്റെ കഥകളെൻ മുത്തശ്ശി ചൊല്ലുമ്പോൾ
കണ്ണുനീർ ധാരയായ് പൊഴിഞ്ഞിടുന്നു
തിരമാലപോലെന്മനമാർത്തലച്ചിടുന്നു...

ചുമരിലെ ചിത്രത്തിൽ പുഞ്ചിരി തൂകുന്ന
അച്ഛന്റെ മുഖമെന്നിൽ
വിങ്ങുന്നൊരോർമ്മയായ് തേങ്ങുന്നുവെപ്പോഴും
ആർദ്രമായൊരു താരാട്ടുപാട്ടായ്
സാന്ത്വനമേകുന്നിളം തെന്നലായി
കിനാവിന്റെ തീരത്തൊരുവേളയെങ്കിലും
വരില്ലയോ എന്നച്ഛനെന്നരികിൽ..!



# ‘എന്റെ വായനയാണ് എന്റെ തിരക്ക്’

## വി ഡി സതീശൻ

**(കേരള നിയമസഭ സംഘടിപ്പിച്ച അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ നിരൂപകൻ എൻ ഇ സുധീറുമായി നടത്തിയ സംഭാഷണം)**

**വായന പകർന്നു തന്നത് അമ്മ**

എന്റെ വായന തുടങ്ങുന്നത് അമ്മയുടെ മടിത്തട്ടിലാണ്. ആ ചുണ്ടിൽ നിന്ന് വരുന്ന കഥകൾ അമ്മയുടെ മടിത്തട്ടിൽ ചെവി കൊടുത്ത് കേൾക്കും. ആ കേൾവി തന്നെയാണ് വായനയെന്ന വലിയ അനുഭവങ്ങളുടെ യാത്രകൾ എനിക്ക് തുറന്ന് തന്നത്. കേട്ടിരുന്ന പുരാണ കഥകളിലെ കഥാപാത്രങ്ങൾ ഇന്നും എന്റെ ജീവിതാനുഭവങ്ങളെ നയിക്കുന്നതിന് മുതൽകൂട്ടായിട്ടുണ്ട്. പൂർണ ഗർഭിണിയായ സീതയെ കാട്ടിലയക്കാൻ സഹോദരനെ ചുമതലപ്പെടുത്തുന്ന രാമൻ മര്യാദപുരുഷോത്തമനാണെന്ന അമ്മയുടെ കഥ പറച്ചിൽ എന്റെ ചെറു ചെവിയെ മാത്രമല്ല മനസിനെയും അസ്വസ്ഥമാക്കി. അമ്മ ഈ കഥ ചൊല്ലിക്കൊണ്ട് മര്യാദപുരുഷോത്തമന്റെ കാര്യം ആവർത്തിച്ചു. അപ്പോഴും എന്റെ ചിന്ത ആ ചെയ്തിയെ കുറിച്ചായിരുന്നു. ഒരു സ്ത്രീയെ അതും നിറ വയറുമായി അടുത്ത തലമുറയെ നൽകാൻ വെമ്പുന്ന മാതൃത്വത്തെ കാട്ടിലയക്കാൻ തീരുമാനിക്കുന്നതിനെ അംഗീകരിക്കാൻ അന്നത്തെ മനസിനും ഇന്നത്തെ അവസ്ഥക്കും അംഗികരിക്കാ



നാകുന്നില്ല.

ഒരു ഭരണാധികാരി എന്ത് ചെയ്യുന്നു എന്തിന് ചെയ്യുന്നു എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം. ഭരണാധികാരിക്ക് എതിര് നിന്നാലും അത് ചെയ്യരുതെന്നാണ് എന്റെ പക്ഷം. ഈ പുരാണ കഥാഭാഗം എന്നെ പഠിപ്പിച്ചത് ഇതാണ്. എന്റെ വായനയുടെ ആദ്യ ഭാഗം തന്നെ ഇങ്ങനെ ഒരു പാഠം പകർന്നു തന്ന് അമ്മയുടെ കഥ കേട്ട് തുടങ്ങിയ എനിക്ക് പിന്നങ്ങോട്ട് വായന എന്നെ ജീവിതവും ലോകവും അവിടെ ചെയ്യേണ്ട കാര്യങ്ങളും പഠിപ്പിക്കുകയായിരുന്നു.

## വായന കാര്യമാക്കിയ ചെറുപ്പം

അമ്മയുടെ പുരാണ കഥകൾ കേട്ട അനുഭവം ഉള്ളിൽ പേറി തുടങ്ങിയ വായനയിൽ രാമായണത്തിന്റെ വ്യത്യസ്ത ആഖ്യാനങ്ങൾ തേടിപ്പിടിച്ചു വായിച്ചു.സി രാജഗോപാലാചാരിയുടെ മഹാഭാരതം ഈ രംഗത്തെ പ്രധാന വായനയായിരുന്നു.

വായനക്ക് വിവിധ തലങ്ങളുണ്ട്. അതിൽ അനുഭവങ്ങളുണ്ട്. വായന അങ്ങനെ ചെറുപ്പത്തിലേ കാര്യമായെടുത്തു. നോവലുകൾ തേടിപ്പിടിച്ചു വായന തുടങ്ങി. പി കെ ബാലകൃഷ്ണന്റെ ഇനി ഞാൻ ഉറങ്ങട്ടെ, എം ടിയുടെ രണ്ടാമൂഴം, അങ്ങനെ തുടങ്ങി ഉറൂബ്, എൻ പി മുഹമ്മദ് തുടങ്ങി നോവലുകളുടെ ലോകത്ത് കറങ്ങി നിന്നു. പത്താം ക്ലാസ് പിന്നിടുമ്പോഴേക്കും നോവലുകളെല്ലാം വായിച്ചു എന്ന തൃപ്തിയിലേക്ക് മാറി. കുഴപ്പമില്ലാതെ പഠിക്കുന്ന കുട്ടി ആയതിനാൽ വായനക്ക് നൽകിയ പിന്തുണ മറക്കാനാകാത്തതാണ്. അവരായിരുന്നു പുസ്തകങ്ങൾ നിർദ്ദേശിച്ചു തന്നത്.

കോളജ് വിദ്യഭ്യാസം തുടങ്ങുമ്പോഴേക്കും വായന ചെറുകഥകളുടെ ലോകത്തേക്ക് പടർന്നു. വയനക്ക് പുതിയമാനങ്ങൾ കൈവന്നു. പുതിയ പുസ്കങ്ങൾ തേടിവന്നുകൊണ്ടിരുന്നു. കാക്കനാടനും എം മുകുന്ദനും വായനയുടെ ലോകത്ത് മനസ് നിറച്ച് കഥാപാത്രങ്ങളെ തന്നു. ആൽബർട് കാമസ്, ഫ്രാൻസ് കാഫ് ക, ഇവരെയൊക്കെ അറിയാനായത് ഇക്കാലത്താണ്. ഇവരുടെ എഴുത്തുകൾ പല

**വായനക്ക് വിവിധ തലങ്ങളുണ്ട്. അതിൽ അനുഭവങ്ങളുണ്ട്. വായന അങ്ങനെ ചെറുപ്പത്തിലേ കാര്യമായെടുത്തു. നോവലുകൾ തേടിപ്പിടിച്ചു വായന തുടങ്ങി. പി കെ ബാലകൃഷ്ണന്റെ ഇനി ഞാൻ ഉറങ്ങട്ടെ, എം ടിയുടെ രണ്ടാമൂഴം, അങ്ങനെ തുടങ്ങി ഉറൂബ്, എൻ പി മുഹമ്മദ് തുടങ്ങി നോവലുകളുടെ ലോകത്ത് കറങ്ങി നിന്നു.**



കേട്ടെഴുത്ത്:: **യു. ഷൈജു**

ലോകത്തേക്കും വായനയെ കൂട്ടിക്കൊണ്ടുപോയി. കാലം കഴിയുംതോറും അങ്ങനെ വയനയുടെ ഗൗരവം വർധിച്ചു. ചരിത്ര വായനയെ കാര്യമായി ഇഷ്ടമല്ലാതിരുന്നതിനാൽ മറ്റ് വായനകൾ അധികരിച്ചു. മാക്സിം ഗോർക്കിയുടെ രചനകൾ തേടിയെത്തിയപ്പോൾ കൊതിയോടെ വായിച്ചു. റഷ്യൻ രചനകൾ തേടിപ്പിടിച്ചുള്ള വായന ശീലമാക്കി.ആന്റൺ ചെക്കോവിന്റെ കഥകൾ അത്ഭുതപ്പെടുത്തി. അവയൊക്കെ വിസമയത്തോടെയാണ് മനസ് നിറഞ്ഞ് വായിച്ചത്.

## വായനയെന്ന വിവര വിസ്ഫോടനം

വായന വിവരവിസ്ഫോടനം പോലെ പലതും തന്നുകൊണ്ടിരുന്നു. സ്കൂൾ കോളജ് ഘട്ടം കഴിയുമ്പോഴേക്കും വായനയെന്ന സ്വകാര്യ അനുഭൂതി ജീവിതത്തിന്റെ ഭാഗമായി മാറി. ഒ വി വിജയന്റെ ഖസാക്കിന്റെ ഇതിഹാസം, സേതുവിന്റെ പാണ്ഡവപുരം അധിക വായനക്ക് പ്രേരിപ്പിച്ച രചനകളായിരുന്നു. മൂന്ന് തവണയാണ് വായിച്ചത്. ഓരോ തവണ വായിക്കുമ്പോഴും ആ എഴുത്തുകൾ പകർന്നു തന്ന അനുഭൂതി വിവരാണാതീതമാണ്. സേതുവേട്ടന്റെ രചനാ വൈഭവത്തിന്റെ പകർന്നാട്ടമെന്ന് പാണ്ഡവപുരത്തെ വിശേഷിപ്പിക്കാം. ജോർജ് ഓർവെലിന്റെ 1984 വായിച്ചാൽ ഉണരുന്നത് ഉന്നത പൗരബോധമാണ്. സ്റ്റേറ്റ് നമ്മളെ നിരീക്ഷിക്കുകയും സംശയിക്കുകയും ചെയ്യുന്നു. എന്നെ വല്ലാതെ ഭയപ്പെടുത്തി ആ എഴുത്ത്. ഒരു മാസത്തോളം കാലം മനസിനെ ഉലച്ച പുസ്തകമാണ് ഓർവെലിന്റെ 1984.

വായനയുടെ ഗൗരവം അതിരുകൾ ഭേദിച്ച് മുന്നേറിയപ്പോൾ ചരിത്ര വായനയെയും പ്രണയിച്ചു തുടങ്ങി. ചരിത്ര വായനയാണ് വിവരങ്ങളുടെ ഭണ്ഡാരങ്ങളെന്ന് ബോധ്യമായതേടെ ആ രംഗത്തെ പുസ്തകങ്ങൾക്കായി ഓടി. പലതും തേടിയെത്തി ചരിത്രങ്ങളുടെ ചരിത്രത്തിലേക്ക് മെല്ലെ മെല്ലെ സഞ്ചരിച്ചു തുടങ്ങി. നെഹ്റുവിന്റെ ഗ്ലിംസെസ് ഓഫ് വേൾഡ് ഹിസ്റ്ററി വായിച്ചതാണ് ചരിത്ര വായനകളുടെ അനിവാര്യതക്ക് അടിവരയിട്ടത്. ലോകത്തെക്കുറിച്ച് കാര്യങ്ങൾ കൈവെള്ളയിൽ വെച്ച് കവിതപോലെ വരച്ചിട്ടിരിക്കുന്നു, ശരിക്കും ചരിത്രത്തെ കവിതപോലെ അനുഭവിച്ച ഒന്നായിരുന്നു. ചരിത്രവായനയുടെ വഴിമാറ്റിക്കളഞ്ഞു ഈ നെഹ്റുവിയൻ വായന. വായനയുടെ വിവിധ തലങ്ങളും അതിന്റെ ആഴങ്ങഴും തിരിച്ചറിഞ്ഞ് ചർച്ച ചെയ്യുന്ന ഞങ്ങളുടെ വായന ക്കൂട്ടത്തിന്റെ ഇടപെടലുകളിൽ നിരവധി




പുസ്തകങ്ങൾ മുന്നിലെത്തി. ഇരുപതാം നൂറ്റാണ്ടിന്റെ ചരിത്രം, ദേശീയ പ്രസ്ഥാനങ്ങൾ, ഗാന്ധി ജീവിതം അങ്ങനെ ചരിത്രബോധ്യങ്ങളുടെ ലോകത്ത് കറങ്ങി. രാഷ്ട്രബോധങ്ങൾക്കും രാഷ്ട്രീയ ചിന്തകൾക്കും കനംകൂട്ടി മുന്നോട്ട് പോകാൻ വഴിനൽകുന്നവായനകളായി ഇത് മാറുകായിരുന്നു. മുഗൾ ചരിത്രമടക്കം വായനയിലൂടെ ചരിത്രമേഖലയിൽ സഞ്ചരിച്ചപ്പോൾ പലതിനെകുറിച്ചും ജാഗ്രത പാലിക്കണമെന്ന് പഠിച്ചു.

## സാമ്പത്തികത്തിൽ തർക്കിച്ചു പഠിച്ചു

ബാലപാഠം പോലുമറിയാത്ത സാമ്പത്തിക മേഖലയെകുറിച്ച വായന ശരിക്കും പഠനമായിരുന്നു പകർന്ന് നൽകിയത്. നിയമസഭാംഗമായി എത്തുമ്പോൾ എന്താണ് അധികവായനകളെന്ന അന്വേഷണമാണ് സാമ്പത്തിക മേഖലയെകുറിച്ച് വായന വേണമെന്ന് മനസിലായത്. ഭരണഘടനയെയും സാമ്പത്തികമേഖലയെയും കുറിച്ചു വായനയില്ലാതെ സഭാ കാര്യങ്ങളിൽ ക്രിയാത്മകമായി ഇടപെടാനാകില്ലെന്ന് ബോധ്യപ്പെട്ടു. ഒരു അഭിഭാഷകൻ എന്ന നിലയിൽ ഭരണഘടനാ വായന എറെക്കുറെ ഉണ്ടായിരുന്നു എന്നാൽ സാമ്പത്തിക മേഖലയെകുറിച്ച് വിജ്ഞാനം എന്നത് തുശ്ചമായിരുന്നു. അതിനായി പല മേഖലയും പരതി. നിയസഭാ ലൈബ്രറി എറെ സഹായിച്ചു. അവിടം കൂടുതൽ ഉപയോഗപ്പെടുത്തിയെന്ന ബോധം സന്തോഷം നൽകുന്ന കാര്യമായി ഇന്നും കൊണ്ടു നടക്കുന്നു. പ്രതിപക്ഷ നിരയിലെ സാമ്പത്തിക ശാത്രജ്ഞൻ ഡോ.തോമസ് ഐസക് ഇക്കാര്യത്തിൽ എനിക്ക് പ്രചോദനമായി. ടാക്സും എക്കണോമിക്സും അറിയാത്ത ഞാൻ സാമ്പത്തിക കാര്യങ്ങളിൽ കൈവെക്കാനുള്ള ധൈര്യം ഈ മേഖലയിലെ വായനയാണ്. കണക്ക് പറയുന്നതിന്റെ കൗശലം മനസിലാക്കി തർക്കിച്ച് തുടങ്ങി. ട്രഷറി ബഞ്ചിന് നേരെ സാമ്പത്തിക കാര്യങ്ങളിൽ വിരൽ ചൂണ്ടാനുള്ള ധൈര്യം കൈവന്നു. തോമസ് ഐസക് അടക്കമുള്ളവരുമായി ഈ രംഗത്തെ പുതിയ പുസ്തകങ്ങളെ കുറിച്ച് ചർച്ച ചെയ്യും. ഇപ്പോഴും ആ പതിവ് ഉണ്ട്. വിരുദ്ധമായ രാഷ്ട്രീയ ചേരിയിലാകുമ്പോഴും സാമ്പത്തിക മേഖലയിലെ പുതിയ രചനകളെകുറിച്ച് കൊടുക്കൽ വാങ്ങലുകൾ ധാരാളമാണ്. ആ മേഖലയിലെ വായനയും ധാരാളമായി നടക്കുന്നുണ്ട്.

**"**

**രാഷ്ട്രബോധങ്ങൾക്കും രാഷ്ട്രീയ ചിന്തകൾക്കും കനംകൂട്ടി മുന്നോട്ട് പോകാൻ വഴിനൽകുന്നവായനകളായി ഇത് മാറുകായിരുന്നു. മുഗൾ ചരിത്രമടക്കം വായനയിലൂടെ ചരിത്രമേഖലയിൽ സഞ്ചരിച്ചപ്പോൾ പലതിനെകുറിച്ചും ജാഗ്രത പാലിക്കണമെന്ന് പഠിച്ചു.**

## വായനയുടെ പക്ഷം

ഇടതുപക്ഷവായനയുടെ കാര്യത്തിലും പിന്നിലല്ലാത്ത തരത്തിലാണ്. മാർക്സിനെക്കുറിച്ചു ധാരാളം വായന നടത്തിയിട്ടുണ്ട്. എൻ ഇ ബാലറാമിലൂടെയാണ് ആ വായനക്ക് ആക്കം കൂട്ടിയത്. പല കമ്യൂണിസ്റ്റ് എഴുത്തുകാരെയും വായിച്ചിട്ടു

ണ്ട്. കേരളത്തിന്റെ കേന്ദ്രം തന്നെ ഇടതാണ്. ഇടതൻമാരും വലതൻമാരും എന്ന പ്രയോഗം തന്നെ കേരളത്തിൽ പറയുന്നത് ശരിയല്ല. മനുഷ്യരെക്കുറിച്ചുള്ള ചിന്താഗതിയാണത്. നമ്മൾ നാടിനെക്കുറിച്ചും അവിടുത്തെ ജീവിതങ്ങളെക്കുറിച്ചും ചിന്തിക്കുന്നവരാണ്. ജീവിത പ്രയാസങ്ങൾ കാണുമ്പോൾ സങ്കടവും കണ്ണീരും വരുന്നവരാണ്. രാഷ്ട്രീയ വായനയിൽ അത്തരം ഇടതു വായനക്കും ഇടം നൽകിയിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ സംഭവിച്ച പലതും ഇൻഡ്യയിലടക്കം ലോകത്ത് പല സ്ഥലത്തും  ആവർത്തിക്കുന്നുവെന്ന ഭീതി എനിക്കുണ്ട്. ഫാഷിസവും നാസിസവും  രൂപപ്പെട്ടുവന്ന രീതി. ഗീബൽസിനെ ശ്രദ്ധയോടെ പഠിച്ചതാണ്. അഞ്ചടി പൊക്കമുണ്ടായിരുന്ന ഹിറ്റ്ലർ നല്ല പ്രസംഗകനായിരുന്നു. ജർമനിയിൽ ഉണ്ടായ അരാജക്ത്വമാണ് ഇത്തരം ആളുകളുടെ കടന്നു കയറ്റം സംഭവിക്കുന്നത്. ഇപ്പോഴത്തെ അവസ്ഥ നോക്കൂ ഗീബൽസിനെക്കാൾ വലിയ പിആർ ഏജൻസികളാണ് വരുന്നത്. ആ പിആർ ഏജൻസികളും സാമൂഹ്യ മാധ്യമങ്ങളും കൂടി പുതിയ ലോകം തീർക്കുകയാണ്. നൊബേൽ ജേതാവ് മരിയ റേസയുടെ  ഹൗ ടു സ്റ്റാന്റപ്  ടു എ ഡിക്റ്റേറ്റർ  എന്ന പുസ്തകം വായിച്ചു. സാമൂഹ്യ മാധ്യമങ്ങളുടെ പ്രതലങ്ങളെക്കുറിച്ചുള്ള മികച്ച ഗവേഷണം നടത്തിയിട്ടാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.ആളുകളുടെ മനസുകൾ കവർന്ന് ഭരണാധികാരികൾ പുതിയ ഇടങ്ങൾ തീർക്കുന്നതെങ്ങനെയെന്ന് ഇതിലൂടെ കാണാം.ലോകത്ത് നടന്ന അപകടകരമായ കാര്യങ്ങൾ വായിച്ചു ബോധ്യപ്പെട്ട കാര്യങ്ങൾ ഇന്ന് നമ്മുടെ കൺമുന്നിൽ വരികയാണ്.  നോക്കൂ ജർമനിയിൽ ജൂതൻമാരെ പൊതു ശത്രുവായി ചിത്രീകരിക്കുകയാണ്. എല്ലാ ജർമൻകാരുടെയും ചൂണ്ടുവിരൽ ജൂതനെതിരെയാക്കുകയാണ്. ഇത് ഇൻഡ്യയിലാണെങ്കിൽ ന്യൂനപക്ഷത്തോടാണ്. അവർക്ക് ഇവിടെ ജീവിക്കാൻ അവകാശമില്ലെന്നും വരുത്തരാണെന്നുമുള്ള പ്രചാരണം അടിച്ചു വിടുകയാണ്. എന്നിട്ട് ഫാഷിസ്റ്റുകൾ ഇന്ത്യയിൽ പറയുന്നത് എന്താ, ഇന്ത്യക്കാർക്ക് ആര്യൻമാരുടെ രക്തമാണുള്ളതെന്നും ന്യൂനപക്ഷങ്ങൾ വേണമെങ്കിൽ മര്യാദക്കിവിടെ ജീവിച്ചോ എന്നൊക്കെയാണ് തട്ടി വിടുന്നത്. ഇത് തന്നെയല്ലേ ഹിറ്റ്ലറും പറഞ്ഞത്. ഇത്തരം ലോക യാഥാർഥ്യങ്ങൾ തിരിച്ചറിയുന്ന എഴുത്തുകൾ വായിക്കുമ്പോൾ രാഷ്ട്രീയത്തിലെ നല്ല തിരിച്ചറിവുകൾ എനിക്ക് സമ്മാനിച്ചിട്ടുണ്ട്. എന്റെ രാഷ്ട്രീയ യാത്രയുടെ വഴികളിൽ എന്റെ ബോധ്യങ്ങൾ ഈ വായനകളാണ്.



## അസ്വസ്ഥപെടുത്തിയ വായന കാര്യങ്ങൾ

വംശഹത്യ  ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ മാത്രമുണ്ടായതല്ലല്ലോ. ഇവിടെ ഇപ്പോൾ മണിപ്പൂരിൽ എന്താണ് നടന്നത്. വംശഹത്യ അല്ലേ. ഇരുപതാം നൂറ്റാണ്ടിന്റെ തനിയാവർത്തനമല്ലേ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഇൻഡ്യയുടെ മണിപ്പൂരിൽ നടന്നത്. റോഹിങ്ക്യരോട് നടന്നത്, റുവാണ്ടയിൽ നടന്നത്, അങ്ങനെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നതൊക്കെയും വംശഹത്യയല്ലേ.ഇഷിഗുറോയുടെ  ദി റിമൈൻസ് ഓഫ് ദി ഡേ  എന്ന പുസ്തകം വായിച്ചു. അതിൽ ബട്ലറുടെ കഥ പറഞ്ഞുകൊണ്ട് ഒന്നാം ലോകയുദ്ധം കഴിഞ്ഞ് നടക്കുന്ന ചർച്ചകളെ അവതരിപ്പിക്കുന്ന എഴുത്താണത്. നമ്മെ അങ്ങനെ ഭീതിപ്പെടുത്തിയ അടയാളങ്ങളും മുന്നറിയിപ്പുകളുമാണ് നമ്മളിന്ന് കാണുന്നത്. എന്നെ ഏറെ വിഷമിപ്പിക്കുന്നത് യുദ്ധങ്ങളും അതുണ്ടാക്കുന്ന പലായനങ്ങളുമാണ്. ജീവിതകാലം മുഴുവൻ ഉണ്ടാക്കിയതെല്ലാം വിട്ട് നാടും വീടും എല്ലാം കളഞ്ഞ് കുഞ്ഞുങ്ങളെ മാറോടടക്കിപ്പിടിച്ച് സ്ത്രീകളടക്കം നടത്തുന്ന പലായനങ്ങളെ കുറിച്ചുള്ള വായന എന്നെ ഏറെ അസ്വസ്ഥപ്പെടുത്തുന്നതാണ്. പലസ്തീനിലടക്കം ഇപ്പോൾ നടക്കുന്ന പലായനങ്ങൾ ബോംബാക്രമണങ്ങൾ ഇതിന്റെയൊക്കെ ഫലമെന്താണെന്ന് ഇപ്പോഴും നമ്മൾ പഠിച്ചിട്ടില്ല. പക്ഷേ ഇതൊക്കെ വായിക്കുമ്പോൾ തോന്നുന്നത് ഇതിനൊക്കെ എതിരെ പോരാടണമെന്നാണ്. മഹാഭാരത കഥയിലെ ഗാന്ധാരി വിലാപമല്ലേ ഓരോ യുദ്ധം കഴിയുമ്പോഴും ഓരോ അമ്മമാരും നമ്മോട് ചോദിക്കുന്നത്.

## വായനക്കാരനെ തൂക്കിയെടുക്കുന്ന എഴുത്തുകാർ

യൂറോപ്യൻ സാഹിത്യത്തെക്കുറിച്ച് വായനയിൽ ഏറ്റവും ഇഷ്ടപ്പെട്ട എഴുത്തുകാരൻ ഒർഹാൻ

"

**എറ്റവും കൂടുതൽ തിരക്കുള്ളയാളിനേ വായന സാധ്യമാകൂ എന്ന് ഞാൻ അനുഭവങ്ങളിലൂടെ തിരിച്ചറിഞ്ഞു.**

പാമുക്ക് ആണ്. പാമുക്കിന്റെ സ്നോ ആണ് ആദ്യം വായിക്കുന്നത്.എഴുത്തുകാരൻ വയനക്കാരനെ കൂട്ടിക്കൊണ്ടു പോകുന്നതെങ്ങനെയെന്ന് പറയാനാകാത്ത തരത്തിലെ എഴുത്താണത്. ഇസ്താംബൂൾ വായിച്ചാൽ അതിലേറെ ഗംഭീരം. ഞാൻ ടർക്കിയിൽ പോയിട്ടില്ല പക്ഷേ ടർക്കിയിൽ പോകാൻ ആഗ്രഹിച്ചതത്രെയും ഇസ്താംബൂൾ വായിച്ചിട്ടാണ്. ഏറെ വിഷമിപ്പിച്ച പാമുക്കിന്റെ രചനയാണ് മൈ നെയിം ഈസ് റെഡ്. മിലാൻ കുന്ദേരയെ വായിക്കുന്നതിന് കാരണക്കാരൻ എം കൃഷ്ണൻ നായരാണ്. ഗബ്രിയേൽ ഗാർസിയ മാർകേസിന്റെ ന്യൂസ് ഓഫ് എ കിഡ്നാപ്പിംഗ് വായിച്ചു. എമിലി ബ്രോണ്ടിംഗിന്റെ വുതറിംഗ് ഹെയിറ്റ്സ് വായിച്ചു. മകൾ നിർബന്ധിപ്പിച്ച് വായിപ്പിച്ചതാണ്. ഇരുപത്തിഒൻപതാമത്തെ വയസ്സിൽ പുസ്തകമെഴുതി മുപ്പതാമത്തെ വയസിൽ



മരണമടഞ്ഞയാളാണ് എമിലി ബ്രോണ്ടിംഗ്. ആ വായന തന്ന അനുഭവം ഞാൻ പറഞ്ഞാൽ ആരേലും വിശ്വസിക്കുമോ എന്നറിയില്ല. അത് വായിച്ചു തുടങ്ങിയപ്പോൾ തണുത്ത കാറ്റടിച്ചു. ശീതീകരിച്ച മുറിയിലായിരുന്നില്ല ഞാൻ ഇരുന്നത്. അത് വായിച്ചപ്പോൾ ഞാൻ തണുത്തു വിറച്ചു. തണുപ്പ് കാലമല്ല, മഞ്ഞു കാലമല്ല പക്ഷേ ഞാൻ തണുത്തു വിറച്ചു. എഴുത്തിൽ പറയുന്ന തണുപ്പിന്റെ ഉയരത്തിലേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയി. സി വി ബാലകൃഷ്ണന്റെ ആയുസിന്റെ പുസ്തകം വായിച്ചപ്പോഴുള്ള അനുഭവവും വേറിട്ടതായിരുന്നു. കുടിയേറ്റക്കാരുടെ ജീവിതം പറയുന്ന ഈ രചന വായിച്ചപ്പോൾ എനിക്ക് കുന്തിരിക്കത്തിന്റെ ഗന്ധം അനുഭവപ്പെട്ടു, ഞാൻ കുന്തിരിക്കം കത്തിക്കാറില്ല. വീട്ടിൽ കുന്തിരിക്കവുമില്ല. പക്ഷേ എന്റെ മുറിയിലിരുന്നു വായിച്ചപ്പോൾ എനിക്ക് കുന്തിരിക്കത്തിന്റെ ഗന്ധം അനുഭവപ്പെട്ടു.

എഴുത്തുകാരുടെ ഭാവനാ പ്രപഞ്ചത്തിലേക്ക് വായനക്കാരനെ തൂക്കിയെടുത്തുകൊണ്ടു പോകുകയാണ്. കില്ലിംഗ് ജീസസ്, സാറാ ജോസഫിന്റെ കറ, ഇതൊക്കെ വായിച്ചപ്പോഴും പ്രത്യേക അനുഭവങ്ങളാണ് സമ്മാനിച്ചത്. സുഭാഷ് ചന്ദ്രന്റെ മനുഷ്യന് ഒരു ആമുഖം വായിച്ചു തീർന്നപ്പോൾ എനിക്ക് അർധരാത്രിയിൽ വിളിക്കണമെന്ന് തോന്നി. പക്ഷേ ഉറങ്ങാനായില്ല. അതിരാവിലെ സുഭാഷിനെ വിളിച്ചു ഞാൻ അറിയാതെ പറഞ്ഞു പോയി ഞാൻ നന്നാവാൻ തീരുമാനിച്ചുവെന്ന്.

> സി വി ബാലകൃഷ്ണന്റെ ആയുസിന്റെ പുസ്തകം വായിച്ചപ്പോഴുള്ള അനുഭവവും വേറിട്ടതായിരുന്നു. കുടിയേറ്റക്കാരുടെ ജീവിതം പറയുന്ന ഈ രചന വായിച്ചപ്പോൾ എനിക്ക് കുന്തിരിക്കത്തിന്റെ ഗന്ധം അനുഭവപ്പെട്ടു, ഞാൻ കുന്തിരിക്കം കത്തിക്കാറില്ല. വീട്ടിൽ കുന്തിരിക്കവുമില്ല. പക്ഷേ എന്റെ മുറിയിലിരുന്ന വായിച്ചപ്പോൾ എനിക്ക് കുന്തിരിക്കത്തിന്റെ ഗന്ധം അനുഭവപ്പെട്ടു.

## തിരക്കിന്റെ വായന

ടിഎൻ ജയചന്ദ്രൻ എന്ന സിവിൽ സർവീസ് ഉദ്യോഗസ്ഥനാണ് ഏത് തിരക്കിന്റെ ലോകത്തും വായനയെ കൂടെക്കൂട്ടാമെന്ന പാഠം പഠിപ്പിച്ചത്. ആ അനുഭവം എന്റെ പത്തൊൻപതാമത്തെ വയസിൽ ഉണ്ടായതാണ്. ആ തെളിഞ്ഞ മാർഗം ഇന്നും ജീവിതത്തിന്റെ ഭാഗമാക്കിയിട്ടുണ്ട്. എറ്റവും കൂടുതൽ തിരക്കുള്ളയാളിനേ വായന സാധ്യമാകൂ എന്ന് ഞാൻ അനുഭവങ്ങളിലൂടെ തിരിച്ചറിഞ്ഞു. ടൈം മാനേജ്മെന്റിലൂടെ അത് സാധ്യമാക്കുകയാണ് ഞാൻ.സമയം കണ്ടെത്തുകയും വായിക്കണമെന്ന നിശ്ചയ ദാർഢ്യവും ചേരുമ്പോൾ നല്ല വായന സാധ്യമാകും. ഇന്ന് സാമൂഹ്യ - രാഷ്ട്രീയ രംഗത്ത് എനിക്ക് ലഭിച്ചിട്ടുള്ള ചെറുതും വലുതുമായ അംഗീകാരങ്ങൾക്ക് പിന്നിലും വായന പകർന്ന് നൽകിയ അനുഭവവും വിവരങ്ങളും പ്രധാനമാണ്. കരയിലൂടെയും ആകാശത്തിലൂടെയും യാത്ര ചെയ്യുമ്പോൾ എന്റെ കൂട്ട് വായനയാണ്. രാഷ്ട്രീയ ജീവിതത്തിരക്കുകളിലെ ആനന്ദമായി മാറിയത് വായനയാണ്. അതാണ് എപ്പോഴും അധിക സന്തോഷം പകർന്നു നൽകിയതും.

കവിത

# ആത്മപ്രയാണം




**ആനന്ദ് കെ മനോജ്**
ഒന്നാം വർഷ നിയമ വിദ്യാർത്ഥി
ഗവ.ലോ കോളേജ് എറണാകുളം


എൻ അമ്മ തൻ മടിയിൽ മയങ്ങട്ടെ ഇനി ഞാൻ
നിൻ ഒപ്പമായ് നടന്നൊരാ വനവീഥികൾ തൻ നോവുകളോർക്കാതെ
വിരഹത്തിൻ കൊടും ചൂടിൽ നാം എരിഞ്ഞു തീർന്ന നിമിഷങ്ങൾ ഓർക്കാതെ
എന്നെയീ ഏകാന്തമാം മുനമ്പിലേക്കെറിഞ്ഞ വിധി തൻ ക്രൂരസ്മിതമോർക്കാതെ
എന്നെയറിയാതെ, ഞാൻ നിനക്കായ് കാത്തു വെച്ചൊരാ പ്രണയവുമറിയാതെ
നാരി തൻ ശുദ്ധിയിൽ തീർപ്പുകൽപ്പിച്ചോരാ നാട്ടുകൂട്ടത്തിൻ മുന്നിൽ വെച്ച്
എൻ മിഴികളോടായ് നീ മറച്ചു പിടിച്ച നിൻ മുഖവുമോർക്കാതെ
ഇന്നലെ തൻ നോവിലും കനവായ് കണ്ടൊരു പിതൃ പുത്ര സംഗമം
കണ്ടുകഴിഞ്ഞിനി മിഴികൾ പൂട്ടാൻ എന്നെ അനുവദിക്കൂ.

നിൻ യശ്ശസ്സ് ഉയർത്തി, മാലോകരാൽ ഏറ്റുപാടി, നാളെ തൻ  ചരിത്രത്തെ
പടവെട്ടി നേടും നിൻ പിൻഗാമികൾ ഇവർ എന്റെ മക്കൾ.
തീക്ഷ്ണ ബാല്യത്തിൻ കളരിയിൽ ചുവടുറപ്പിച്ചവർ
വല്മീക തപസ്സിന്റെ ആത്മ നിദ്രയിൽ നിന്നുണർന്നൊരു
ഋഷി വര്യൻ ജ്ഞാനമൂട്ടിയോർ.
അലിവിന്റെ പാഠങ്ങൾ ചൊല്ലിക്കൊടുത്തു ഞാൻ ഇവർക്കാവോളം
പിതാവിൻ സ്നേഹം പകർന്നു നൽകൂ നീ
ഇവർ പോവുന്ന വഴികളിൽ കൂട്ടു പോവൂ

നോവിന്റെ  പ്രേതങ്ങൾ വേട്ടയാടി ഒരു ശിലയായ് തളച്ചിട്ടൊരീ സീതയെ
പിൻ വഴികളിൽ ഒരു കോണിൽ മറന്നു പോവൂ
രാമാ തിരിഞ്ഞൊട്ടു  നോക്കാതെ നീ

പോയിടൂ.
നിന്നോടു ചേരുവാൻ ഏറെ കൊതിച്ചു തളർന്നൊരു
പ്രാണന്റെ വേദനകൾ അത്രയും മറന്നിടട്ടെ ഞാൻ
കണ്ണീർ പൊഴിക്കാതെ കണ്ഠം ഇടറാതെ ഓർമതൻ  കയ്യിൽ പിടഞ്ഞിടാതെ
ഒരുവേള ഈ ഭൂവിൽ വിശ്രമിക്കട്ടെ ഞാൻ അനിവാര്യമാം  നിദ്രയെ പുണർന്നിടട്ടെ.

നമുക്കു കാണാം തമ്മിൽ ഇനിയും നാം ഒന്നിച്ചിരുന്നു വാക്കുകൾ
കടം കൊണ്ടു തമ്മിൽ അറിഞ്ഞൊരാ സന്ധ്യപോൽ ഒരു സന്ധ്യയിൽ  വെച്ചോ
നിലാവിന്റെ പൂവുകൾ, നമുക്കായ് വിരിയുന്ന
നമുക്കായ് തിളങ്ങുന്ന ആർദ്രമാം ഒരു രാവിൽ വെച്ചോ
രഘു വംശ ശോഭയിൽ വിളങ്ങി നിൽക്കുമാ
സരയു നദിക്കരയിൽ വെച്ചോ
ഇലകളുടെ ഇടയിൽ തണൽമര ചോടുകളിൽ,
കുഞ്ഞികുടിലിലെ സ്വർഗ്ഗലോകങ്ങളിൽ
ജീവൻ ഉരുളും ഇതുപോലൊരു കാട്ടിൽ വെച്ചോ.
പ്രച്ഛന്നരായ്‌വരും വിധിയുടെ വേടരെ
അന്നു നമുക്കൊരുമിച്ചു നേരിടാം
നിൻ കയ്യിൽ എൻ കയ്യാൽ ഞാൻ ചേർത്തു പിടിക്കാം
മുന്നോട്ടു പാദങ്ങൾ ഒന്നിച്ചു വെക്കാം.
പാതിവൃത്യത്തിന്റെ പാഴ്നിഴലുകൾ തേടുന്ന
ആത്മബന്ധങ്ങൾ തൻ പരിശുദ്ധിയിൽ തീർപ്പുകൽപ്പിക്കുന്ന
അഗ്നിപരീക്ഷകൾ അന്നുമുണ്ടെങ്കിൽ നമ്മെ
നമ്മോടായ് കൊരുത്തിടും
ഒരു വിശ്വാസച്ചരടിന്റെ അറ്റം പിടിച്ചു മുന്നോട്ട് പോവാം
നഷ്ടപ്രണയത്തിൻ ജ്വാലാഗ്നി എരിയുമീ മിഴികളാൽ
ആ ആചാരപ്രമാണത്തെ തിരിഞ്ഞുനോക്കാം.



# ഞാനും ഹാംപോസ്റ്റ് നഗരവും...

**ഷിബു വി**
AEE, PWD, Maintenance
Sub Division, Wayanad



നമ്മുടെ ഈ കൊച്ചു കേരളത്തിന്റെ ഭൂപ്രകൃതിയിൽ പടിഞ്ഞാറുദിശയിൽ ഒഴുകി അറേബ്യൻ ഉൾക്കടലിൽ പ്രവേശിക്കുന്നതിനു വശംവതയാവാതെ കിഴക്കോട്ടു സഞ്ചരിച്ചു ബംഗാൾ ഉൾക്കടലിൽ അവസാനിക്കുന്ന കബനി നദി ശുദ്ധിയിലും വൃദ്ധിയിലും മുമ്പിലാണ്. നമ്മളിൽ ആരും അധികം ശ്രദ്ധിക്കാത്ത കബനി അണക്കെട്ട് (Beechinhally dam) വയനാട്ടിൽ ആകെ തിരക്കിയിട്ടും പഴയ തലമുറയ്ക്ക് പോലും കാര്യമായി അറിവില്ല. ഇവിടെ റോഡ് മാർഗ്ഗം എത്തണമെങ്കിൽ തലശ്ശേരി



ബാവലി റോഡിലൂടെ കേരള കർണാടക അതിർത്തി കടന്ന്, ബൈരക്കുപ്പ കഴിഞ്ഞു സംരക്ഷിത വന്യ ജീവി മേഖലയിലൂടെ ബാവലി മൈസൂർ കടന്നു പോകുന്ന ഹാംപോസ്റ്റ് എന്ന പട്ടണത്തിൽ എത്തണം. രാത്രി കാലങ്ങളിൽ ഈ വഴിയുള്ള യാത്രക്ക് കേന്ദ്ര ഫോറസ്റ്റ് വകുപ്പിന്റെ വിലക്കുണ്ട്. കാൽനട എനിക്ക് ഇഷ്ട വിനോദമാണ്. തികച്ചും വന്യമൃഗ മേഖല ആയതിനാൽ ഇവിടെ ഇതു സാധ്യവുമല്ല. റോഡിലൂടെയുള്ള വാഹനങ്ങൾ വളരെ കുറവാണ്. അസമയത്തുള്ള യാത്ര എന്തുകൊണ്ടും അപകടകരം. കേരള അതിർത്തി കടക്കുന്നതോടുകൂടി കാര്യങ്ങൾ മാറും. വന -വന്യ ജീവി സംരക്ഷണം, പ്രകൃതി പരിപാലനം, കൃഷി, ആദിവാസി ക്ഷേമം, വിനോദ മേഖല പരിചരണം എന്നിങ്ങനെ നേർകാഴ്ചയിലൂടെ തൊട്ടറിയുന്നവ അനുകരണീയം. ഇങ്ങനെയൊക്കെയാണെങ്കിലും റോഡിന്റെ കാര്യം അത്ര മികച്ചതായിരുന്നില്ല. കാർഷിക മേഖലയായത് കൊണ്ടാവാം ഇരുമ്പുനിർമിത ചക്രവാഹനങ്ങൾ, കാളവണ്ടി, കുതിരവണ്ടി, ട്രാക്ടർ, മറ്റു വാഹനങ്ങൾ

കുറച്ചു അധികമില്ലതാനും. ഭൂനിരപ്പ് വയനാടിന് തുല്ല്യമായതിനാലും ചെറിയ കുന്നുകളും തൊടികളും സാമ്യമായതിനാലും കാലാവസ്ഥയും മാറ്റമില്ല. നവംബർ മുതൽ ജനുവരി വരെ മൂന്നു മാസക്കാലം നല്ല തണുപ്പാണത്രെ. എങ്ങും കന്നുകാലികൾ! കൊമ്പിൽ കയറും ചുറ്റി മറ്റേയറ്റം മുൻകാലിൽ മടക്കികെട്ടി മേയാൻ വിട്ടിരിക്കുന്ന കന്നുകാലികൂട്ടം മലയാളികളായ നമുക്ക് അന്യമായ കാഴ്ചയാണ്. നാൽകാലികളും പ്രകൃതിയുമായുള്ള രസഗന്ധം അനിർവ്വചനീയം. നിത്യവൃത്തിക്കും നമ്മെ ഊട്ടാനും കൃഷി സ്ഥലങ്ങളിൽ പ്രായ, ലിംഗ ഭേദമന്യേ പണിയെടുക്കുന്ന നിർദ്ദോഷികൾക്ക് മുന്നിൽ ചൂടും കാറ്റും മഞ്ഞും ലജ്ജിച്ചു നിൽക്കുന്നതായി തോന്നും. ചെറുതായെങ്കിലും മലയാളികളായ കച്ചവടക്കാർ പഴം, പച്ചക്കറികൾ ശേഖരിക്കാൻ



> **കേരള അതിർത്തി കടക്കുന്നതോടുകൂടി കാര്യങ്ങൾ മാറും. വന -വന്യ ജീവി സംരക്ഷണം, പ്രകൃതി പരിപാലനം, കൃഷി, ആദിവാസി ക്ഷേമം, വിനോദ മേഖല പരിചരണം എന്നിങ്ങനെ നേർകാഴ്ചയിലൂടെ തൊട്ടറിയുന്നവ അനുകരണീയം.**



വാഹനങ്ങളിൽ എത്തുന്നുണ്ട്. നെല്ല്, ഗോതമ്പ്, പയർ, നേന്ത്രക്കായ, കോട്ടൺ, മറ്റു പച്ചക്കറികൾ എന്നിവയാണ് പ്രധാന കൃഷി. ഇപ്പോൾ മലയാളികൾ ഗൾഫ് പണവുമായി ഭൂമി പാട്ടത്തിന് എടുക്കാൻ എത്തുന്നുണ്ട്.

ഹാംപോസ്റ്റ് ഒരു ക്രോസ്റോഡ് (റോഡുകൾ ലംബത്തിൽ മുട്ടി കടന്നു പോകുന്നു) നഗരമാണ്. സ്ത്രീ വഴിയോരകച്ചവടക്കാർ മജന്ത, വെള്ള പൂവുകൾ ധാരാളം കോർത്തിണക്കികൊണ്ടു വിൽപ്പനയ്ക്കു വച്ചിട്ടുണ്ട്. പ്രായഭേദമന്യേ സ്ത്രീകൾ ഇവകൾ ചൂടികാണുന്നത് സർവ സാധാരണവും. പശുവും കാളയും അല്ലാത്ത ഒന്നിനെ പൂമാലചുറ്റിയും ചിലങ്കകെട്ടി ചേർത്ത് തെരുവിൽ ധർമം ചോദിക്കുന്ന ഒരു സ്ത്രിയെ കാണാൻ കഴിഞ്ഞു. കൂടുതൽ ചോദിച്ചറിയാൻ ശ്രമിച്ചപ്പോൾ ഇവിടെ ഇങ്ങനെയാണ് ഗുരൂ.. എന്നായി കന്നഡയിൽ. കാരണം അപരിചിതരോട് ഇവർ കൂടുതൽ പരിചയം കൂടാറില്ല.

ഹാംപോസ്റ്റിൽ നിന്നും 15 കിലോമീറ്റർ കൂടി സഞ്ചരിച്ചു വേണം ബീച്ചിനഹള്ളി അണക്കെട്ടിലെത്താൻ. 1974 ൽ ഏകദേശം ഒരു കിലോമീറ്റർ നീളത്തിൽ തികച്ചും മണ്ണുകൊണ്ട് നിർമിച്ച പൊക്കം കുറഞ്ഞ വിശാലമായ ജലാശയമാണ് (water basin). ഇവിടെ പുഴ മീനുകൾ യഥേഷ്ടം ലഭ്യമാണ്. പൂർണ്ണമായും കാർഷിക, കുടിവെള്ള ആവശ്യത്തിന് നിർമ്മിച്ച അണക്കെട്ട്. അധിക ജലം സദാ തുറന്നുവിട്ട് തമിഴ്മണ്ണിനും സമ്പൽസമൃദ്ധി നൽകുന്നു.

യഥേഷ്ടം തുറന്നു വിട്ട് നിറഞ്ഞു ഒഴുകുന്ന കബനിയും ചേർന്നൊഴുകാൻ കഴിയാത്ത മടിച്ചും കലഹിച്ചും വിതുമ്പി കടന്നു പോകുന്ന കനാലും കാണാൻ സഞ്ചാരികളുടെ തിരക്കില്ലെങ്കിലും ഭംഗിക്കു അശേഷം കുറവില്ല.



**വി.എം. ഷൈൻ**
ജനറൽ സെക്രട്ടറി

# പ്രവർത്തന വീഥിയിൽ കരുത്തോടെ

കഴിഞ്ഞ ചുരുങ്ങിയ നാളുകളിൽ നിരവധി വകുപ്പ്തല ചർച്ചകളിൽ പങ്കെടുക്കുകയും, ജീവനക്കാരുടെ ആവശ്യങ്ങളുമായി മുഖ്യമന്ത്രി മുതൽ വിവിധ വകുപ്പ് മേധാവികൾക്കും നമ്മുടെ സംഘടനയുടെ നേതൃത്വത്തിൽ നിവേദനങ്ങൾ സമർപ്പിച്ച് അതാത് കാലഘട്ടങ്ങളിൽ ജീവനക്കാരുടെ അവശ്യങ്ങൾ പൂർത്തികരിക്കുന്നതിന് വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ:

**10/5/23**

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ഹൗസ് സർജനെ കൊലപ്പെടുത്തിയതിനെതിരെ ശക്തമായി പ്രതിഷേധിച്ചു.ആരോഗ്യ മേഖലയിലെ ജീവനക്കാരുടെ സംരക്ഷണം ഉറപ്പ് വരുത്തി കർശന നിയമം പാസാക്കണമെന്ന് ആരോഗ്യ മന്ത്രിയോട് ആവശ്യപ്പെട്ടു.

**12/6/23**

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് സ്റ്റേറ്റ് സ്പെഷ്യൽ റൂൾസ് ' ഭേദഗതി നിർദ്ദേശങ്ങൾ നൽകി.ആയതിന്റെ അന്തിമ അംഗീകാരം വരുന്നത് വരെ നിലവിലെ റൂൾ പ്രകാരം ഉദ്യോഗക്കയറ്റം നൽകണമെന്നും ആവശ്യപ്പെട്ടു.

**1/7/23**

**കരിദിനം**

ക്ഷാമബത്ത കുടിശിക അനുവദിക്കാത്തതിനെതിരെ സംസ്ഥാന അടിസ്ഥാനത്തിൽ കരിദിനവും, പ്രതിഷേധ പ്രകടനങ്ങളും സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ചു.

**21/8/23**

ഓണം പ്രമാണിച്ച് മുൻകൂർ ശമ്പളം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് നിവേദനം നൽകി.

**3/10/23**

സർക്കാർ ജീവനക്കാരുടെ ചട്ടങ്ങളിൽ നിന്നും വ്യതിചലിക്കാതെ നടത്തുന്ന ആവിഷ്ക്കാര സ്വതന്ത്ര്യത്തിനെതിരെ നടപടിയെടുക്കുന്നതും, തുല്യനീതി നടപ്പാക്കാത്തതിനും എതിരെ ചരക്ക് സേവന കമ്മീഷ്ണർ, ടാക്സ് സെക്രട്ടറി, ചീഫ് സെക്രട്ടറി എന്നിവർക്ക് പരാതി നൽകി.

**7/10/23**

KSR V0L 1 App IV Div III പുനസ്ഥാപിച്ച് നഷ്ടപരിഹാര അവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിക്കും, ചീഫ് സെക്രട്ടറിക്കും നിവേദനം നൽകി.

**7/10/23**

നഷ്ടപരിഹാര അവധി അനുവദിക്കുന്നതുവരെ അവധി ദിവസങ്ങളിൽ പരീക്ഷയടക്കമുള്ള മറ്റ് ചുമതലകൾ ഒഴിവാക്കണമെന്ന് APJAKTU വൈസ് ചാൻസലറോട് ആവശ്യപ്പെട്ടു.

**12/10/23**

വിദ്യാഭ്യാസ മേഖലയിലെ ആശങ്കകൾ അകറ്റണമെന്നും ഏകീകരണം നടപ്പിലാക്കുന്നതിനു മുൻപ് സംഘടന പ്രതിനിധികളുമായി ചർച്ച ചെയ്ത് പ്രയോഗികമാണോയെന്ന് പഠിക്കണമെന്നാവശ്യപ്പെട്ട് വിദ്യാഭ്യാസ മന്ത്രിക്കും പൊതു വിദ്യാഭ്യാസ ഡയറക്ടർക്കും കത്ത് നൽകി.



**16/10/23**

കേരള കർഷക ക്ഷേമനിധി ബോർഡിൽ ചീഫ് എക്സി ക്യൂട്ടീവ് ഓഫീസറെ നിയമിക്കുന്നത് പ്രസ്തുത ബോർ ഡ് ചട്ടം 11 (5) പ്രകാരമായിരിക്കണമെന്നും അല്ലാത്ത നി യമനം റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് കൃഷിമന്ത്രിക്കും, ചീഫ് സെക്രട്ടറിക്കും കത്ത് നൽകി.

**31/10/23**

പഞ്ചായത്ത് സെക്രട്ടറിമാരെ അന്യായമായി സ്ഥലം മാറ്റിയതിന് എതിരെ ശക്തമായി പ്രതിഷേധിക്കുക യും അന്യായ സ്ഥലമാറ്റങ്ങൾ റദ്ദ് ചെയ്യണമെന്നാവ ശ്യപ്പെട്ട് പ്രിൻസിപ്പൾ ഡയറക്ടർക്ക് കത്ത് നൽകി.

**8/11/23**

ചരക്ക് സേവന നികുതി വകുപ്പിന്റെ കീഴിലെ പുതിയ ഓഫീസുകളുടെ ശോചനീയാവസ്ഥ പരിഹരിച്ചും, ഓഡിറ്റ് വിസിറ്റ് നടത്തുവാൻ ആവശ്യമായ വാഹന സൗകര്യങ്ങൾ അനുവദിക്കണമെന്നും, ആവശ്യമായ ജീവനക്കാരെ അനുവദിച്ച് കാര്യക്ഷമമാക്കണമെന്നും, ജീവനക്കാരുടെ സ്ഥലമാറ്റം സ്പാർക്ക് അധിഷ്ഠിത ഓൺലൈൻ സ്ഥലമാറ്റം നടപ്പാക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടറി, ടാക്സസ്, സ്പെഷൽ സെക്രട്ടറി ജി.എസ്ടി വകുപ്പ് എന്നിവർക്ക് നിവേദനം നൽകി.

**14/11/23**

പ്രിന്റിംങ്ങ് വകുപ്പിലെ ഉദ്യോഗക്കയറ്റം സംബന്ധിച്ച സ്പെഷൽ റൂൾ ചർച്ചയിൽ പങ്കെടുത്ത് സ്പെഷൽ റൂൾ ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിച്ചു.

**17/11/23**


തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലെ അഞ്ച് വകുപ്പുകളെ ഏകീകരിച്ച് തദ്ദേശ സ്വയംഭരണ പൊ തു സർവീസ് രൂപികരിച്ചപ്പോൾ എഞ്ചിനിയറിം ങ്ങ് വിഭാഗത്തിന്റെ കടുത്ത അശങ്ക പരിഹരിക്കുന്നതി നാവശ്യമായ നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർക്ക് സമർപ്പിച്ചു

**17/11/23**

സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി റെഗു ലേഷൻ 2013 പ്രകാരം സ്പഷ്യൽ റൂൾസിലെ പ്രയപ രിധി അമന്റ് ചെയ്യുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൾ സെക്രട്ട്റി ആയുഷ് വകുപ്പ് സമർപ്പിച്ചു.

**23/11/23**

ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ സാങ്കേ തിക വിഭാഗം തസ്തികകൾ സംബന്ധിച്ച പ്രത്യേ ക ചട്ടങ്ങളുടെ നിർദ്ദിഷ്ട ഭേദഗതി ചർച്ചയിൽ പങ്കെടുത്ത് വിശദമായ നിർദ്ദേശങ്ങൾ അഭ്യന്തര വകുപ്പ് അഡീ ഷ്ണൽ ചീഫ് സെക്രട്ടറിക്ക് നൽകി.




**4/12/23**

എഞ്ചിനിയറിംങ്ങ് കോളേജ് അധ്യാകർക്ക് ഭാഗിക മായി ലഭിച്ച ഏഴാം ശമ്പള പരിഷ്ക്കരണ കുടിശി ക തിരിച്ച് പിടിക്കുന്നത് സംബന്ധിച്ച ഉത്തര വ് റദ്ദ് ചെയ്ത് അർഹതയുള്ള കുടിശ്ശിക അനുവദി ക്കണമെന്ന് ആവശ്യപ്പെട്ട് വിദ്യാഭ്യാസ മന്ത്രിക്കും ചീഫ് സെക്രട്ടറിക്കും ഉന്നത വിദ്യാഭ്യാസ സെക്രട്ടറി ക്കും കത്ത് നൽകി

**16/12/23**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് എന്റെമോളജിസ്റ്റ്, ജില്ലാ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തി കകളുടെ വിശേഷാൽ ചട്ടം രൂപീകരിക്കുന്നതുമായ യോഗത്തിൽ പങ്കെടുത്ത് ആവശ്യമായ നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചു.

**18/12/23**

അരോഗ്യവകുപ്പിലെഅഡ്മിനിസ്ട്രേറ്റീവ്അസിസ്റ്റൻറ് തസ്തിക KAS ലേക്ക് മാറ്റുന്നത് ഒഴിവാക്കണമെന്നാവ ശ്യപ്പെട്ട് ആരോഗ്യവകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടർക്കും കത്ത് നൽകി.

## THIRUVANANTHAPURAM



സെക്രട്ടറിയേറ്റ് ധർണ്ണ



തിരുവനന്തപുരം ജില്ലാ സമ്മേളനം - ഉദ്ഘാടന സദസ്




തിരുവനന്തപുരം ജില്ലാ ഭാരവാഹികൾ സംസ്ഥാന നേതാക്കൾക്കൊപ്പം



തിരുവനന്തപുരം ജില്ലാ സമ്മേളനം മുൻ എം.എൽ.എ. പി. ശബരീനാഥൻ ഉദ്ഘാടനം ചെയ്യുന്നു.

## KOLLAM





ജില്ലാ സമ്മേളനം

## PATHANAMTHITTA




38-ാം പത്തനംതിട്ട ജില്ലാ സമ്മേളനം ഡിസിസി പ്രസിഡന്റ് പ്രൊഫ. സതീഷ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു.



പുതിയ ജില്ലാ ഭാരവാഹികൾ സംസ്ഥാന ഭാരവാഹികളോടൊപ്പം

## IDUKKI




ജില്ലാ സമ്മേളനം

## KOTTAYAM





ജില്ലാ സമ്മേളനം

## ALAPPUZHA




ജില്ലാ സമ്മേളനം

## ERANAKULAM





ജില്ലാ സമ്മേളനം

## THRISSUR





ജില്ലാ സമ്മേളനം

## PALAKKAD






ജില്ലാ സമ്മേളനം

## MALAPPURAM



ജില്ലാ സമ്മേളനം



പ്രതിഷേധ ധർണ്ണ

## KOZHIKODE



ജില്ലാ സമ്മേളനം



ഇന്ദിരാഗാന്ധി അനുസ്മരണം

## WAYANAD





ജില്ലാ സമ്മേളനം

## KANNUR





ജില്ലാ സമ്മേളനം



വഞ്ചനാദിനം



ജില്ലാ സമ്മേളനം

## KASARAGOD





ജില്ലാ സമ്മേളനം

# കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (എ. ആർ. 13) വകുപ്പ്

## സർക്കുലർ

നമ്പർ 7115/എ. ആർ.13(2)/12/ഉ.ഭ.പ.വ. *തിരുവനന്തപുരം, 2013 ഫെബ്രുവരി 22.*

*വിഷയം:*—പെൻഷനേഴ്സിന് ഫോട്ടോ ഐഡന്റിറ്റി കാർഡ് നൽകുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

പെൻഷൻ പറ്റിയ സർക്കാർ ജീവനക്കാർ വിവിധ ആവശ്യങ്ങൾക്കായി സർക്കാർ ഓഫീസുകളിലേക്ക് എത്തുമ്പോൾ ഐഡന്റിറ്റി തെളിയിക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുന്ന സാഹചര്യത്തിൽ ഓഫീസ് സമുച്ചയത്തിൽ പ്രവേശിക്കുന്നതിനോ ബന്ധപ്പെട്ട ഓഫീസർമാരെ കാണുന്നതിനോ പ്രയാസം നേരിടുന്നു. ആയതിനാൽ സർക്കാർ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു :

1. സർക്കാർ ജീവനക്കാർ പെൻഷൻ പറ്റുന്ന സന്ദർഭത്തിൽ പെൻഷൻ പേപ്പറുകളോടൊപ്പം ഐഡന്റിറ്റി കാർഡിനാവശ്യമായ രേഖകൾകൂടി നൽകേണ്ടതാണ്.
2. അതാത് വകുപ്പ് തലവൻമാർ/സെക്രട്ടറിമാർ തന്നെ ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് നൽകുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

*ഐഡന്റിറ്റി കാർഡിന്റെ മാതൃക മറുപുറത്ത് കൊടുത്തിരിക്കുന്നു.*

ആർ. ശ്രീകലാദേവി,

*അഡീഷണൽ സെക്രട്ടറി.*

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
എല്ലാ വകുപ്പു മേധാവികൾക്കും/മുഴുവൻ സ്വയംഭരണ സ്ഥാപനങ്ങൾക്കും യൂണിവേഴ്സിറ്റി മേധാവികൾക്കും.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം
(അച്ചടി, ദൃശ്യമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്).

GCPT. 3/1133/2013/DTP.

GOVERNMENT OF KERALA

**PENSIONER'S IDENTITY CARD**

Card No. :

Photo

1. Full Name :
2. Residential Address :

Date :

Office Seal


*Signature*
*Head of the Department.*

3. Date of Birth :
4. Date of Retirement :
5. Designation at the time of retiremment :
6. Department in which worked last :
7. Voter's ID Card No. :

*Signature of Incumbent.*

കെജിഒയു KGOU


# സമർപ്പിത സേവനത്തിനു ശേഷം സർവ്വിസിൽ നിന്നും വിരമിച്ച കെ ജി ഒ യു വിന്റെ കരുത്തരായ തേരാളികൾക്ക് ആശംസകൾ



**ശ്രീ. എ അബ്ദുൾ ഹാരിസ്**
സംസ്ഥാന പ്രസിഡന്റ്



**എസ് അനിൽകുമാർ**
സംസ്ഥാന വൈസ് പ്രസിഡന്റ്



**ശ്രീ. എം.ആർ ഗിരീഷ്**
സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം



**ശ്രീ എൻ കെ അനിൽകുമാർ**
ജില്ലാ പ്രസിഡണ്ട്, കോഴിക്കോട്



**ശ്രീ. ടി.പി. ബൈജു**
സംസ്ഥാന സെക്രട്ടറിയേറ്റ് ക്ഷണിതാവ്



**ശ്രീ. ബിന്ദുമോൻ പി.പി.**
സംസ്ഥാന സെക്രട്ടറിയേറ്റ് ക്ഷണിതാവ്



**ശ്രീ. കെ. മനോമോഹൻ**
സംസ്ഥാന കമ്മിറ്റി അംഗം



**ശ്രീ പത്മകുമാർ എസ്**
സംസ്ഥാന കമ്മിറ്റി അംഗം



**ശ്രീ. ടി. ഹരിദാസൻ**
സംസ്ഥാന കമ്മിറ്റി അംഗം

- 6 ഗഡു (18%) ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുക
- ലീവ് സറണ്ടർ പുനഃസ്ഥാപിക്കുക
- 2019ലെ ശമ്പള പരിഷ്ക്കരണ കുടിശ്ശിക അനുവദിക്കുക
- പങ്കാളിത്ത പെൻഷൻ പിൻവലിക്കുക
- മെഡിസെപ്പിലെ അപാകതകൾ പരിഹരിക്കുക
- AICTE / UGC ജീവനക്കാർക്ക് 29% ക്ഷാമബത്ത അനുവദിക്കുക
- AICTE / UGC ശമ്പള പരിഷ്ക്കരണ കുടിശ്ശിക അനുവദിക്കുക.
- വിലക്കയറ്റം തടയുക.

2024
ജനുവരി
**24**

## സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും

# പണിമുടക്കുന്നു

പങ്കെടുക്കുക...
വിജയിപ്പിക്കുക...

For Free Circulation only









ജനനായകന് കേരള ഗസറ്റഡ്
ഓഫീസേഴ്സ് യൂണിയന്റെ പ്രണാമം...

KERALA GAZETTED OFFICERS UNION (KGOU)
KGOU Bhavan, Thiruvananthapuram
Email: kgoubulletin@gmail.com